## നിയമനിർമ്മാണം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ഇന്ന് സഭ മുമ്പാകെ വരികയാണ്. ഈ ബിൽ സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റിലെ റിസർച്ച് വിഭാഗം തയ്യാറാക്കിയ ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വളരെ നേരത്തെതന്നെ എത്തിച്ചിട്ടുണ്ടായിരുന്നു. ഇതിനുമുമ്പ്, 1994-ൽ University Laws Bill -നാണ് ഇത്തരത്തിലൊരു ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽ തയ്യാറാക്കി അംഗങ്ങൾക്ക് നല്കിയിരുന്നത്. അംഗങ്ങൾക്ക് നല്കിയിട്ടുള്ള ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽ സഭയിൽ നടക്കുന്ന ചർച്ചയ്ക്ക് സഹായകമാകുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ഭാവിയിലും പ്രധാനപ്പെട്ട ബില്ലുകൾക്ക് ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽ തയ്യാറാക്കി അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന കാര്യത്തിൽ നിയസഭാ സെക്രട്ടേറിയറ്റ് ശ്രദ്ധിക്കുന്നതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങേയ്ക്ക് 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ അവതരിപ്പിക്കാവുന്നതാണ്.

## 2012- ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 2012- ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പാലോട് രവി: സർ, 2012-ലെ സേവനാവകാശ നിയമം ഇംഗ്ലീഷിൽ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ഭേദഗതി നിയമങ്ങളൊഴികെയുള്ള എല്ലാ പുതിയ നിയമങ്ങളും നിയമസഭയിൽ അവതരിപ്പിക്കുന്നത് മാതൃഭാഷയിലായിരിക്കണമെന്ന് ചട്ടം 69 (2) അനുസരിച്ച് റൂളിംഗ് ഉണ്ടായിട്ടുള്ളതാണ്. ***** ******* ******[1] മുൻകാലങ്ങളിൽ കേന്ദ്രാനുമതിയ്ക്കയച്ച നിയമങ്ങൾ മലയാളത്തിൽ പാസ്സാക്കി അതിന്റെ പരിഭാഷ കേന്ദ്രാനുമതിക്ക് അയച്ച കീഴ്വഴക്കം സഭ മുമ്പാകെയുണ്ട്. സാധാരണക്കാർ ഏറ്റവുമധികം സർക്കാർ ഭരണസംവിധാനങ്ങളെ സമീപിക്കേണ്ടിവരുന്ന, ജനനസർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ടുൾപ്പെടെയുള്ളവയുടെ പകർപ്പ് നൽകുന്ന, സാധാരണക്കാരെ ബാധിക്കുന്ന സേവനങ്ങളുമായി ബന്ധപ്പെട്ട നിയമം എന്ന നിലയിൽ ഈ ബിൽ മലയാളത്തിൽ അവതരിപ്പിച്ച്

---

[1] ബഹു.സഭാദ്ധ്യക്ഷൻെറ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

അതിന്റെ പരിഭാഷ കേന്ദ്രാനുമതിക്ക് അയയ്ക്കുക എന്നതായിരുന്നു അനുവർത്തിക്കേണ്ടിയിരുന്നത്. ഭരണരംഗത്ത് സുതാര്യത കൊണ്ടുവരുന്നതിനും നികുതിദായകനായ പൗരന് സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് സേവനങ്ങൾ അർഹതയ്ക്ക് വിധേയമായി പ്രഖ്യാപിക്കപ്പെട്ട സമയപരിധിയ്ക്കുള്ളിൽ നല്കുന്നതിനും ഉദ്യോഗസ്ഥരെ വ്യക്തിപരമായി ബാദ്ധ്യതപ്പെടുത്തുന്ന നിയമം മാതൃഭാഷയിൽ അവതരിപ്പിക്കപ്പെടാതിരുന്നത് ഒരു വീഴ്ചയാണ്. ഇനിമേലിൽ ഇങ്ങനെ ഒരു വീഴ്ച ഉണ്ടാകരുതെന്നാണ് ബഹുമാന്യരായ സഭാദ്ധ്യക്ഷനോടും മുഖ്യമന്ത്രിയോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്;

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പാലോട് രവി പറഞ്ഞ വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. യാതൊരു എതിർപ്പും ഇല്ല. പക്ഷേ സേവനാവകാശ നിയമം വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിലെ ജനങ്ങൾ ഏറെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്നതാണിത്. അതുകൊണ്ട് ഈ സഭാസമ്മേളനത്തിൽത്തന്നെ പാസ്സാക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടായിരുന്നു. ഈ ബിൽ ആദ്യം തയ്യാറായി വന്നത് ഇംഗ്ലീഷിൽ ആയിരുന്നു. അത് മലയാളത്തിലാക്കി സർക്കുലേറ്റ് ചെയ്ത് അജണ്ടയിൽ ഉൾപ്പെടുത്തി വരുമ്പോൾ താമസിക്കും. നാളെ സഭാസമ്മേളനം തീരുകയാണ്. അതുകൊണ്ട്, ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇംഗ്ലീഷിൽ എടുക്കേണ്ടി വന്നത്. ഈ നിയമം ഈ സഭയിൽത്തന്നെ പാസ്സാക്കണം എന്നുള്ള ആഗ്രഹത്തിന്റേപേരിലാണ്. മലയാള വെർഷനും ഇപ്പോൾ കൊടുത്തുകഴിഞ്ഞു. പക്ഷേ ഇത് സർക്കുലേറ്റ് ചെയ്യാതെ അജണ്ടയിൽ കൊള്ളിക്കാൻ കഴിയില്ല. അതുകൊണ്ടുമാത്രം ചെയ്ത കാര്യമാണ്. ശ്രീ. പാലോട് രവി 69(2) ഇവിടെ പറഞ്ഞു. അതിനുശേഷം 69(3) എന്നൊരു ക്ലാസ് ഉണ്ട്. സബ് ക്ലാസ് (3) അതിൽ സഭാദ്ധ്യക്ഷന്റെ അനുമതിയോടുകൂടി ഇംഗ്ലീഷിൽ അവതരിപ്പിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. അങ്ങേയ്ക്കത് എഴുതിത്തന്നു. അങ്ങ് അനുവദിച്ചു.

ഇംഗ്ലീഷിൽത്തന്നെ വേണമെന്നുള്ള പിടിവാശി ഉണ്ടായിട്ടില്ല. സഭ 25-07-2012-ന് പിരിയുന്നതിനുമുമ്പ് ഇത് പാസ്സാക്കണമെന്ന കാര്യത്തിൽ മാത്രമേ പിടിവാശി ഉണ്ടായിരുന്നുള്ളൂ. അത് പാസ്സാക്കുന്നതിന് മലയാള ത്തിൽ തർജ്ജിമ ചെയ്ത് അംഗീകാരം തേടി വരുമ്പോഴുണ്ടാകുന്ന കാല താമസം ഒഴിവാക്കാൻവേണ്ടി മാത്രം, ഇത്തരമൊരു പ്രത്യേക സാഹചര്യ ത്തിൽ ചെയ്തതാണ് എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സബ്ജക്ട് കമ്മിറ്റിയുടെ പരിഗ ണനയ്ക്ക് വരുന്നത് മലയാളത്തിൽ ആയിരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ ബില്ലിന്റെ മലയാളം വെർഷൻ സർക്കുലേറ്റ് ചെയ്തുകഴിഞ്ഞു. എല്ലാ മെമ്പർമാരുടേയും കയ്യിൽ മല യാളം വെർഷൻ ഉണ്ട്. അതിലൊന്നും ഒരു വീഴ്ചയും വന്നിട്ടില്ല. ആകെ ക്കൂടി വീഴ്ച വന്നത് നമ്മുടെ ബിസിനസ് അഡ്വൈസറി യോഗത്തിൽ ഇത് ചർച്ച ചെയ്യുന്ന സമയത്ത് ഇംഗ്ലീഷ് വെർഷൻ മാത്രമേ തയ്യാറായിരുന്നു ള്ളൂ. അങ്ങനെ വന്നതാണ്. അതുകൊണ്ട് ഈയൊരു സാഹചര്യം ശ്രീ. പാലോട് രവിയും സഭയും മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ചട്ടം 69 (3) അദ്ദേഹം പറഞ്ഞതുപോലെ, ഒരു ബിൽ മലയാള ഭാഷയിൽ അവ തരിപ്പിക്കാൻ കഴിയാത്തപക്ഷം അതിനുള്ള കാരണങ്ങൾ പ്രസ്താവിച്ചു കൊണ്ട് ബിൽ ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കുന്നതിന് ചെയറിനുമു ന്നിൽ അനുമതി തേടാവുന്നതാണ്. ഈ ബിൽ ഇംഗ്ലീഷിൽ അവതരിപ്പിക്കു ന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയറിന്റെ അനുമതി തേടുകയും ചെയർ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. അതിനുള്ള സാഹചര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതാണ്. വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ്. അതുകൊണ്ട് ശ്രീ. പാലോട് രവി പറഞ്ഞ കാര്യം അതേ

Uncorrected / Not for Publication

സ്പിരിറ്റിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയും സ്വീകരിക്കുന്നു. അല്ലാതെ ഒരു വീഴ്ചയുടെ ഭാഗമായി വന്നതല്ല.

മുഖ്യമന്ത്രി : സർ, വളരെ പ്രധാനപ്പെട്ട നിയങ്ങൾ പാസ്സാക്കിയിട്ടുള്ള സഭയാണിത്. അതിലേറെ പ്രാധാന്യമുള്ള ഒരു നിയമമാണ് സഭ പാസ്സാക്കിത്തരണമെന്ന്, ആദ്യം സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് അത് തിരിച്ചുവരത്തക്കവിധത്തിൽ എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം അവതരിപ്പിക്കുന്നത്. ഇക്കാര്യത്തിൽ അങ്ങയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ നിയമത്തിന്റെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഇതിന്റെ ഒരു ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽ തയ്യാറാക്കി എല്ലാ അംഗങ്ങൾക്കും, ഈ ബിൽ സർക്കുലേറ്റ് ചെയ്യുന്ന സമയത്തുതന്നെ ലഭ്യമാക്കി എന്നുള്ള കാര്യത്തിൽ ഞാൻ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. അതിനുവേണ്ടി നല്ല രീതിയിൽ പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിന്റെ കാര്യവും പ്രത്യേകം എടുത്തുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഗവൺമെന്റിൽനിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം ഒരു ഔദാര്യമായിട്ടാണ് പലരും കാണുന്നത്. അത് ജനങ്ങളുടെ അവകാശമാണ്. ജനങ്ങളുടെ അവകാശമാണെന്ന് പറഞ്ഞാൽപോര, ജനങ്ങളുടെ അവകാശമാക്കി മാറ്റണം. അത് അവകാശമാണെന്ന് തിരിച്ചറിയാൻ കഴിയാത്തവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും വേണം. അധികാരത്തിലിരിക്കുന്ന ഗവൺമെന്റുകളോട്, അധികാരം കൈകാര്യം ചെയ്യുന്ന ഗവൺമെന്റുദ്യോഗസ്ഥരോട് ജനങ്ങൾക്ക് അടുപ്പമല്ല, അകലം കൂടുകയാണ്. എന്താണ് കാരണം? അധികാരമുള്ളവർ ജനങ്ങളക്കുവേണ്ടി, നാടിനുവേണ്ടി എല്ലാ കാര്യവും ചെയ്യാൻ അവകാശമുള്ളവർ, അവസരമുള്ളവർ, പക്ഷേ ജനങ്ങൾ അവരിൽനിന്ന് അകലുന്ന ചിത്രമാണ് കാണാൻ കഴിയുന്നത്. മുഖ്യമായ കാരണം ജനങ്ങൾ ആഗ്രഹിക്കുന്ന സേവനം ജനങ്ങൾക്ക് കിട്ടിയേ മതിയാകൂ; ആ സേവനം സമയത്ത് കാര്യക്ഷമമായി ലഭി

ക്കുന്നില്ല. അതിന് അവർ ചെലവഴിക്കേണ്ട സമയം വളരെ വലുതാണ്. പഴയതുപോലെ ഒരു കാര്യത്തിനുവേണ്ടി ഒരു ദിവസം മുഴുവൻ കാത്തുകെട്ടികിടക്കാൻ തയ്യാറല്ല. ദിവസങ്ങളോളം പോകാനും തയ്യാറല്ല. അതിനുവേണ്ടി ഒരാളെ നിയോഗിക്കാൻ ഒരു കുടുംബത്തിനും സാധിക്കുന്നില്ല. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം അവർക്ക് ലഭ്യമാകണം. ജനാധിപത്യവ്യവസ്ഥിതിയിൽ ജനങ്ങൾക്കുള്ള വിശ്വാസം കാത്ത് സൂക്ഷിക്കാൻ ഇത് ആവശ്യമാണ്. ഇത് എനിക്ക് വേണ്ടിയുള്ള ഒരു സംവിധാനമല്ല എനിക്കുള്ള അവസരങ്ങൾ നിഷേധിക്കാനുള്ള ഒരു സംവിധാനമാണെന്ന് ഒരാൾക്ക് തോന്നിയാൽ എങ്ങനെ അത് ജനാധിപത്യത്തിന് കരുത്താകും? ജനാധിപത്യമെന്ന് പറയുന്നത് എല്ലാപേർക്കുമുള്ളതാണ്. അല്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന, അധികാരത്തിലിരിക്കുന്ന കുറച്ച് മന്ത്രിമാരുടേയോ, ജനപ്രതിനിധികളുടേയോ, കുറേ ഉദ്യോഗസ്ഥന്മാരുടേയോ മാത്രമല്ല. ജനാധിപത്യത്തിന്റെ സ്വാദ് അനുഭവിക്കാൻ അവസരമുണ്ടാകണമെങ്കിൽ അത് ജനങ്ങൾക്കും കൂടി പങ്കാളിത്തമുണ്ടാകണം. ഈ ഗവൺമെന്റ് എനിക്ക് വേണ്ടിയാണ് എന്നൊരു ധാരണയുണ്ടാകണം. അതിന് ഏറ്റവും ആവശ്യമായിട്ടുള്ളത് ജനങ്ങൾ ആഗ്രഹിക്കുന്ന, ജനങ്ങൾക്ക് ലഭിക്കുന്ന സേവനം യഥാസമയം കാര്യക്ഷമതയോടെ എത്തിച്ചുകൊടുക്കുകയെന്നുള്ളതാണ്. 12 സംസ്ഥാനങ്ങളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. മദ്ധ്യപ്രദേശ് ഉൾപ്പെടെ ചുരുക്കം ചില സംസ്ഥാനങ്ങളിലാണ് അതിന്റെ പ്രവർത്തനങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ബാക്കിയുള്ള സംസ്ഥാനങ്ങളിൽ ബിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് പല സ്റ്റേജുകളിലായിട്ടാണ്. നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെ കാര്യങ്ങളും പരിശോധിച്ചിട്ടുണ്ട്. ഈ നിയമത്തിൽ ഓരോ ഡിപ്പാർട്ടുമെന്റും ഏതൊക്കെ സേവനങ്ങൾ, ഏതെല്ലാം വിധത്തിൽ, എപ്പോൾ, എത്ര സമയത്തിനുള്ളിൽ എന്നൊക്കെയുള്ളത് നോട്ടിഫിക്കേഷനിലാണ് വരുന്നത്. ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാലുടൻ അവരെക്കൂടെ വിശ്വാസത്തിലെടുത്തുകൊണ്ട്, അവരുടേയും സഹകരണം തേടികൊണ്ട് എല്ലാ സർവ്വീസ്

സംഘടനകളുമായി സംസാരിക്കുന്നതാണ്. ഇത് അടിച്ചേൽപ്പിക്കാനല്ല; മറിച്ച് സ്വയം ഉൾക്കൊണ്ടുകൊണ്ട് മന്ത്രിമാർക്കാണെങ്കിലും ജനപ്രതിനിധി കൾക്കാണെങ്കിലും ഉദ്യോഗസ്ഥർക്കാണെങ്കിലും എന്റെയും കൂടെ കടമയാ ണെന്ന ബോദ്ധ്യത്തോടുകൂടി, ഈ അവകാശം ജനങ്ങളുടെ കയ്യിലെത്തി ക്കുക. അത് അടിച്ചേൽപ്പിക്കലല്ല, മറിച്ച് സ്വയം ഉൾക്കൊണ്ടുകൊണ്ട് ഈ സേവനം കൊടുക്കാൻ ബാദ്ധ്യസ്ഥരാണെന്ന് ബോദ്ധ്യപ്പെട്ട് കൊടു ക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ഇത് വളരെ നിസ്സാര മായ കാര്യമാണ്. ഇപ്പോൾ ഒരു ജനന-മരണ സർട്ടിഫിക്കറ്റ് രണ്ടും മൂന്നും കൊല്ലമായിട്ടും കിട്ടാത്ത കാര്യം ജനപ്രതിനിധികളായ നമുക്കൊക്കെ അറി യാവുന്ന കാര്യമാണ്. ചിലപ്പോൾ അപേക്ഷകന്റെ ഭാഗത്തുവന്നൊരു വീഴ്ചയായിരിക്കാം, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി രിക്കാം, ഓഫീസ് റിക്കോർഡുകളിൽ വന്നിട്ടുള്ള തെറ്റായ എഴുത്തുകളായി രിക്കാം. അതിനൊരു പരിഹാരമുണ്ടായേ മതിയാകൂ. ജനങ്ങൾക്ക് വളരെ യേറെ ബുദ്ധിമുട്ടുള്ള സാഹചര്യമാണുണ്ടാകുന്നത്. അതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമമാണ് സേവനാവകാശ ബിൽ. സഭയുടെ എല്ലാ ഭാഗത്തുനിന്നും ബില്ലിന്റെ പുന്തുണയും സഹകരണവും കിട്ടുമെന്ന് എ നിക്ക് പൂർണ്ണ ഉറപ്പുണ്ട്. ബിസിനസ്സ് അഡ്വൈസറി മീറ്റിംഗിൽ ഈ നിർദ്ദേശം വച്ചപ്പോൾ എല്ലാപേരും അംഗീകരിച്ചതും; ഇത് അവതരിപ്പി ക്കാനും പാസ്സാക്കാനുള്ള തീരുമാനമുണ്ടായതും അതുകൊണ്ടാണ്. അതിന് പ്രത്യേകമായ നന്ദിയുണ്ട്. ഈ ബിൽ ഏറ്റവും വേഗത്തിൽ പാസ്സാക്കണം. അതോടൊപ്പം ഈ ബില്ലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് തുടർന്നുള്ള കാര്യങ്ങളിലും സഹകരണത്തോടെ മുന്നോട്ടു പോകണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇവിടത്തെ ജീവനക്കാരുടെ ഭാഗത്തുനിന്നുമുള്ള സഹകര ണമാണ്. ആ സഹകരണം ഉണ്ടാകുമെന്ന് എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. അവരുടെ സഹായവും അഭ്യർത്ഥിക്കാൻ ഈ അവസരം വിനിയോഗിക്കുക യാണ്. കാരണം ജനപ്രതിനിധികളും സിവിൽ സർവ്വീസിലെ അംഗ ങ്ങളുമെല്ലാം ജനങ്ങൾക്ക് സേവനം എത്തിച്ചുകൊടുക്കാൻ വേണ്ടിയാണ്.

ആ കാര്യത്തിൽ അർപ്പണബോധത്തോടെ, കാര്യക്ഷമതയോടെ, കൃത്യനിഷ്ഠയോടെ സമയബന്ധിതമായി പ്രവർത്തിക്കുന്നതിന് ഒരു അടുക്കും ചിട്ടയുമുണ്ടാക്കുക എന്നതുമാത്രമാണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്. അതിന് ഒരു വ്യക്തമായ വ്യവസ്ഥിതി വേണം. ആ ചട്ടക്കൂട്ടിൽ നിന്ന് പുറത്തേയ്ക്കാരും ചാടിപോകാത്ത വിധത്തിൽ ജനങ്ങൾക്ക് ചെയ്യേണ്ട കാര്യങ്ങൾ സമയബന്ധിതമായി നടത്തുന്നതിനുവേണ്ടിയുള്ള ശ്രമത്തിന് എല്ലാപേരുടേയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: സർ, രണ്ട് ബിൽ ചർച്ച കഴിഞ്ഞ് സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കേണ്ടതുണ്ട്. ഇതും വളരെ പ്രധാനപ്പെട്ടതാണ്. ശ്രീ. ടി. എ. അഹ്മദ് കബീർ, ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. പി. തിലോത്തമൻ, ശ്രീ. ബെന്നി ബെഹനാൻ, ശ്രീ. എ. എം. ആരിഫ്, ഡോ. എൻ. ജയരാജ് ഇത്രയും പേർ ഭേദഗതിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, പ്രതിപക്ഷ നേതാക്കന്മാർ സംസാരിച്ചു. ഈ ബില്ലിൽ ആറുപേരാണ് ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ളത്. അതിൽ എല്ലാ പാർട്ടിയും വരുന്നുണ്ട്. അടുത്ത ബിൽ പ്രതിപക്ഷവും ഭരണ കക്ഷിവും എഗ്രി ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: വേണമെങ്കിൽ ബി.എ.സി. -യിൽ ഫിക്സ് ആകാമായിരുന്നു. ഇവിടെ ഇപ്പോൾ എല്ലാപേരും വരുന്നുണ്ട്. ശ്രീ. ടി. എ. അഹ്മദ് കബീർ, അങ്ങേയ്ക്ക് പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. ടി. എ. അഹ്മദ് കബീർ: സർ, 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09 -2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളീയ ജീവിതത്തിൽ വളരെ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന ഒരു നിയമനിർമ്മാണത്തിന്റെ ദിവസമാണ് ഇന്ന്. ഇങ്ങനെയൊരു നിയമ നിർമ്മാണം നടക്കുമ്പോൾ അതിനൊരു ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽസ് ലഭ്യമായത് വളരെ ശ്ലാഘനീയമായൊരു കാര്യമാണ്. അതുംകൂടി എടുത്തുപറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചാൽ, കേരളത്തിലെ ജനങ്ങൾ ഇങ്ങനെയൊരു നിയമനിർമ്മാണം പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഒരു കാര്യം ഇവിടെ പറയേണ്ടതുണ്ട്. കേരളത്തിന്റെ പാരമ്പര്യമനുസരിച്ച് ഈ നിയമനിർമ്മാണത്തിന് കാലതാമസം വന്നിട്ടുണ്ട്. 2010-ൽ മദ്ധ്യപ്രദേശിൽ ഇതിന്റെ നിയമനിർമ്മാണം നടന്നു. രണ്ടുകൊല്ലം വൈകിയത് കേരളത്തിന്റെ ശൈലിയനുസരിച്ച് നിർഭാഗ്യകരമാണ്. ദേശീയ ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ശ്രദ്ധിച്ചിരുന്നു. 1991-ലാണ് ബ്രിട്ടീഷ് ഗവൺമെന്റ്, അന്നത്തെ പ്രധാനമന്ത്രി ജോൺ മേജർ, ഇങ്ങനെയൊരു സിറ്റിസൺ ചാർട്ട് എന്ന രീതിലൊരു നിയമനിർമ്മാണം കൊണ്ടുവന്നപ്പോൾ അത് ലോകത്ത് ശ്രദ്ധിക്കപ്പെട്ടു. യൂറോപ്പിൽ വേഗം നിയമനിർമ്മാണമുണ്ടായി. മഹാത്തീർ മുഹമ്മദ് മലേഷ്യയിൽ പ്രധാനമന്ത്രിയായിരുന്ന കാലത്ത് 1991-ലാണ് ബ്രിട്ടണിൽ ഈ നിയമം വന്നതെങ്കിൽ 1993-ൽ മലേഷ്യയിൽ ഈ നിയമം വന്നു. അന്നവർ ഉപയോഗിച്ച ഒരു വാക്കുണ്ട്. ‘A return commitment to the people with a specified standard of service’ എന്നു പറഞ്ഞുകൊണ്ട് 1993-ൽ മലേഷ്യയിൽ ഈ നിയമം നടപ്പിലാക്കിയത്.. 1996-ൽ ചീഫ് സെക്രട്ടറിമാരുടെ യോഗം ഡൽഹിയിൽ കൂടിയിരുന്നു. 1997-ൽ പ്രധാന

മന്ത്രി ഇന്ത്യയിലെ എല്ലാ മുഖ്യമന്ത്രിമാരെയും വിളിച്ചുകൂട്ടി. ഈ നിയമം നടപ്പിലാക്കാൻ തീരുമാനമെടുത്തു. ഇവിടെ വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. 1994-ലെ പഞ്ചായത്തിരാജ് നിയമം, നഗരപാലികാ നിയമം, 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2002-ലെ ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട്, 2005-ലെ റൈറ്റ് ടു ഇൻഫർമേഷൻ ആക്ട്, ഇപ്പോൾ നിയമമാകാൻ പോകുന്ന ഇലക്ട്രോണിക്സ് സർവീസ് ഡെലിവറി നിയമമടക്കം ഈ രംഗത്ത് നമ്മുടെ രാജ്യം വളരെ മാതൃകാപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ കേരളത്തിൽ ഇങ്ങനെയൊരു വീഴ്ച വന്നത് ശ്രദ്ധിക്കേണ്ടകാര്യമാണെന്നാണ് എന്റെ അഭിപ്രായം. എന്നെ വേദനിപ്പിച്ചൊരു കാര്യമുണ്ട്. 2002-ലെ ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട് നിലവിൽ വരുന്നതിനുമുമ്പ് 1990-കളുടെ അവസാനത്തിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും സമാനമായ നിയമനിർമ്മാണങ്ങൾ നടന്നുവെങ്കിലും നമ്മുടെ സംസ്ഥാനത്ത് അങ്ങനെയൊന്നുണ്ടായില്ല. 2005 -ലെ വിവരാവകാശ നിയമം കേന്ദ്രഗവൺമെന്റ് പാസ്സാക്കിയതിന്റെ സദ്ഫലങ്ങൾ അനുഭവിക്കാനെ നമുക്ക് ഭാഗ്യമുണ്ടായുള്ളൂ. 2 വർഷത്തെ കാലതാമസമാണെങ്കിൽപ്പോലും ഈ കാലതാമസം വളരെ നിർഭാഗ്യകരമാണെന്ന് ആവർത്തിച്ചു പറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഇത്രയും സമയം കിട്ടിയ സ്ഥിതിക്ക് ഒരു ലെജിസ്ലേറ്റീവ് ഇംപാക്ട് അസ്സസ്മെന്റ് നടത്താൻ നമുക്ക് സമയമുണ്ടായിരുന്നു അത് വേണ്ടരീതിയിൽ നടന്നിട്ടില്ല. അതുകൊണ്ട് ഈ കാലതാമസംകൂടി നികത്താൻ കഴിയുന്നരീതിയിലാവണം നിയമനിർമ്മാണം നടപ്പിലാക്കേണ്ടത്. നമുക്ക് പുതിയ അവകാശങ്ങളൊന്നും ഇതുവഴി ലഭിക്കുന്നില്ലെന്ന് ഈ നിയമം വായിച്ചാൽ അറിയാം. നിലവിലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമമാണിത്. നേരത്തെ ട്രഷറി വകുപ്പിൽ അവകാശ രേഖ നടപ്പിലാക്കാൻ ശ്രമം നടന്നിരുന്നത് ഞാൻ ഓർക്കുന്നു. അന്ന് ഒരു കോപ്പി

യാണുണ്ടായിരുന്നത്, അത് ബന്ധപ്പെട്ട ആൾ കൊണ്ടുപോയി എന്ന തമാശക്കഥ എല്ലാ പത്രങ്ങളിലും വന്നിരുന്നു. ഇന്ന് കേരളത്തിൽ വളരെ സജീവമായി എല്ലാ വകുപ്പുകളും, യൂണിവേഴ്സിറ്റികൾപോലും അവകാശ രേഖകൾ നൽകിയിട്ടുണ്ട്. ഈ അവകാശ രേഖകളുടെ ചുവടുപിടിച്ച് ഇതിനൊരു നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ ആ നിയമ നിർമ്മാണം ഫലപ്രദമായി, സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നമ്മൾ ഒരുമിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. ഇതിനൊരു കൺസെപ്റ്റ് putting the people first, the citizen first, the service first എന്നതാണ്. നിയമം പരിശോധിച്ചാൽ 3-ാം വകുപ്പിൽ പറയുന്നത് ഇതിന്റെ വ്യാപ്തിയെക്കുറിച്ചാണ്. അവസാനം ഇത് 13 വകുപ്പുകളായി ചുരുങ്ങുന്നു. ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ പറഞ്ഞ കാര്യങ്ങളെല്ലാം ഏറ്റവും അനുപേക്ഷണീയമായ ആവശ്യങ്ങളാണ്. എന്നാൽ ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കാൻ ശ്രമം നടത്തണം. ഈ നിയമം നടപ്പിലാക്കിയാൽ 6 മാസത്തിനകം ഇതിന്റെ കാര്യങ്ങൾ പരസ്യപ്പെടുത്തണമെന്നാണ് 3-ാമത്തെ വകുപ്പിൽ പറയുന്നത്. അത് 3 മാസമായി ചുരുക്കണമെന്നതാണ് എന്റെ റിക്വസ്റ്റ്. അത്യാവശ്യം ഹോം വർക്ക് നടന്നിട്ടുള്ളതുകൊണ്ടും ഇന്ത്യയിലെ 12-ഓളം സംസ്ഥാനങ്ങളിൽ ഇതിന് പ്രാഥമികമായ പ്രവൃത്തി നടന്നിട്ടുള്ളതുകൊണ്ടും 6 മാസത്തോളം നീട്ടിക്കൊണ്ട് പോകേണ്ടതുണ്ടോയെന്നുള്ളതിനെ പരിശോധിക്കേണ്ടതാണെന്നുള്ളതാണ് എന്റെ അഭിപ്രായം. രണ്ടാമത്തേത് ഇതൊരു യൂണിഫോം ബ്ലൂ പ്രിന്റല്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. ഓരോ വ്യക്തിയും മറ്റൊരു വ്യക്തിയിൽ നിന്ന് വ്യത്യസ്തനാണ്. ഓരോ കേസും മറ്റൊരു കേസിൽ നിന്ന് വ്യത്യസ്തമായിരിക്കും. അതുകൊണ്ട് ഇത് ടൂൾ കിറ്റാണെന്ന് മനസ്സിലാക്കാൻ നമുക്കെല്ലാവർക്കുമറിയാം. ഇത് പുതിയ ആശയങ്ങളുടെ ടൂൾ കിറ്റാണ്. ആ നിലയ്ക്ക് ഈ നിയമനിർമ്മാണം നടപ്പിലാക്കാൻ ശേഷിയുള്ളവരാണ് നമ്മുടെ ഉദ്യോഗസ്ഥൻമാർ. അവർ ഇതിൽ ഒരിക്കലും അലംഭാവം

കാണിക്കുമെന്ന് ഞാൻ കരുതുന്നില്ല. കേരളത്തിന്റെ പൊതു ജീവിതത്തിൽ ഇന്ന് കാണുന്ന മാറ്റങ്ങളിൽ നമ്മുടെ ഉദ്യോഗസ്ഥവൃന്ദവും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. അതുകൊണ്ട് അവരുമായി നടത്തുന്ന ചർച്ചകളിൽ വളരെ ആത്മാർത്ഥമായി അവർ സഹകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ ഇതിലെ രണ്ടാമത്തെ അപ്പീൽ വേണമോയെന്നുള്ള തിനെക്കുറിച്ച് ആലോചിക്കണം. ഇവിടെ പരാതി കൊടുക്കലും അപ്പീൽ കൊടുക്കലുമായി ജനങ്ങൾ കഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഒന്നാമത്തെ അപ്പീലിൽ തന്നെ കാര്യങ്ങൾ നടക്കുമെന്ന് ഉറപ്പുവരത്തക്ക വിധത്തിൽ ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ജനങ്ങളുടെ അപേക്ഷകളിൽ സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കാത്തത് ഒരു മനുഷ്യാവകാശ ലംഘനമായി നമ്മുടെ ഉദ്യോഗസ്ഥൻമാരും ഭരണ യന്ത്രവും മനസ്സിലാക്കുമെന്നാണ് കരുതേണ്ടത്. കേരളത്തിലെ ഉത്തരവാദപ്പെട്ട ഒരു പത്രമായ മാതൃഭൂമി മുഖപ്രസംഗത്തിൽ ഒരിക്കൽ എഴുതിയത് 88% ഫയലുകളും തീർപ്പാകാതെ കിടക്കുന്നുവെന്നാണ്. ഞാനത് വിശ്വസിക്കുന്നില്ല. പക്ഷേ പത്രം മാതൃഭൂമിയാണ്. ആ വാർത്ത ഞെട്ടിപ്പിക്കുന്നതാണ് ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ഫൈൻ മതിയാകുമോയെന്ന് ആലോചിക്കേണ്ടതുണ്ട്. ഇത് ഒരു സർവീസിന്റെ denial ആണ്. denial of service ആയതുകൊണ്ട് misconduct ഉണ്ടാവണം. misconduct ആണെങ്കിൽ service record-ൽ അത് reflect ചെയ്യണം. എങ്കിൽ മാത്രമേ ഈ നിയമ നിർമ്മാണത്തിന്റെ ലക്ഷ്യം നടപ്പാവുകയുള്ളൂ. അതുപോലെ statutory and non-statutory duties should be separately mentioned and brought under the definition of law. രണ്ടും ക്ലിയറായി വരണം. എന്നാൽ മതിയായ രേഖ ഓഫീസിലില്ലാതെ വരുന്ന സന്ദർഭത്തിൽ ഉദ്യോഗസ്ഥന് സ്വാഭാവികമായി അത് നൽകാൻ കഴിയില്ല. അതിന് ആ ഉദ്യോഗസ്ഥൻ ശിക്ഷിക്കപ്പെടാൻ പാടില്ല. .അതുകൊണ്ട് ഇതിനൊരു പ്രൊവിഷൻ വേണം. ആ ഓഫീസിൽ ബന്ധപ്പെട്ട ഏതെങ്കിലുമൊരു രേഖയുടെ അഭാവത്തിൽ ഒരു ഉദ്യോഗസ്ഥൻ

ക്രൂശിക്കപ്പെടാനോ വിമർശിക്കപ്പെടാനോ ഇടവരുന്നത് ശരിയല്ല. നിരപരാധികളായ അത്തരം ഉദ്യോഗസ്ഥൻമാർക്ക് ഒരു ദോഷവും വരാത്ത രീതിയിൽ ഈ ബില്ലിൽ വ്യവസ്ഥയുണ്ടാകേണ്ടതാണ്. അതിന്റെ ഭാഗമായി exemplary ആയ performance ഉണ്ടായാൽ അതിന് അവാർഡും നൽകണം. ഇത് രണ്ടും ഒരുമിച്ച് വരുന്ന രീതിയിൽതന്നെയാണ് പോകേണ്ടത്. അതുമാത്രമല്ല ഐ.റ്റി. ആക്റ്റിന്റെ പരിധിയിൽ എല്ലാ രേഖകളും വരുന്നു. പക്ഷേ ഐ.റ്റി. ആക്റ്റിന്റെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തി സ്പീഡി സർവ്വീസ് ഡെലിവറി ഉറപ്പുവരുത്താൻ ഇതിന്റെ ഭാഗമായി കഴിയേണ്ടതാണ്. ഈ നിയമം വായിച്ചപ്പോൾ എനിക്ക് മനസ്സിലായ ഒരു കാര്യം, ഒരു പൗരൻ എവിടെ നിൽക്കുന്നു, അയാൾക്ക് അവകാശപ്പെട്ടത് എന്താണ് അതാണ് നമ്മൾ ചർച്ച ചെയ്യുന്നത്. അതിന്റെ അർത്ഥം മിനിമം സ്റ്റാൻഡേർഡ് ഫിക്സ് ചെയ്യുന്നുവെന്നുള്ളതാണ്.. ഒരു നിയമം വരുമ്പോൾ, ഇന്ന ദിവസത്തിനകം ഇന്ന രേഖ കൊടുക്കണമെന്ന് പറയുമ്പോൾ ഒരു മിനിമം സ്റ്റാൻഡേർഡ് ഫിക്സ് ചെയ്യുകയാണ്. ആ മിനിമം സ്റ്റാൻഡേർഡ് ഫിക്സ് ചെയ്യുമ്പോൾ സ്വാഭാവികമായും അക്കൗണ്ടബിലിറ്റി വരികയാണ്. ഇത് രണ്ടും രണ്ടായി പോകാൻ കഴിയില്ല. അതുകൊണ്ട് ഇതുരണ്ടും കൂട്ടിയിണക്കുന്ന രീതിയിൽ പോയാൽ സേവന മേഖലയിൽ നിലവാരം ഇംപ്രൂവ് ചെയ്യാൻ കഴിയും. ഈ ബില്ലിന്റെ ഇംഗ്ലീഷ്, മലയാളം കോപ്പികൾ വായിച്ചപ്പോൾ ഇംഗ്ലീഷിൽ ഒബ്ജക്റ്റ്സ് പറയുന്ന രണ്ടാമത്തെ പാരഗ്രാഫിൽ grievances -ന് മലയാളത്തിൽ സങ്കടമെന്നാണ് കൊടുത്തിരിക്കുന്നത്. ആ ഭാഷാശൈലി ഒഴിവാക്കണം. നഷ്ടമുണ്ടായ ആളാണ് aggrieved ആയിരിക്കുന്നത്. സങ്കടങ്ങൾ പറയുന്ന അവസ്ഥയൊന്നും ജനായത്ത സംവിധാനത്തിൽ വേണ്ട. ഇത് പൗരന്റെ അവകാശമാണ്. പൗരന്റെ അവകാശം കൊടുക്കാനാണ് പൗരൻ നികുതി തരുന്നത്. ആ നികുതി പണം കൊണ്ടാണ് ഗവൺമെന്റ് മെഷിനറി പ്രവർത്തിക്കുന്നത്. അതുകൊണ്ട് grievance redressal -ന് വളരെ വേഗതയുണ്ടാകേണ്ടതുണ്ട്. അവിടെ വ്യക്തതയും

കൃത്യമായ മാനദണ്ഡവും ഉണ്ടാകണം. ഈ സേവനം പൗരന്റെ അവകാശ മാണ്. അവന്റെ പരാതിക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുകയും വേണം. മറ്റൊന്ന് ഇൻഫർമേഷനാണ്. അത് കമ്പയറബിൾ ഫോമിൽ കിട്ടി യാലാണ് ചോയ്സ് ഉണ്ടാകുന്നത്. ഈ നിയമനിർമ്മാണം വന്നിടത്തെല്ലാം നടത്തിയ വലിയ ഗൗരവതരമായ പഠനങ്ങൾ നിരീക്ഷിക്കുന്ന ആൾക്കാ രുണ്ട്. നിലവാരവർദ്ധനവ് ഒരു തുറന്ന സമീപനമാണ്. മൂന്നാമത്തേത്, ഒരു കമ്പയറബിൾ ഫോമിൽ വരുന്നതുകൊണ്ട് ചോയിസിനുള്ള അവകാശം മാ ത്രമല്ല, വിവേചനം അവസാനിക്കാനും ഈ നിയമം സഹായകരമാണ്. അതുകൊണ്ട് ഈ നിയമനിർമ്മാണം നടക്കുമ്പോൾ, ഈ ചാർട്ടർ എന്താണോ പ്രായോഗികമാകുന്നത് അതാണ് നമ്മൾ പറയുന്നത്. ഇന്ന ഇന്ന കാര്യങ്ങൾക്ക് നിങ്ങൾക്ക് അവകാശമുണ്ടെന്നാണ് പൗരാവകാശ രേഖ പറയുന്നത്. അത് പ്രായോഗിക തലത്തിൽ സമയബന്ധിതമായി വന്നാൽ മാത്രമേ പൗരന് ഗുണം ഉണ്ടാവുകയുള്ളൂ. അതുകൊണ്ട് performance should be measured and measurement should be made public അതാണ് ഈ നിയമം കൊണ്ട് നടക്കുന്നത്. ഈ സേവനങ്ങളെല്ലാം മെഷറബിൾ ആണ്. ടൈം സ്റ്റിപുലേറ്റ് ചെയ്യുന്നതുകൊണ്ട് ഒരിക്കൽ പെർഫോമൻസ് മെഷർ ചെയ്യാൻ കഴിഞ്ഞാൽ ആ മെഷർമെന്റ്സ് ജന ങ്ങൾ അറിയണം എന്നതാണ് ഈ പുതിയ നിയമ നിർമ്മാണത്തിന്റെ കാത ലായ വശം. അതായത് അക്കൗണ്ടബിലിറ്റി ഡയറക്റ്റ് ഫോമായി രംഗത്ത് വരികയാണ്. നമ്മുടെ നിലവാരം വ്യക്തമാകുന്നതോടെ.... clear standards must be matched by clear accountability എന്നാണ് ഇതിനെ ബന്ധപ്പെട്ട ആളുകൾ പറയുന്നത്. അങ്ങനെയാണെങ്കിൽ direct form of accountability involve ചെയ്തിരിക്കുന്നതുകൊണ്ട് ഈ രംഗത്ത് നമ്മുടെ നാട്ടുകാരും നമ്മുടെ ഉദ്യോഗസ്ഥന്മാരും നമ്മുടെ ഭരണയന്ത്രത്തിന്റെ എല്ലാ യിടങ്ങളും ഒരുമിച്ച് ഈ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും വളർച്ചയ്ക്ക് മുന്നോട്ട് വരുന്നുവെന്നുള്ളതാണ് ഇവിടെ സ്ഥാപിക്കപ്പെടുന്ന

ത്. ഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഈ നിയമം അവതരിപ്പിച്ചപ്പോൾ മനസ്സിലായത്, സംഭവിക്കപ്പെടുന്നത് പബ്ലിക് സർവ്വീസ് ഗ്യാരണ്ടി ചെയ്യപ്പെടുകയാണ്. ആ ഗ്യാരണ്ടി ഒരു ജനായത്ത സംവിധാനത്തിന്റെ വളർച്ചയുടെ പുതിയ പടവാണ്. എന്നാൽ ഒരു  കാര്യം മനസ്സിലാക്കാനുള്ളത്, ഇങ്ങനെ പബ്ളിക് സർവ്വീസിന്റെ മിനിമം സ്റ്റാൻഡേർഡ് നമ്മുടെ പൗരന്മാർക്ക് എന്റൈറ്റിൽഡ് ആകുമ്പോൾ, അവർക്കിതിന് അവകാശം വരുമ്പോൾ ഇവിടെ ഒരു എൻഫോഴ്സ്മെന്റ് ഉണ്ടാകണം, റിഡ്രെസ് അറേഞ്ച്മെന്റ് നിമയപരമായി ഉണ്ടാകണം. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ എൻഫോഴ്സ്മെന്റ് ഇല്ലാതെ നമുക്ക് ഒരിക്കലും മുന്നോട്ട് പോകാൻ കഴിയില്ല. മൂന്ന് ഹിമകണങ്ങളുടെ ചേർച്ചയുണ്ടെന്നാണ് ഈ നിയമം വായിച്ചപ്പോൾ എനിക്ക് മനസ്സിലായത്. choice of the people, voice of the people, service to the people  മൂന്ന് ഹിമകണങ്ങൾ ചേർന്ന് ജനായത്ത സംവിധാനത്തിന്റെ വളരെ സുതാര്യമായ ഒരു രംഗമാണ് ഈ നിയമനിർമ്മാണം. അത് ഈ സഭയിൽ എല്ലാ വിഭാഗം ആളുകളുടേയും കലവറയില്ലാത്ത പിന്തുണയോടു കൂടി കേരളീയ സമൂഹത്തിന് കാലവിളംബം കൂടാതെ ലഭിക്കുമെന്നാണ് പ്രത്യാശ. സാധാരണ പറയാറുണ്ട്, we learn from our mistakes. കഴിഞ്ഞകാലപരിമിതികളിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് ഈ നിയമനിർമ്മാണത്തിലൂടെ നമുക്ക് ഏറ്റവും ശക്തമായ രീതിയിൽ മുന്നോട്ട് പോകാൻ കഴിയണം.

ശ്രീ. സാജുപോൾ : സർ, വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് ബഹുമാന്യനായ ടി.എ. അഹ്മദ് കബീർ സാഹിബ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടി പതിറ്റാണ്ടുകൾക്ക് ശേഷമാണ് ഈ വിവരാവകാശ നിയമവും ഭക്ഷ്യസുരക്ഷാ നിയമവും വിദ്യാഭ്യാസ അവകാശ നിയവുമെല്ലാം.......ഭരണഘടനാപരമായി ഉറപ്പുനൽകിയിട്ടുള്ള കാര്യങ്ങൾക്ക് വേണ്ടി തന്നെയുള്ള നിയമനിർമ്മാണം ഇൻഡ്യയിൽ

നടപ്പാക്കപ്പെട്ടത്. അതിൽ വിവരാവകാശ നിയമത്തെക്കുറിച്ച് പറഞ്ഞു. യഥാർത്ഥത്തിൽ വിവരാവകാശ നിയമപ്രകാരം കുറേ വിവരങ്ങൾ ചോദിച്ചു ഉദാഹരണത്തിന് പി.ഡബ്ല്യു.ഡി. ആഫീസിൽ ഇത്ര വർഷങ്ങളിലായി എത്രത്തോളം പൊതുമരാമത്ത് ജോലികൾ നടന്നിട്ടുണ്ട്, ഏതൊക്കെയാണ്;

മി. ചെയർമാൻ : അങ്ങ് പ്രസംഗിക്കുകയാണോ?

ശ്രീ. സാജുപോൾ : അല്ല. സാമാന്യവൽക്കരിക്കപ്പെട്ട കുറേ വിവരങ്ങൾ ചോദിച്ച് ഈ ഉദ്യോഗസ്ഥന്മാർക്ക് മറ്റൊന്നും ചെയ്യാൻ പറ്റാത്ത വിധത്തിൽ ആ നിയമത്തെ ദുരുപയോഗം ചെയ്യുന്നുണ്ടെന്നത് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം ഉദ്യോഗസ്ഥന്മാരിൽ നിന്നുള്ളസേവനത്തെ കുറിച്ചാണ്. നമ്മൾ ജനപ്രതിനിധികൾ, എം.എൽ.എ. മാരും മന്ത്രിമാരും ഉൾപ്പെടെയുള്ളവർ വഴിവിട്ട കാര്യങ്ങൾ ചെയ്യാതിരിക്കാൻ, ഉദാഹരണത്തിന് സ്ഥലംമാറ്റങ്ങൾ മറ്റ് അഴിമതിയൊക്കെ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ യഥാർത്ഥത്തിൽ ആവശ്യമായിട്ടുള്ളതല്ലേ. എന്റെ ചോദ്യം വളരെ കൃത്യമാണ്. ഒന്ന്, വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുന്നതുപോലുള്ള സാഹചര്യങ്ങൾ. രണ്ട്, ഉദ്യോഗസ്ഥന്മാരെ പോലെ തന്നെ ജനപ്രതിനിധികളും മന്ത്രിമാരും അടക്കമുള്ളവർ ഇത്തരത്തിൽ നിയമപരമായിത്തന്നെ അവരുടെ സേവനങ്ങൾ നിർവ്വഹിക്കാൻ നിബന്ധിതമാകുന്ന സാഹചര്യം ഉണ്ടാകേണ്ടതല്ലേ?

ശ്രീ. ടി.എ. അഹ്മദ് കബീർ : ഇവിടെ ഒരു കാര്യം നേരത്തേ പറയാതിരുന്നതാണ്. അതായത്, നമ്മുടെ രാജ്യം, നമ്മൾ ഓരോ പൗരനും ദേശാഭിമാനം കൊണ്ട് പ്രചോദിതമാകേണ്ട സമയമാണ്. ബ്രിട്ടനിൽ ജനായത്തം വന്നിട്ട് എത്ര നൂറ്റാണ്ടുകളായി. നമ്മളവിടെ കോളനി രാജ്യമായിട്ട്. വളരെ കുറച്ച് പതിറ്റാണ്ടുകൾ മാത്രമേ ആയിട്ടുള്ളു. അവർ 1991-ൽ ആണ് ഇത്

കൊണ്ടുവന്നത്. നമ്മൾ ഒരിക്കലും പിന്നിലല്ല. പക്ഷേ, വിവരാവകാശ നിയമം അടക്കം ഇതെല്ലാം കേവലം ഒരു ചടങ്ങായി മാറാതിരിക്കാനുള്ള ശ്രദ്ധയുണ്ടാകണമെന്നാണ് ഞാൻ പറഞ്ഞത്. നമ്മുടെ രാജ്യം എല്ലാ നിലയ്ക്കും ശരിയായ വഴിയിലൂടെയാണ് മുന്നോട്ട് പോകുന്നത്. ഉദ്യോഗ സ്ഥന്മാരുടെ കാര്യം പറഞ്ഞപ്പോൾ, ഇന്ന് പ്രകടിപ്പിക്കപ്പെടുന്ന ആശയ ങ്ങൾ, ശരിക്കുപറഞ്ഞാൽ ചില ഉദ്യോഗസ്ഥന്മാർ തന്നെയാണ് എന്നോട് പങ്കുവച്ചത്. എനിക്കതിൽ വലിയ അഭിമാനം തോന്നി.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം, അങ്ങേയ്ക്ക് ഇനി എത്ര മിനിട്ട് വേണ്ടിവരും.

ശ്രീ. ടി.എ. അഹ്മദ് കബീർ : സർ, ഇപ്പോൾ എത്ര മിനിട്ട് ആയി?

മി. ചെയർമാൻ : 20 മിനിട്ടോളമായി.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ : 4–5 മിനിട്ട് കൂടി വേണം.

മി. ചെയർമാൻ : ആയിക്കോട്ടെ.

ശ്രീ. ടി.എ. അഹ്മദ് കബീർ : ഉദ്യോഗസ്ഥന്മാർ  ഈ സംരഭവുമായി സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഉദ്യോഗസ്ഥരെ വിശ്വാസ ത്തിലെടുക്കാൻ കഴിയും. അവർ ഇപ്പോൾ വിശ്വാസത്തിലാണ്. അതിൽ തെറ്റിദ്ധാരണ വേണ്ട. എല്ലാ ഓഫീസുകളിലും ആവശ്യത്തിന് യോഗ്യത യുള്ള ഉദ്യോഗസ്ഥന്മാരെ ഉറപ്പുവരുത്താൻ ഈ നിയമം വഴി ഗവൺമെന്റ് ബാദ്ധ്യസ്ഥമാകുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....ഈ നിയമം നട പ്പിലാകുമ്പോൾ നേരത്തേ ശ്രീ. സാജുപോൾ പറഞ്ഞ വിവരാവകാശം അട ക്കമുള്ള  കാര്യമുണ്ട്. വിവരവകാശ നിയമം അനുസരിച്ച് ഓരോ ആഫീ സിലും വരുന്ന അപേക്ഷകളുടെ എണ്ണം നമുക്കാർക്കും ഭാവന ചെയ്യാൻ കഴിയാത്തതാണ്. ഇപ്പോൾ നടപ്പിലായ മദ്ധ്യപ്രദേശിൽ 88 ലക്ഷം അപേക്ഷ

വന്നെന്നാണ് ഞാൻ കേട്ടത്. അതിൽ 67 ലക്ഷം അപേക്ഷകൾക്കും പരിഹാരമുണ്ടായതായി രേഖകളിൽ കാണുന്നു. അതുകൊണ്ട് നമ്മുടെ ആഫീസുകളിൽ ആവശ്യത്തിന് സ്റ്റാഫില്ലാതെയും മോഡണൈസേഷൻ ഇല്ലാതെയും കമ്പ്യൂട്ടർ വൽക്കരണമില്ലാതെയും ഉദ്യോഗസ്ഥന്മാരെ അനാവശ്യമായി പീഡിപ്പിക്കുവാൻ ഈ നിയമം വഴി നമുക്ക് സാധിക്കുകയില്ല. അതുകൊണ്ട് ഉദ്യോഗസ്ഥന്മാർ ഈ സമൂഹത്തിന്റെ ഭാഗമാണെന്നും അവർക്ക് താങ്ങാൻ കഴിയുന്ന രീതിയിലുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടത് ഈ ഭരണകൂടത്തിന്റെ ബാദ്ധ്യതയാണെന്നും ഈ നിയമം നടപ്പിലാകുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. ജോലിഭാരം കൊണ്ട് വീർപ്പുമുട്ടുന്ന ധാരാളം ആഫീസുകളുണ്ട്. എന്നാൽ പ്രത്യേകിച്ച് ജോലിഭാരം ഒന്നുമില്ലാത്ത സ്ഥാപനങ്ങളുമുണ്ട്. അതൊക്കെ നമ്മൾ കാണേണ്ടതാണ്. അതുകൊണ്ട് വിവരാവകാശ നിയമം വന്നപ്പോൾ കുന്നുകൂടുന്ന അപേക്ഷകൾ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ട ജോലിഭാരം കൂടുതലുള്ള ഓഫീസുകളിൽ അപേക്ഷകൾ കുമിഞ്ഞുകൂടുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് ഉദ്യോഗസ്ഥ തലത്തിൽ ചെയ്യേണ്ട കുറച്ചുകാര്യങ്ങളുണ്ട്. തസ്തികകളുടെ പുനർവിന്യാസമടക്കം കാതലായ പല മുന്നൊരുക്കങ്ങളും നടത്തേണ്ടിവരും. രണ്ടാമതായി ചില സ്ഥാപനങ്ങളുടെ സംയോജനവും വേണ്ടിവരും. നിലവിലുള്ള ഉദ്യോഗസ്ഥന്മാരെ തസ്തികയടക്കം പുനർവിന്യാസം നടത്തി ഈ ജോലി ഏറ്റെടുക്കാൻ അവർ തയ്യാറാണ്. നമ്മുടെ ഉദ്യോഗസ്ഥന്മാർ പിന്തിരിഞ്ഞ് നിൽക്കില്ല. പക്ഷേ, അവരെ അനാവശ്യമായി പീഡിപ്പിക്കാൻ ഒരിക്കലും നമ്മൾ കൂട്ട് നിൽക്കാൻ പാടില്ല. ഈ നിയമനിർമ്മാണം കേരളത്തിന്റെ പൊതുജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങൾക്കനുസൃതമായി നമ്മുടെ ഭരണയന്ത്രം പരിഷ്ക്കരിക്കുന്നതിന് ബോധപൂർവ്വമായ ഇടപെടൽ നടത്തേണ്ടിവരും.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഇവിടെ പ്രധാനപ്പെട്ട ചർച്ചയാണ് നടന്നുകൊണ്ടിരിക്കുന്നത്. വില്ലേജ് ഓഫീസുകൾ, പഞ്ചായത്ത്,

പോലീസ് സംവിധാനത്തിന്റെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട വിഷയം, കെ.എസ്.ഇ.ബി.യുടെ കണക്ഷനുമായി ബന്ധപ്പെട്ട വിഷയം തുടങ്ങിയ വളരെ ലളിതമായ കുറച്ച് വിഷയങ്ങളാണ് ഈ നിയമത്തിന്റെ വഴിയിൽ ഇപ്പോൾ നടപ്പാക്കാൻ പോകുന്നത്. സാധാരണ ജനങ്ങൾ എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും അവർക്ക് വളരെ പ്രയാസങ്ങൾ ഉണ്ടാക്കു കയും ചെയ്യുന്ന സിവിൽ സ്റ്റേഷൻ, സെക്രട്ടേറിയറ്റ് പോലുള്ള സ്ഥാപന ങ്ങൾ കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട് എന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. ടി. എ. അഹ്മദ് കബീർ: സർ, അത് ഞാൻ നേരത്തെ പറഞ്ഞിരുന്നു. സ്റ്റാറ്റ്യൂട്ടറിയും നോൺ സ്റ്റാറ്റ്യൂട്ടറിയുമായ എല്ലാ സ്ഥാപനങ്ങളും ഇതിന കത്ത് മെൻഷൻ ചെയ്യുകയും ഇതിന്റെ ഡെഫനിഷനിൽ അത് കൊണ്ടുവരി കയും വേണം. കാരണം ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനത്തിൽ, വഖഫ് ബോർഡ് പോലുള്ള ഏത് സ്ഥാപനമാണെങ്കിലും അവിടെയെല്ലാം വളരെ വ്യക്തമായി യാതൊന്നും മറച്ചുപിടിക്കാനില്ലാത്ത ഒരു സംവിധാനം വരണം. ഒരു ഓപ്പൺ സൊസൈറ്റിയാണ് ജനാധിപത്യത്തിന്റെ കരുത്ത്. ഈ നിയമം വഴി സംഭവിക്കുന്നത് an united caring sharing progressive society ആണ്. അതാണ് ജനാധിപത്യ സംവിധാനം. ഒരു ജനതയായി, ഒരു യുണൈറ്റഡ് പോപ്പുലേഷനായി നമ്മൾ മാറും. അത് വേണമെങ്കിൽ കെയർ ചെയ്യാനും ഷെയർ ചെയ്യാനും കഴിയണം. അങ്ങനെവരുമ്പോ ഴാണ് ഒരു പുരോഗമന സമൂഹമുണ്ടാകുന്നത്. അങ്ങനെ ഒരു united caring sharing and progressive society ഉണ്ടാക്കാനുള്ള ഒരു നിയമനിർമ്മാണം ഇവിടെ നടക്കുമ്പോൾ ആ നിയമനിർമ്മാണം കാലതാ മസം കൂടാതെ ഗുണപരമായി നടപ്പിലാകുമെന്ന് ഉറപ്പുവരുത്തണം. അതിന്റെ അർത്ഥം ഇത് an agenda for action and partnership ആണ്. This is an agenda. ഇത് കേവലം പുസ്തകത്തിൽ കിടക്കേണ്ട ഒരു നിയമ

മല്ല. ഈ നിയമം നമ്മുടെ കേരളീയ സമൂഹത്തെ ഊർജ്ജസ്വലമായ ജനാധിപത്യ സംവിധാനത്തിന്റെ ഒരു പുതു വഴിയിലേയ്ക്ക് നയിക്കും. നമ്മൾ ഒരു പുതുവഴി ഉണ്ടാക്കുകയാണ്. ആ പുതുവഴി ഒരു പൊതുവഴിയാക്കി മാറ്റാൻ കഴിയുന്ന അവസ്ഥ ഉണ്ടാകണം. മഹാനദിയുടെ കരയ്ക്കിരുന്ന് ഒരു തുള്ളി വെള്ളത്തിനു വേണ്ടി യാചിക്കുന്ന ഒരുപാട് പാവങ്ങൾ ഇവിടെയുണ്ട്. അന്നകൂടത്തിന്റെ അരികിലിരുന്ന് വിശക്കുന്ന ഒരുപാട് ആളുകൾ ഈ സ്ഥലത്തുണ്ട്. ഇവിടെ നിയമം ഇല്ലാത്തതുകൊണ്ടല്ല. ആ നിയമം നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയുണ്ടാകണം. എല്ലാ വിഭവങ്ങളുമൊരുങ്ങിയ ഒരു രാജ്യത്തിനുവേണ്ടി ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ ശ്രീ മൻമോഹൻ സിംഗിന്റെ കാലം വരെ ഉണ്ടാക്കിയ നിയമനിർമ്മാണങ്ങളുമായി ഈ രാജ്യം മുന്നോട്ടു പോകുമ്പോൾ അതിനോടൊത്തുപോകാൻ ഈ സംസ്ഥാനത്തിന് ഈ നിയമം വഴി സാധിക്കും എന്ന് പറഞ്ഞുകൊണ്ട് ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു. നമ്മുടെ ജനാധിപത്യ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണിത്. ഈ നിയമത്തെ സംബന്ധിച്ച സുപ്രധാനമായ വിവരങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കിയ ബഹുമാനപ്പെട്ട സ്പീക്കറേയും അതിന് പിന്നിൽ പ്രവർത്തിച്ച ലെജിസ്ലേറ്റീവ് സെക്രട്ടേറിയേറ്റിലെ ഉദ്യോഗസ്ഥൻമാരേയും ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. ഇന്ത്യയിലെ ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്താനുതകുന്ന രണ്ട് നിയമങ്ങൾ പല സംസ്ഥാനങ്ങളും നടപ്പാക്കി. ഒന്ന്, വിവരാവകാശ നിയമം. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും നടപ്പാക്കിയതിനുശേഷമാണ് കേന്ദ്ര നിയമം വന്നത്. രണ്ട്, സേവനാവകാശ നിയമം. ഇത് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും നടപ്പാക്കുകയുണ്ടായി. ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും പുരോഗമനപരമായ നിയമനിർമ്മാണങ്ങൾ നടത്തി മാതൃക കാണിച്ച കേരളത്തെ സംബന്ധിച്ച് ഈ രണ്ട് നിയമങ്ങളുടെ കാര്യത്തിൽ കേരളം പുറകിൽപ്പോയി എന്നുള്ളത് ഒരു കുറച്ചിലായിപ്പോയി എന്ന് ഞാൻ ആദ്യമേ പറയാൻ ആഗ്രഹിക്കുകയാണ്. വിവരാവകാശ നിയമം കേന്ദ്രത്തിൽ പാസ്സാക്കിയതുകൊണ്ടാണ് കേരളത്തിൽ നടപ്പായത്. അതിന് മുമ്പ് പല സംസ്ഥാനങ്ങളും അതാത് സംസ്ഥാനങ്ങളിൽ അത് പാസ്സാക്കിയിരുന്നു. ഈ നിയമവും അല്പം വൈകിയാണെങ്കിലും പ്രാഥമികമായ ഒരു ചുവടുവയ്പ് നടത്തുന്നുവെന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് അർഹതപ്പെട്ട സേവനങ്ങൾ സമയപരിധിക്കുള്ളിൽ കിട്ടുകയെന്നുള്ളത് ഒരു ജനാധിപത്യ സംവിധാനത്തിൽ ഏറ്റവും ആവശ്യമായ കാര്യമാണ്. വിവരാവകാശ നിയമം വന്നതിനുശേഷമാണ് നമ്മുടെ നാട്ടിൽ അതുവരേയും സാധാരണ ജനങ്ങൾക്ക് പ്രാപ്യമല്ലാതിരുന്ന അല്ലെങ്കിൽ ഒരിക്കലും അവർക്ക് കിട്ടില്ലായെന്ന് കരുതിയിരുന്ന നടപടികളും വിവരങ്ങളും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വന്ന് ഈ നാട്ടിലെ ഏത് സാധാരണക്കാരനും ലഭ്യമാ

കുന്നത്. അതിന്റെ ഫലമായിട്ടാണ് ഒട്ടനവധി അഴിമതികളും ആ അഴിമതികളിലേയ്ക്ക് നയിച്ച ഫയൽ നോട്ടിംഗുകളും എല്ലാം പുറത്തുവന്നിട്ടുള്ളതും ഇപ്പോഴും പുറത്തുവന്നുകൊണ്ടിരിക്കുന്നതും. അതിന്റെ ഭാഗമായിട്ടാണ് അത്തരം കാര്യങ്ങളിൽ മുൻകൈയെടുക്കുന്ന ചില ആളുകളെ വകവരുത്തുന്നതിന് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുള്ള ചില ഗൂഢ സംഘങ്ങളും ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്താൻ ഈ നിയമം ഇന്ത്യയിലെ മറ്റ് ചില സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയതിന്റെ മാതൃകകൾ നമ്മുടെ മുമ്പിലുണ്ട്. രാജസ്ഥാനിലെ നിയമത്തിനകത്ത് സുപ്രധാനമായ ഒരു വ്യവസ്ഥയുൾക്കൊള്ളിച്ചിട്ടുണ്ട്. ഈ നിയമത്തിന്റെ ഓവർ ആൾ കാര്യങ്ങൾ വീക്ഷിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനുണ്ട്. ഓരോ വകുപ്പും ആ വകുപ്പ് അനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കണം എന്നുള്ളതാണ് ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥ. അതാണ് നമ്മുടെ ഈ നിയമത്തിനുള്ള ഒരു പരിമിതി എന്നു പറയുന്നത് വിവരാവകാശ നിയമത്തെപ്പോലെ ഇതിന്റെ മൊത്തം കാര്യങ്ങൾ നോക്കാനോ അന്തിമമായ കാര്യങ്ങളിൽ തീർപ്പുകല്പിക്കാനോ ഉള്ള ഒരു സമിതിയോ ബോഡിയോ ഇന്ന് ഈ നിയമത്തിന്റെ വകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടില്ല. രാജസ്ഥാൻ നിയമം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. രാജസ്ഥാനിൽ ഇത് സംബന്ധിച്ച എല്ലാ കാര്യങ്ങളിലും തീർപ്പ് കല്പിക്കാനുള്ള ഒരു ഫൈനൽ അതോറിറ്റിയായി ഒരു കമ്മീഷണറെ വയ്ക്കാൻ വ്യവസ്ഥയുണ്ട്. കമ്മീഷണറുടെ അധികാരങ്ങളും നിയമനരീതിയും നിർവ്വചിച്ചിട്ടുണ്ട്. അങ്ങനെ വിപുലമായ അധികാരങ്ങളുള്ള ഒരു കമ്മീഷണറെയാണ് രാജസ്ഥാൻ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നമ്മുടെ നിയമത്തിൽ അത്തരം ഒരു കാര്യം ഇല്ലായെന്നുള്ളത് ഒരു പ്രധാനപ്പെട്ട പരിമിതിയാണ്. ഈ സേവനാവകാശ നിയമത്തിൽ ഇപ്പോൾ പ്രാഥമികമായി ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ നമ്മുടെ സർക്കാർ ഓഫീസുകളിൽ നിന്ന് കിട്ടേണ്ട ചില രേഖകളെ സംബന്ധിച്ചാണ്. ഈ രേഖകൾ കിട്ടുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്, ഇപ്പോഴും കാലതാമസമുണ്ടാകാറു

ണ്ട്. ഈ നിയമംമൂലം അത് കൃത്യമായി കിട്ടുമെന്നുള്ളത് സ്വാഗതാർഹമായ കാര്യമാണെങ്കിലും ഈ രേഖകളെല്ലാം നമ്മുടെ നാട്ടിലെ ഏതൊരു സ്ഥലത്തു നിന്നും ഒരു സാധാരണക്കാരന് ഇപ്പോൾ വലിയ കാലതാമസമില്ലാതെ ലഭ്യമാകുന്ന രേഖകളാണെന്ന് നമുക്കറിയാം. നിരുപദ്രവകരമായ കുറേ രേഖകൾ ഇതിനകത്ത് ഉൾക്കൊള്ളിച്ചുകൊണ്ട് ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം നടപ്പാക്കി അല്ലെങ്കിൽ പാസ്സാക്കി എന്ന് മേനി നടിക്കുന്നതിൽ അർത്ഥമില്ല. ജനങ്ങളുടെ ജീവിതത്തെ സംബന്ധിക്കുന്ന സുപ്രധാനമായ ചില കാര്യങ്ങളും ഇതിന്റെ പരിധിക്കായി ഉൾപ്പെടുത്തണ്ടേ?. ഏത് ഗവൺമെന്റും ഒട്ടനവധി പ്രഖ്യാപനങ്ങൾ നടത്താറുണ്ട്. കിലോക്ക് ഒരു രൂപ വച്ച് 25 കിലോഗ്രാം അരി കൊടുക്കുമെന്ന് പറയുന്നു. അല്ലെങ്കിൽ പെൻഷൻ പദ്ധതികളെക്കുറിച്ച് പ്രഖ്യാപനം നടത്തുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടി ചില കാര്യങ്ങൾ നടപ്പാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുന്നു. പല പ്രഖ്യാപനങ്ങളും നടപ്പാക്കുന്നില്ല. 25 കിലോഗ്രാം അരി കൊടുക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ പലയിടത്തും 18 കിലോ ഗ്രാം അരിയേ കൊടുക്കുന്നുള്ളൂ. ജനങ്ങൾ ആരോട് പരാതി പറയും. അത് നടപ്പാക്കേണ്ട ഉദ്യോഗസ്ഥനോട് പരാതി പറഞ്ഞാൽ ആ ഉദ്യോഗസ്ഥൻ എന്ത് ചെയ്യും? അതുപോലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടി ഒരു പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നു. അതിന്റെ ആനുകൂല്യം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്. ആ ആനുകൂല്യത്തിന് വേണ്ടി കെ.എഫ്.സി-യിൽ ചെല്ലുന്ന എത്ര പേർക്ക് ആ ആനുകൂല്യം ലഭിക്കാനുള നടപടി ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻ എടുക്കുന്നുണ്ട്? അല്ലെങ്കിൽ അതിന് വേണ്ടി ഗവൺമെന്റ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അതിന് ഉപയുക്തമാകുന്നുണ്ടോ? ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന സുപ്രധാനമായ സേവനങ്ങൾ ഒരു സാധാരണക്കാരന് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താനും അത് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ നാം എടുക്കേണ്ടതല്ലേ? അത്തരം കാര്യങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതല്ലേ? അതുപോലെ സെക്രട്ടേറിയേറ്റിനെയും മറ്റും ഇതിന്റെ പരിധിയിൽ

നിന്ന് ഒഴിവാക്കി നിർത്തിയിരിക്കുന്നത് ഏതെങ്കിലും തരത്തിൽ ന്യായീകരിക്കാൻ കഴിയുന്നതാണോ? ഉദാരവത്ക്കരണത്തിന്റെ ഭാഗമായിട്ടുള്ള ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങളെന്തൊക്കെയാണ്?. ഡൗൺ സൈസിംഗാണ്-എല്ലാ സ്ഥലത്തും ഇത്തരം കാര്യങ്ങൾ ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കുകയാണ്. അങ്ങനെ എണ്ണം കുറയ്ക്കുന്ന ഒരു നയം സർക്കാർ സ്വീകരിക്കുകയും സർക്കാരാഫീസിൽ ഉദ്യോഗസ്ഥൻമാരുടെ എണ്ണം കുറയുകയും ചെയ്യുന്ന സമയത്ത് ഈ സേവനാവകാശ നിയമം വരുമ്പോൾ ഇത് കൃത്യമായി കൊടുക്കാൻ ഉദ്യോഗസ്ഥൻമാർക്ക് സാധിച്ചില്ലെങ്കിലോ? അതുപോലെ തന്നെ സർക്കാരാഫീസിന്റെ സൗകര്യങ്ങൾ ആധുനികവത്ക്കരിക്കേണ്ടേ? ഇത്തരം സേവനങ്ങൾ ലഭ്യമാക്കാനുള്ള എല്ലാ തരത്തിലുമുള്ള സൗകര്യങ്ങൾ, കമ്പ്യൂട്ടറുകളടക്കം നമ്മുടെ സർക്കാരാഫീസിലുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതും കൂടി ഉറപ്പു വരുത്തിയാലല്ലേ ഈ നിയമം ഫലപ്രദമയി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ ഏതെങ്കിലും സർക്കാരാഫീസിൽ ഇത്തരം സൗകര്യങ്ങളുടെ അഭാവം മൂലം പരിധിക്കുള്ളിൽ കൊടുക്കാൻ അസൗകര്യം നേരിട്ടാൽ ആ പാവപ്പെട്ട സർക്കാരുദ്യോഗസ്ഥൻ കുറ്റക്കാരനായി വിധിക്കപ്പെടുകയില്ലേ? അത്തരം പഴുതുകൾ ഈ നിയമത്തിനകത്ത് അടയ്ക്കണമെന്നതാണ് പ്രധാന കാര്യം. ഈ ഗവൺമെന്റ് ഒട്ടനവധി ക്ഷേമ പദ്ധതികൾ ഇല്ലാതാക്കിയില്ലേ? ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതി നടപ്പിലാക്കാൻ ആകെ ചെയ്തത് ആയിരക്കണക്കിനുള്ള ഭൂരഹിതർക്ക് 5 രൂപ വാങ്ങി ഫാറം വിതരണം ചെയ്യുകയാണ് ചെയ്തത്. അതിന്റെ എന്തെങ്കിലും നടപടിയായിട്ടുണ്ടോ? അതുപോലെ ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഇന്നത്തെ സ്ഥിതി എന്താണ്? കഴിഞ്ഞ ഗവൺമെന്റ് ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരുന്ന ഒരു പദ്ധതി ഈ ഗവൺമെന്റ് പകുതിക്ക് വച്ച് ഇല്ലാതാക്കി. എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില കുതിച്ചുയരുകയാണ്. സാധാരണക്കാരൻ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം കാരണം ദുരിതമനുഭവിക്കുകയും അവന്റെ വരുമാനം കൊണ്ട് മുമ്പ് കഴിഞ്ഞിരുന്നതുപോലെ കഴി

യാൻ പറ്റാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ നിയമം കൊണ്ട് എന്തു പ്രയോജനമാണ് ലഭിക്കുക? ജനങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിൽ നിന്ന് കിട്ടേണ്ട സുപ്രധാനമായ കാര്യങ്ങളെന്തൊക്കെയാണ്. വില കുറച്ച് സാധനങ്ങൾ മാർക്കറ്റുകളിൽ ലഭ്യമാക്കണം റേഷൻ സംവിധാനം കുറ്റമറ്റതാക്കണം. അവന് പാർപ്പിടം, വൈദ്യുതി ഇവ വേണം. അവന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പൊതുവായ സാഹചര്യങ്ങളുണ്ടാകണം. ഈ മാനദണ്ഡങ്ങൾ വച്ച് നോക്കുമ്പോൾ നമ്മുടെ നാട്ടിലെ സാധാരണക്കാരനെ സംബന്ധിച്ച് ഗവൺമെന്റ് കൊടുക്കുന്ന സേവനങ്ങൾ എവിടെയാണ് നിൽക്കുന്നത്. അവന് തൃപ്തികരമായ സേവനങ്ങൾ കൊടുക്കുന്നതിന് നമ്മുടെ ഗവൺമെന്റിന് കഴിയുന്നുണ്ടോ? പ്രഖ്യാപിക്കപ്പെട്ട പെൻഷൻ പദ്ധതികൾക്ക് കുടിശ്ശിക വരുത്തുകയാണ്. അങ്ങനെ കുടിശ്ശിക വരുത്തുന്നതിന് സാധാരണക്കാരൻ ആരുടെ അടുത്ത് പോയി പരാതി പറയും. അതല്ലേ യഥാർത്ഥത്തിൽ സേവനം ലഭ്യമാക്കേണ്ട കാര്യം. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന പദ്ധതികൾ സാധരണക്കാരന് കൃത്യമായി കിട്ടുന്നു എന്ന് ഉറപ്പ് വരുത്തുകയും അത് കിട്ടാതിരിക്കുമ്പോൾ അതിന് പരിഹാരം തേടാനുള്ള സംവിധാനം ഈ നാട്ടിലെ ജനങ്ങൾക്ക് ഉണ്ടാവുകയും ചെയ്യുക എന്നുള്ളതാണ് യഥാർത്ഥത്തിൽ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന് വേണ്ടി സ്വീകരിക്കേണ്ട നടപടി. ഈ നിയമ പ്രകാരം സർക്കാരാഫീസുകളിൽ നിന്ന് കിട്ടേണ്ട രേഖകൾ സമയത്തിന് കിട്ടണം. നേരത്തെ പറഞ്ഞു ഈ രേഖകളെല്ലാം ഒന്നോ രണ്ടോ ദിവസം താമസിച്ചാലും നാട്ടിലുള്ള എല്ലാവർക്കും കിട്ടുന്നുണ്ട്. ജനന സർട്ടിഫിക്കറ്റ് കിട്ടാതെ ആരും പോകുന്നില്ല. ജാതി സർട്ടിഫിക്കറ്റ് കിട്ടുന്നതിന് വേണ്ടിയുള്ള തടസ്സങ്ങൾ പലതും നമ്മൾ പല കാലഘട്ടങ്ങളിലായി ഇല്ലാതാക്കിയിട്ടുണ്ട്. .വരുമാന സർട്ടിഫിക്കറ്റ് കിട്ടുന്നുണ്ട്. അതിന് എന്തെങ്കിലും താമസമുണ്ടെങ്കിൽ ഒരു പഞ്ചായത്ത് മെമ്പർ ചെന്ന് പറഞ്ഞാൽ കിട്ടുന്നതാണ് വരുമാന സർട്ടിഫിക്കറ്റ്. മരണ സർട്ടിഫിക്കറ്റ് കിട്ടുന്നുണ്ട്. എന്റെ ഒരു അനുഭവത്തിൽ നിന്ന് പറയാം. എന്റെ നിയോജക മണ്ഡലത്തി

ലുള്ള ആർപ്പൂക്കര പഞ്ചായത്തിലാണ് കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത്. ആർപ്പൂക്കര പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ ജനന സർട്ടിഫിക്കറ്റിനും മരണ സർട്ടിഫിക്കറ്റിനും വേണ്ടി ആളുകൾ വരുന്നത്. അവിടെ നിന്ന് ആ സർട്ടിഫിക്കറ്റുകൾ കൊടുക്കാൻ ആവശ്യത്തിന് സ്റ്റാഫില്ല. നാമമാത്രമായ സ്റ്റാഫ് പഞ്ചായത്താഫീസിലിരിക്കുകയും മറ്റൊരു പഞ്ചായത്താഫീസിലും ഇല്ലാത്ത പോലെ ജനന സർട്ടിഫിക്കറ്റുകൾക്കും മരണ സർട്ടിഫിക്കറ്റുകൾക്കും ആളുകൾ ഒരു പ്രത്യേക പഞ്ചായത്തിൽ വരികയും ചെയ്യുന്നു. എന്നാൽ അവർ അത്യധ്വാനം ചെയ്താലും ഇത് കൊടുക്കാൻ പറ്റുന്നില്ല. ഓരോ ഓഫീസുകൾക്കും അതിനനുസരിച്ചുള്ള പശ്ചാത്തല സൗകര്യമൊരുക്കാതെ, ആവശ്യമുള്ള ഉദ്യോഗസ്ഥൻമാരില്ലാതെ ഈ നിയമം പാസ്സാക്കിയാൽ പാവപ്പെട്ട ഒരു സർക്കാരുദ്യോഗസ്ഥൻ അനാവശ്യമായി പീഡിപ്പിക്കപ്പെടുന്നതാവും ഫലം. ഈ നിയമത്തിന്റെ പ്രാധാന്യം കുറച്ചു കണ്ടുകൊണ്ടല്ല ഞാനിത് പറയുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് ഇവിടെ പറയുന്നത്. സ്റ്റാഫിന്റെ പരിമിതി, കമ്പ്യൂട്ടറൈസേഷന്റെ കുറവ്. ഇതെല്ലാം പൂർണ്ണമായി പരിഹരിച്ചതിന് ശേഷം ഇത് നടപ്പിലാക്കിയാൽ മതിയെന്ന ഒരു അഭിപ്രായമാണ് എനിക്ക് പറയാനുള്ളത്. അതുപോലെ സർട്ടിഫിക്കറ്റുകളൊക്കെ ഇപ്പോൾ കൃത്യമായി കൊടുക്കുന്നുണ്ട്. എങ്കിൽപ്പിന്നെ അതിന്റെ ആവശ്യമുണ്ടോ എന്നുള്ള ധ്വനിയും അങ്ങയുടെ സംസാരത്തിലുണ്ട്. അതായത് ഈ ആക്ട് ഇപ്പോൾ നടപ്പിലാക്കണ്ട എന്നൊരു അഭിപ്രായമങ്ങേയ്ക്കുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഞാൻ പറയാത്തൊരുകാര്യം ശ്രീ. ശിവദാസൻ നായർ പറയരുത്. ഞാൻ പറഞ്ഞത്, ഈ നിയമം സ്വാഗതാർഹമാണ് ഈ നിയമവും വിവരവാകാശ നിയമവും നമ്മുടെ ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതാണെന്ന് ഞാൻ ആദ്യമേ പറഞ്ഞു. പക്ഷെ, ഈ നിയമത്തിന്റെ പരിമിതികളാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ആ

പരിമിതി എന്നു പറയുന്നത് സർക്കാരാഫീസുകളുടെ പശ്ചാത്തല സൗകര്യം ഈ നിയമവുമായി ബന്ധപ്പെട്ട് ശക്തിപ്പെടുത്തുക എന്നത് സുപ്രധാനമാണ്. ഈ നിയമത്തിൽ സർക്കാരുദ്യോഗസ്ഥന് പിഴ ചുമത്തിയിട്ടുണ്ട്. പിഴ കൊടുക്കാൻ സർക്കാരുദ്യോഗസ്ഥൻ നിർബന്ധിതമാകുന്ന സാഹചര്യത്തിൽ അയാളുടേതല്ലാത്ത കാരണം കൊണ്ട് ഒരു കാര്യം കൃത്യസമയത്ത് ചെയ്യാതിരിക്കുന്നതിന്റെ പേരിൽ അയാൾ പീഡിപ്പിക്കപ്പെടരുത് എന്നുള്ളതു കൊണ്ടാണ്. സർക്കാരുദ്യോഗസ്ഥൻ ഈ നാട്ടിലെ ഏറ്റവും വലിയ വില്ലനാണെന്ന നിലയിൽ നമ്മൾ ഇക്കാര്യത്തെ സമീപിക്കരുത്. നമ്മുടെ നാട്ടിൽ പൊതുവേ നിലനിൽക്കുന്ന രീതികളിൽ വച്ച് സർക്കാരാഫീസുകളിലും ഒട്ടേറെ പാകപ്പിഴകൾ സംഭവിക്കുന്നുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, അങ്ങ് പാവപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പറയുന്നുണ്ട്. അതോടൊപ്പം തന്നെ സർക്കാരുദ്യോഗസ്ഥർ എന്ന് പറയുമ്പോൾ സേവനം ചെയ്യാൻ അവർക്കർഹമായ വേതനവും മറ്റ് സേവന വേതന വ്യവസ്ഥകളും ഉറപ്പാക്കിയ വിഭാഗമാണ്. അതേ സമയത്ത് ഒരു റേഷൻ കാർഡിന് വേണ്ടി, അല്ലെങ്കിൽ ഒരു ജനന സർട്ടിഫിക്കറ്റിന് വേണ്ടി ഓരോ ദിവസവും കയറ്റിയിറക്കുന്ന ഉദ്യോഗസ്ഥൻമാരുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് ഇത്ര ദിവസത്തിനുള്ളിൽ ആ സേവനം ലഭിക്കും എന്ന് ഉറപ്പു വരുത്തുന്ന നിയമത്തെ ആ ഒരു സ്പിരറ്റിലല്ലേ സ്വാഗതം ചെയ്യേണ്ടത്. ബ്യൂറോക്രസിയുടെ റെഡ്ടേപ്പിസത്തെക്കുറിച്ച് അങ്ങേയ്ക്ക് അറിയാത്ത കാര്യമാണോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സംശയമില്ല. റെഡ്ടേപ്പിസത്തെ മുറിച്ചു കടക്കാൻ കഴിയുന്ന ആദ്യത്തെ ചുവടു വയ്പ്പാണ് നിയമം, അല്ലെന്നല്ല ഞാൻ പറഞ്ഞത്. ആ നിയമത്തെ സ്വാഗതം ചെയ്യുമ്പോൾ തന്നെ ആ നിയമവുമായി ബന്ധപ്പെട്ട ചില പരിമിതികൾ കൂടി ഞാൻ ചൂണ്ടികാണിക്കണ്ടേ? അല്ലാതെ ഈ നിയമം വന്നതോടെ കേരളത്തിലെല്ലാമായി........

ശ്രീ. ശ്രീരാമകൃഷ്ണൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. സേവന അവകാശ നിയമം നടപ്പിലാക്കിയ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ, അതായത് മധ്യപ്രദേശിൽ 50 സേവന ങ്ങളേ നോട്ടിഫിക്കേഷനിലുള്ളൂ. രാജസ്ഥാനിൽ ഏതാണ്ട് എഴുപതില ധികം സേവനങ്ങൾ നോട്ടിഫിക്കേഷനിൽ പറയുന്നുണ്ട്. ഈ നിയമത്തിന്റെ പരിമിതി എന്ന് പറയുന്നത് ഇത് കേവലം ഡോക്യുമെന്റുകൾ കൊടുക്കുവാ നുള്ള നിയമമായി ചുരുക്കി കണ്ടു എന്നുള്ളതാണ്. സേവനം എന്ന് പറയു ന്നത് ഡോക്യുമെന്റുകൾ കൊടുക്കൽ മാത്രമണോ. അതോ സർക്കാർ സർവ്വീസിന്റെ പട്ടികയിലേയ്ക്ക്, നേരത്തെ അങ്ങ് സൂചിപ്പിച്ചതെല്ലാം നോട്ടി ഫിക്കേഷനിൽ കൊടുക്കണമെന്നല്ലേ അങ്ങ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, പ്രധാനപ്പെട്ട പല വകുപ്പുകളും പല കാര്യങ്ങളും, സർക്കാർ ഓഫീസുകളെ സംബന്ധിച്ച് ജനങ്ങൾക്ക് കിട്ടേണ്ട സേവനങ്ങൾ കൂടുതലായി വരുന്ന പല ഏരിയകളിലും ഒഴിവാക്ക പ്പെട്ടിട്ടുണ്ട്. അത് ഒഴിവാക്കണം. അതിന് മറ്റ് സംസ്ഥാനങ്ങളിലെ നിയമ ത്തിൽ കാണിച്ചിട്ടുള്ളതുപോലെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നുത ന്നെയാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. കെ. രാജു : സർ, ഈ ബില്ലിൽ ഉദ്ദേശിച്ച കാര്യങ്ങളുടെ വിവര ണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും താഴ്ന്ന നിലവാരത്തിലുള്ള ഉദ്യോഗ സ്ഥന്മാരിൽ നിന്ന് ലഭിക്കേണ്ടുന്ന സേവനങ്ങൾ ഉറപ്പാക്കുന്ന കാര്യങ്ങൾ മാത്രമേ സൂചിപ്പിക്കപ്പെടുന്നുള്ളൂ. പ്രത്യേകിച്ച് വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്......, പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, പരമാവധി തഹസീൽദാർ വരെ. അതിന് മുകളിലോട്ട് പ്രധാനപ്പെട്ട പദവികൾ വഹി ക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ട്, ഒരു അപേക്ഷ ചെന്നാൽ കൃത്യസമയത്ത് തീരുമാനമെടുക്കേണ്ട ഉദ്യോഗസ്ഥന്മാർ - സെക്രട്ടേറിയറ്റിലെ പ്രിൻസിപ്പൽ സെക്രട്ടറി മുതൽ താഴോട്ടുള്ള സെക്രട്ടറിമാർ, കളക്ടർമാർ തുടങ്ങിയവർ. ഒരു അപ്പീലാകട്ടെ അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യങ്ങളാകട്ടെ സ

മയബന്ധിതമായി ഒരു തീരുമാനമെടുത്ത് താഴോട്ട് വരുന്നില്ലെങ്കിൽ അത് ഒരു നീതിനിഷേധമാകും. അതുകൊണ്ട് സേവനത്തിന്റെ പരിധിയിൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാർ മാത്രം വന്നാൽ പോരാ, സെക്രട്ടേറിയ റ്റിലെ പ്രിൻസിപ്പൽ സെക്രട്ടറി മുതൽ താഴോട്ടുള്ളവരുൾപ്പെടെ വരത്തക്കരീതിയി ലുള്ള വ്യവസ്ഥകൾ അടങ്ങുന്നതായിരിക്കണം നമ്മൾ പാസ്സാക്കുന്ന ബിൽ എന്ന എന്റെ അഭിപ്രായത്തെക്കുറിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പിന് എന്താണ് പറയാനുള്ളത്?.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യം ഞാൻ ആദ്യമേ പറഞ്ഞിരുന്നു. സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള പ്രധാന പ്പെട്ട സർക്കാർ ഓഫീസുകളെ ഇതിന്റെ പരിധിക്കുള്ളിൽ വരുത്തണം എന്നതുതന്നെയാണ് എന്റെ അഭിപ്രായം. അത് ഈ നിയമത്തിന്റെ പരി മിതിയാണ്. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥന്മാ രെല്ലാം ഈ നിയമത്തിന്റെ പരിധിക്കുള്ളിൽ വരണം. ഇതു മായി ബന്ധപ്പെട്ട് ഒരു കാര്യം ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്, ഈ നിയമം നടപ്പിലാക്കിയ പല സംസ്ഥാനങ്ങളും ഈ നിയമത്തിന്റെ പരിധി യിൽ മന്ത്രിമാരെയും മന്ത്രിമാരുടെ ഓഫീസുകളെയുമൊക്കെ കൊണ്ടുവ രാൻ ആലോചിക്കുന്നുണ്ട്.. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സർക്കാർ സംവിധാനത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാർ മാത്രമാണ് ഇത്തരം കാര്യങ്ങൾക്കെല്ലാം വലിയ കാലതാമസം വരുത്തു ന്നത് എന്നുള്ള ഒരു ധാരണയുണ്ടാക്കുകയും അവരെമാത്രം ഇതിൽ ഉൾപ്പെ ടുത്തുകയും ചെയ്യുന്ന ഈ രീതി ശരിയല്ല. നമ്മുടെ സർക്കാർ സംവിധാന ത്തിലെ ഉത്തരവാദിത്വപ്പെട്ട മുകൾത്തട്ടിലുള്ള ആളുകൾ മുതൽ താഴെത്തട്ടി ലുള്ള ആളുകൾ വരെ ഈ സേവനവകാശ നിയമത്തിന്റെ പരിധിയിൽ വന്നാലേ നമ്മുടെ ജനാധിപത്യസംവിധാനം ശക്തിപ്പെടുകയുള്ളൂ, സാധാര ണക്കാരന് ഈ നിയമത്തെക്കുറിച്ച് ആത്മവിശ്വാസം വരികയുള്ളൂ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമത്തിൽ ഒരു ഫസ്റ്റ്

അപ്പലേറ്റ് അതോറിറ്റിയുമുണ്ട്, സെക്കന്റ് അപ്പലേറ്റ് അതോറിറ്റിയുമുണ്ട്. ഫസ്റ്റ് അപ്പലേറ്റ് അതോറിറ്റി എന്നുപറയുന്നത് പ്രത്യേകിച്ച് യാതൊരു അധികാരവുമില്ലാത്ത ഒരു അധികാരിയാണ്. അദ്ദേഹത്തിന്റെയടുത്ത് എന്തിനുചെന്നാലും അതിന്റെ മുകളിൽ സെക്കന്റ് അപ്പലേറ്റ് അതോറിറ്റി ഉണ്ട്. അദ്ദേഹം തീർപ്പ് കൽപ്പിക്കുന്ന കാര്യങ്ങൾക്ക് താഴെത്തട്ടിലുള്ള കൺസേൺഡ് ഉദ്യോഗസ്ഥൻ അത് ഗൗനിച്ചില്ലെങ്കിൽ ഏതെങ്കിലും തരത്തിൽ നടപടിയെടുക്കാനുള്ള ഒരു അധികാരവും ഫസ്റ്റ് അപ്പലേറ്റ് അതോറിറ്റിക്കില്ല. അപ്പോൾ ഫസ്റ്റ് അപ്പലേറ്റ് അതോറിറ്റി എന്ന് പറയുന്നത് ഒരു നോക്കുകുത്തി മാത്രമാണ്. അതിന്റെ മുകളിലുള്ള സെക്കന്റ് അപ്പലേറ്റ് അതോറിറ്റിയിലാണ് ഏതാണ്ട് എല്ലാ അധികാരവും കേന്ദ്രീകരിച്ചിരിക്കുന്നത്. അത് ശരിയല്ല. ഒരു കാര്യത്തിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച് തന്റെ മുമ്പിൽ വരുന്ന ഒരു അപ്പീലിൽ തീരുമാനമെടുക്കുന്ന ഫസ്റ്റ് അപ്പലേറ്റ് അതോറിറ്റിക്ക് അത് നടപ്പാക്കാത്ത ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കാനുള്ള അധികാരവും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. എങ്കിൽ മാത്രമേ ഈ നിയമത്തിന് കൂടുതൽ ശക്തി കിട്ടുകയുള്ളൂ എന്നാണ് എന്റെ അഭിപ്രായം. ഞാൻ വീണ്ടും പറയുന്നത് ഈ നിയമം പാസ്സാക്കിയതോടുകൂടി കേരളത്തിൽ എല്ലാമായി, കേരളത്തിന്റെ സർക്കാർ സർവ്വീസ് സുതാര്യമായി, കേരളത്തിൽ അഴിമതി തുടച്ചു നീക്കപ്പെട്ടു, കേരളത്തിലെ സാധാരണക്കാരനെല്ലാമായി എന്നുള്ള ഒരു ധാരണ പരത്താൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അത് ശരിയല്ല. കാരണം ഞാൻ നേരത്തെ പറഞ്ഞതുപോലെ നമ്മുടെ നാട്ടിലെ സർക്കാരും, മുൻ സർക്കാരും പല ഗവൺമെന്റുകളും നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികൾ ഓരോന്നും അട്ടിമറിക്കപ്പെടുകയാണ്. റേഷൻ സംവിധാനങ്ങൾ തകർക്കുന്നു, റേഷൻ സംവിധാനത്തിന്റെ അപാകതകൾ ഓരോ ദിവസവും കൂടിക്കൂടി വരുന്നു, വിലകൾ കയറി വരുന്നു, സാധാരണക്കാരനുവേണ്ടി പ്രഖ്യാപിച്ച പെൻഷൻ പദ്ധതികൾ പലതും നടപ്പിലാകുന്നില്ല, പെൻഷൻ കുടിശ്ശികകൾ വരുന്നു. പരാതിയുമായി അവർ ആരുടെ അടുത്തു

പോകും? പെൻഷൻ കിട്ടാത്തതിന്റെ പേരിൽ അവിടെയുമിവിടെയുമായി അവർ ഓടിനടക്കുകയാണ്. ഉദാരവൽക്കരണത്തിന്റെയും നവലിബറൽ നയങ്ങളുടെയും ഫലമായി നമ്മുടെ സംവിധാനത്തിൽ സാധാരണക്കാരന് അനുകൂലമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളും, പ്രഖ്യാപിച്ച എല്ലാ ആനുകൂല്യങ്ങളും അട്ടിമറിക്കപ്പെടുകയും നടപ്പാക്കപ്പെടാതിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഈ നിയമംകൊണ്ട് എന്ത് പ്രസക്തിയാണുള്ളത്? അവന് കിട്ടേണ്ട ചില കടലാസ്സുകൾ അവന് കൃത്യസമയത്ത് കിട്ടുന്നുണ്ടെന്ന് ഈ നിയമം ഉറപ്പുവരുത്തുന്നു. പക്ഷേ അവന്റെ ജീവിതത്തെ മുഴുവൻ ബാധിക്കുന്ന സാരവത്തായ കാര്യങ്ങൾ നടപ്പാക്കിക്കിട്ടാൻ അവർ ആരെ സമീപിക്കും? ഗവൺമെന്റ് പ്രഖ്യാപിക്കുന്ന പദ്ധതികളെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരണ്ടേ? ഗവൺമെന്റ് ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നതും കാലാകാലങ്ങളിൽ നടപ്പാക്കുന്നതുമായ പദ്ധതികളുടെ ഗുണഫലം സാധാരണക്കാരന് കിട്ടുന്നതിൽ വീഴ്ച വന്നാൽ അവന് ആരെയെങ്കിലും സമീപിക്കാൻ ഒരു അവസരമുണ്ടാകണ്ടേ; അത് നടപ്പാക്കുമെന്ന് ഉറപ്പുവരുത്തേണ്ടേ? ബഡ്ജറ്റിൽ തുക കൊള്ളിക്കാത്ത പദ്ധതികൾ ഓരോന്ന് പ്രഖ്യാപിക്കുക, അത് നടപ്പാക്കാതിരിക്കുക, പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് വേണ്ടത്ര തുക ബഡ്ജറ്റിൽ കൊള്ളിക്കാതിരിക്കുക. ഇതിനൊക്കെ ആര് ആരോട് സമാധാനം പറയും. ഈ നാട്ടിലെ സാധാരണക്കാരൻ അതിന് ആരുടെ അടുത്ത് പോകും? കഴിഞ്ഞ ഗവൺമെന്റുകൾ നടപ്പാക്കിയ പല ക്ഷേമ പദ്ധതികളും പുറകെ വരുന്ന ഗവൺമെന്റുകൾ ഏകപക്ഷീയമായി നിറുത്തലാക്കുക........, ഇ.എം.എസ്. ഭവനപദ്ധതിയുടെ കാര്യത്തിൽ ഇപ്പോൾ സംഭവിച്ചിട്ടുള്ളതുപോലെ. ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടാകാതെ ഈ സേവനാവകാശ നിയമം നടപ്പാക്കിയെന്ന് നമ്മൾ മേനി പറഞ്ഞിട്ട് ഒരു കാര്യവുമില്ല. ഇതിനെ സംബന്ധിച്ച് വ്യാപകമായ ചർച്ച വേണ്ടേ. ഇത്തരം പ്രധാനപ്പെട്ട ഒരു നിയമം നടപ്പിലാകുമ്പോൾ........., ഈ മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി എൻ.ജി.ഒ.-കളുണ്ട്, അഖിലേന്ത്യാ തലത്തിലുണ്ട്, കേരളത്തിൽ സർക്കാർ ജീവന

ക്കാരുടെ സംഘടനകളുണ്ട്, മുഖ്യമന്ത്രി പറയുന്നത് ഈ നിയമം പാസ്സാക്കിയതിനുശേഷം സർക്കാർ ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുമെന്നാണ്. അങ്ങനെ ചർച്ച ചെയ്തിട്ടെന്താണ് കാര്യം? ഈ നിയമത്തിന്റെ അപരപ്യാപ്തത എന്താണെന്നും....മറ്റും അവർ മനസ്സിലാക്കണം. കാരണം അവരാണ് ഇതിനകത്ത് ഏറ്റവും കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി പെരുമാറേണ്ട ആളുകൾ. അവരുടെ വീക്ഷണമെന്താണ് എന്നുള്ളതും അവരുടെ അഭിപ്രായമെന്താണെന്നുള്ളതും ഇക്കാര്യത്തിൽ തിരക്കേണ്ടതാണ്. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു നിയമമെന്ന നിലയിൽ പൊതുജനങ്ങളുടെ അഭിപ്രായവും ഇതിനകത്ത് ആരായേണ്ടതാണ്. അതുകൊണ്ട് ഇതിനെ ഒരു സെലക്ട് കമ്മിറ്റിക്ക് വിടണം, വ്യാപകമായ പൊതുജനാഭിപ്രായം ഇക്കാര്യത്തിൽ തേടണം എന്ന ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. ഇംഗ്ലണ്ടിലാണ് ആദ്യമായി സിറ്റിസൺസ് ചാർട്ടർ കൊണ്ടുവന്നത്. സിറ്റിസൺസ് ചാർട്ടർ പരിമിതമാണെന്ന് മനസ്സിലായപ്പോൾ സേവനാവകാശ നിയമം കൊണ്ടുവന്നു. അതിന്റെ ചുവടുപിടിച്ച് നമ്മുടെ നാട്ടിലും പരിമിതമായ ചില നടപടികൾ നടന്നു. കേരളത്തിൽ പൗരാവകാശരേഖ വന്നു. ഡോ. ടി. എം. തോമസ് ഐസക് ട്രഷറി വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കി. അതിനെ സംബന്ധിച്ച് മന്ത്രി തന്നെ പങ്കെടുത്ത മീറ്റിംഗുകൾ നടന്നു. ജനങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ചു. അതൊക്കെ ആ വകുപ്പുകളിൽ കാതലായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ അതും ഇതും തമ്മിലുള്ള വ്യത്യാസം, ഇത് നമ്മുടെ നാട്ടിലെ ഉദ്യോഗസ്ഥന്മാർ ജനങ്ങളുടെ മുമ്പിൽ ഉത്തരവാദിത്വത്തോടുകൂടി പെരുമാറണം. പെരുമാറിയില്ലെങ്കിൽ അവർക്ക് പിഴ ചുമത്തും എന്നുള്ളതാണ് ഈ നിയമത്തിന്റെ teeth. ഇത് നിരുപദ്രവകരമായ കുറേ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന നിയമം മാത്രമായി മാറരുത്. മന്ത്രിമാരും ഗവൺമെന്റും സെക്രട്ടേറിയറ്റിലെ ഉന്നത ഉദ്യോഗസ്ഥരും ഈ നിയമത്തിന്റെ പരിധിയിൽ വന്നാൽ മാത്രമേ ഈ നിയമം ഫലപ്രദമാകൂ, ജനാധിപത്യ സംവിധാനം ശക്തിപ്പെടുകയുള്ളൂ എന്നുപറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. പി. തിലോത്തമൻ: സർ, ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം................

മി. ചെയർമാൻ: അതുവേണ്ട അങ്ങേയ്ക്ക് സംസാരിക്കാം. പ്രമേയം all ready moved ആണ്. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. പി. തിലോത്തമൻ: ഈ ബില്ലിന്മേൽ അവതരണം നടത്തിക്കൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി നമ്മുടെ ജനാധിപത്യ വ്യവസ്ഥയെക്കുറിച്ചും ആ വ്യവസ്ഥയുടെ സദ്ഗുണങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിന് സ്വീകരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും ദീർഘമായി സംസാരിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ട് 65 വർഷമായി. ഈ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കുന്നതിന് നമുക്ക് വഴികാട്ടിയായത് 2005-ലെ വിവരാവകാശ നിയമമാണ്. ഒന്നാം യു.പി.എ ഗവൺമെന്റിന്റെ കാലത്ത്, ഇടതുപക്ഷത്തിന്റെ കൂടെ പിന്തുണയുള്ള ഗവൺമെന്റ്, ഇടതുപക്ഷം ശക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വിവരാവകാശ നിയമം നടപ്പിലായതെന്ന് നമുക്ക് എല്ലാവർക്കും അറിയാം. അതിനുമുമ്പ് എത്രയോ വർഷങ്ങൾ, ഇപ്പോഴും എത്രയോ വർഷങ്ങൾ നാം പിന്നിടുകയാണ്. ജനാധിപത്യത്തിന്റെ അന്തഃസത്ത അനുഭവവേദ്യമാക്കാൻ കഴിയാത്ത മഹാഭൂരിപക്ഷം ആളുകളുടെയും സ്ഥിതിയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഞാൻ അക്കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. എത്രയോ മഹത്തായ നിയമനിർമ്മാണത്തിന് സാക്ഷ്യം വഹിച്ചിട്ടുള്ളതാണ് ഈ നിയമസഭ. ആ മഹത്തായ പാരമ്പര്യമുള്ള നിയമനിർമ്മാണ സഭയ്ക്ക് ഇതിനേക്കാൾ മുമ്പു തന്നെ നിയമനിർമ്മാണം നടപ്പിൽ വരുത്താൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുവാൻ കഴിയുമായിരുന്നതാണ്. എത്രയോ കാര്യങ്ങളിൽ നമ്മുടെ സംസ്ഥാനം ഒരു മോഡലായി രാജ്യത്ത് നിലകൊണ്ടിട്ടുണ്ട്. രാജ്യത്തിന് വെളിയിലുള്ളവർ

പോലും ഇവിടെ വന്ന് നാം നേടിയിട്ടുള്ള മഹത്തായ നേട്ടങ്ങളെക്കുറിച്ച് മൂക്കത്ത് വിരൽവച്ച് സംസാരിച്ചിട്ടുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, മുഖ്യമന്ത്രി അവതരിപ്പിച്ചത് പ്രധാനപ്പെട്ട ബില്ലാണ്. ബില്ലിന്റെ ചർച്ച എം.എൽ.എ-മാരോടൊപ്പം ഉദ്യോഗസ്ഥന്മാരും കേൾക്കേണ്ടതാണ്. ഇവിടെ ഒറ്റ ഉദ്യോഗസ്ഥർ പോലുമില്ല. ആകെ രണ്ടുപേ രാണുള്ളത്. മുഖ്യമന്ത്രി അവതരിപ്പിച്ചതാണ്, ഉദ്യോഗസ്ഥന്മാരെല്ലാം കേൾക്കേണ്ടതാണ്.

മി. ചെയർമാൻ: അംഗങ്ങളും ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ ഉപസഭ കളൊക്കെ നടക്കുന്നുണ്ട്. രണ്ട് ഭാഗത്തും ഉണ്ട്.

ശ്രീ. വി. ശിവൻകുട്ടി: എന്റെ ചോദ്യത്തിന് അങ്ങ് അഭിപ്രായം പറഞ്ഞില്ല.

മി. ചെയർമാൻ: മുഖ്യമന്ത്രി ആവശ്യത്തിന് ആളുണ്ടെന്ന് പറഞ്ഞു. അദ്ദേഹം തന്നെ സഭയിലുണ്ടല്ലോ.

ശ്രീ. പി. തിലോത്തമൻ: ജനങ്ങൾ നൽകുന്ന കരം കൊണ്ടാണ് ജനാധിപത്യഭരണക്രമത്തിൽ ഭരണസംവിധാനത്തിന്റെ താഴേത്തട്ട് മുതൽ മുകൾത്തട്ടുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കാൻ കഴിയുന്നത്. ജനാധിപത്യത്തിന്റെ യജമാനന്മാർ ജനങ്ങളാണ്. ജനങ്ങളുടേതാണ് അവസാനത്തെ വാക്ക്. 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ ജനാധിപത്യത്തിന്റേതാണ് നമ്മുടെ വഴിയെന്ന് നമ്മുടെ ദേശീയ പ്രസ്ഥാനം അംഗീകരിക്കുമ്പോൾ തന്നെ എത്രയോ പാശ്ചാത്യ രാജ്യങ്ങളുടെ രാഷ്ട്ര മീമാംസകർക്ക് അത് സംബന്ധമായ ഒരുപാട് സംശയങ്ങളുണ്ടായിരുന്നു. ചിലർ പറഞ്ഞത്, ഇന്ത്യയ്ക്ക് പരമാവധി 25 വർഷം അങ്ങനെ പോകാൻ കഴിയും, അതിനപ്പുറം പോകാൻ കഴിയില്ലെന്നാണ്. എന്നാൽ മഹത്തായ

പാരമ്പര്യമുള്ള നമ്മുടെ ദേശീയ പ്രസ്ഥാനംതന്നെ ആ പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന ഓരോ ഘട്ടങ്ങളിലും ജനാധിപത്യത്തെക്കുറിച്ചാണ്, അതിന്റെ വ്യവസ്ഥയെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. വർഷം ഒരുപാട് കഴിഞ്ഞിട്ടും ഓരോ അഞ്ച് വർഷം കൂടുമ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പിൽ നമ്മൾ ആവർത്തിച്ചാവർത്തിച്ച് അതിനോട് അനുകൂലമായി വോട്ട് രേഖപ്പെടുത്തുകയാണ്, അംഗീകരിക്കുകയാണ്. എന്നാലും ഇത്രയേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ഇവിടെ പറഞ്ഞതുപോലെ ജനാധിപത്യത്തിന്റെ അവസാന വാക്കായ ജനങ്ങൾ, ജനാധിപത്യ വ്യവസ്ഥയിലെ യജമാനൻമാരായ ജനങ്ങൾക്ക് ലഭിക്കേണ്ടതായ നീതി ഈ ഭരണവ്യവസ്ഥയിൽ നിന്ന് ലഭിക്കുന്നുണ്ടോയെന്ന് ചോദിച്ചാൽ ഇല്ലായെന്നുള്ളതാണ് സത്യം. ഇവിടെ മുഖ്യമന്ത്രിതന്നെ പലകുറി നേരത്തേയും പറഞ്ഞിട്ടുണ്ട് ഇപ്പോഴും അദ്ദേഹം അതുതന്നെയാണ് സൂചിപ്പിച്ചുകൊണ്ട് സംസാരിച്ചതും. അതുകൊണ്ട് ജനങ്ങൾക്ക് കരുത്തുറ്റ അവരുടെ കയ്യിലെ ആയുധമായി തീരേണ്ട അവകാശം, അതിനു സഹായകരമായ നിയമം കുറ്റമറ്റതാക്കി തീർക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങൾക്ക് തീർച്ചയായും നമുക്ക് നമ്മുടേതായ പങ്ക് നിർവഹിക്കാൻ കഴിയണം. അതുകൊണ്ടുതന്നെ കൂട്ടിച്ചേർക്കേണ്ടതും ഉൾക്കൊള്ളേണ്ടതുമായ കാര്യങ്ങൾ ഉൾക്കൊള്ളണമെന്നാണ് അതുസംബന്ധിച്ച് ആദ്യമായി എനിക്ക് പറയാനുള്ളത്. ഒന്ന്, ഈ ബില്ലിനെ സംബന്ധിച്ച് ബഹുജനങ്ങൾക്കിടയിൽ ധാരാളം ചർച്ച നടക്കുന്നുണ്ട്. അവർ പ്രകടിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആശങ്ക, ജനങ്ങൾക്ക് സേവനം കൃത്യസമയത്ത് ഉറപ്പുവരുത്തേണ്ട ഉദ്യോഗസ്ഥൻ അത് നിർവ്വഹിച്ചില്ലായെങ്കിൽ അവർക്ക് അപ്പീൽ കൊടുക്കാമെന്നും അതിനുള്ള അപ്പലേറ്റ് അതോറിറ്റിയെ സംബന്ധിച്ചും ഈ കരട് ബില്ലിൽ പറയുന്നുണ്ട്. അതുകഴിഞ്ഞാൽ സെക്കന്റ് അതോറിറ്റിയെ സംബന്ധിച്ചും പറയുന്നുണ്ട്. അങ്ങനെ ആ നീതി നിർവ്വഹണം നടത്തിയില്ലെങ്കിൽ ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സർവ്വീസ് കൃത്യസമയത്ത് നടപ്പാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 500 രൂപ മുതൽ 5000 രൂപ വരെ പിഴ ഈടാക്കാമെന്നും വ്യ

വസ്ഥ ചെയ്യുന്നുണ്ട്. അതിനപ്പുറത്തേയ്ക്ക് പോകുന്നില്ല. 500 രൂപയോ 5000 രൂപയോ, ഉദ്യോഗസ്ഥവൃന്ദത്തെ സംബന്ധിച്ചിടത്തോളം പണം ചെല വഴിക്കുകയെന്ന് പറഞ്ഞാൽ അവർക്ക് ഒരിക്കലും സഹിക്കാത്ത കാര്യമാണെന്ന് അറിയാം. എന്നാലും നമ്മുടെ രാജ്യത്ത്, നമ്മുടെ സംസ്ഥാനത്ത് വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ വൃന്ദങ്ങൾ, അതിൽ ചെറിയ ന്യൂനപക്ഷ ആളുകൾ മറ്റേത് കാര്യത്തേക്കാളും ജനങ്ങളെ വേട്ടയാടുന്ന കാര്യത്തിൽ മുന്നിലാണെന്ന് ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള അനുഭവങ്ങൾ നമുക്ക് തന്നെ ചൂണ്ടിക്കാണിക്കാൻ ഉണ്ടാകും. പോലീസ് സ്റ്റേഷനിൽ എം.എൽ.എ-മാർ ചെന്നാൽ പോലും എന്താ ഒന്ന് കൂടിക്കൂടെ, ഒരു ചെലവ് നടത്തിക്കൂടെയെന്ന് ചോദിക്കുന്ന കാലമാണിത്. സാധാരണക്കാരന് അവിടെ അകത്ത് കയറാൻ കഴിയില്ല. ശുപാർശയുടെയോ, ബന്ധപ്പെടലിന്റെയോ, കൈക്കൂലിയുടേയോ കാര്യമില്ലാതെ ഒരു ആഫീസിൽ കടന്നുചെല്ലാൻ കഴിയാത്ത അവസ്ഥ പലയിടത്തും സംജാതമായിട്ടുണ്ടെന്ന സത്യം നമ്മൾ മനസ്സിലാക്കിയേ മതിയാകൂ. എല്ലാവരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. അത്തരമൊരു സന്ദർഭത്തിൽ പിഴ കൊണ്ട് അവസാനിക്കേണ്ട കാര്യമല്ല. അതിനേക്കാൾ അപ്പുറത്ത്, ആ ഉദ്യോഗസ്ഥന്റെ മേലുള്ള സുപ്രീം അതോറിറ്റിക്ക് നടപടി സ്വീകരിക്കാൻ, ആ കുറ്റത്തിന് വീഴ്ച വരുത്തിയതിന് നടപടി സ്വീകരിക്കാൻ ആവശ്യമായ അധികാരം ലഭ്യമാക്കാൻ ഈ ബില്ലിന്റെ പരിധിയിൽ ക്ലോസ് ഉണ്ടാകേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. രണ്ടാമത്തെ കാര്യം, ഈ ബില്ലിന്റെ ലക്ഷ്യത്തെ സംബന്ധിച്ച് പറയുന്ന ഭാഗത്ത്, increase transparency and public accountability. എന്നാൽ അവിടെ ഒരു കാര്യം കൂടി വരേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഒന്ന്, to reduce corruption among the public service. ഇവിടെ accountability ഇല്ലാത്തത്, സമയക്ലിപ്തതയില്ലാത്തത്, സമയത്തിന് ചെയ്തുകൊടുക്കാത്തത്, സുതാര്യത ഇല്ലാത്തത് അതിന്റെയെല്ലാം പിന്നിൽ ഒളിച്ചിരിക്കുന്ന ലക്ഷ്യമെന്ന് പറഞ്ഞാൽ അഴിമതി നടത്തു

കയെന്നുള്ളതാണ്. യഥാസമയത്ത് അവകാശം നിഷേധിക്കപ്പെടുന്നത്, അവകാശം സംരക്ഷിക്കാൻ കഴിയാതെ വരുന്നത്, സമയത്ത് കാര്യങ്ങൾ ചെയ്തുകൊടുക്കാത്തത് അതിൽ transparency ഉണ്ടാകാതെ വരുന്നത് അഴിമതി നടത്താനുള്ള ഒന്നാന്തരം അവസരം സൃഷ്ടിക്കലാണ്. അതു കൊണ്ട് അഴിമതിക്ക് കളമൊരുക്കാൻ അവസരം ഉണ്ടാകാത്തതാണ് ഇതിന്റെ main objective ആയി വരേണ്ടതെന്നാണ് എന്റെ പക്ഷം അതു ംകൂടി ചേർക്കേണ്ടതുണ്ട്. അതുസംബന്ധിച്ച് എത്ര സമയം വേണമെങ്കിലും പറയാം. ഞാൻ അതിന്റെ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഒരുപാട് നിയമങ്ങൾ നമ്മുടെ മുമ്പിലുണ്ടായിട്ടുണ്ട്. ഒരുപാട് ഭരണപരിഷ്ക്കാര കമ്മീ ഷനുകൾ നമ്മുടെ സംസ്ഥാനം കണ്ടിട്ടുണ്ട്. 1957-ലെ ഗവൺമെന്റിന്റെ കാലംമുതൽ ഇങ്ങോട്ട് എത്രയോ ഗവൺമെന്റുകൾ സിവിൽ സർവ്വീസിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഒരുപാട് പഠനങ്ങൾ നടത്തിയിട്ടുണ്ട് അതിന്റെ റിപ്പോർട്ടുകളും ഇവിടെയുണ്ട്. എന്നാലും ആ റിപ്പോർട്ടുക ളൊക്കെ പൊടിതട്ടി തുറന്നുനോക്കാൻ പോലും കഴിയാതെ, ക്രിയേറ്റീവ് ആയിട്ടുള്ള നിർദ്ദേശങ്ങളെല്ലാം പരിശോധിക്കാൻ പോലും തയ്യാറാകാതെ മുന്നോട്ട് പോയിട്ടുള്ള അവസ്ഥയാണ് ഇവിടെ ഉണ്ടായിട്ടുള്ളത് അതിന് ഞാൻ ഒരാളെ മാത്രം കുറ്റം പറയുന്നില്ല. നമുക്ക് അങ്ങനെയൊരു സ്ഥിതി യാണ് ഇവിടെ അവലംബിക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ഇപ്പോൾ വളരെ ഫലപ്രദമായി വിവരാവകാശ നിയമത്തിന്റെ പിന്തുടർച്ച എന്ന നില യിൽ സേവനാവകാശ നിയമം വരുമ്പോൾ എല്ലാ പ്രശ്നങ്ങൾക്കും പരിഹാ രമായി എന്നു പറയാൻ കഴിയാത്ത ഒരവസ്ഥയിലാണ് നമ്മൾ നിൽക്കുന്ന ത്. ഈ നിയമം വളരെ പ്രധാനപ്പെട്ട നിയമമാണ്. ജനങ്ങളുടെ കയ്യിൽ ലഭിക്കാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരായുധമാണ് എന്നുള്ള തൊക്കെ ശരിയാണെങ്കിലും ആ നിയമം നടപ്പിൽ വരുന്നതിനുമുമ്പ് കുറേ യധികം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതാണ് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിനെ വിലകുറച്ച്

കാണേണ്ടതില്ല. ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ച് നമുക്കറിയാം ജനങ്ങൾക്ക് ആകെ പരാതിയാണ്. ഒരു ഓഫീസിലേയ്ക്ക് ഫോൺ ചെയ്താൽ പോലും എടുക്കാൻ ആളില്ല. അവർ ആദ്യം റിസീവർ എടുത്ത് മാറ്റി വയ്ക്കും എന്നാണ് എല്ലാ ആളുകളും പറയുന്നത്. എന്നാൽ ഒരു കാര്യം നാം ബോധ്യപ്പെടണം. പത്തുപതിനഞ്ച് വർഷങ്ങൾക്കുമുമ്പ് വൈദ്യുതി കണക്ഷൻ ഉണ്ടായിരുന്ന വീടുകളും ഓഫീസുകളും കേന്ദ്രങ്ങളും എത്രയോ ഇരട്ടിയായി ആ സെക്ടർ ഇന്ന് വളർന്നിരിക്കുന്നകയാണ്. എന്നാൽ ജീവനക്കാരുടെ എണ്ണം വേണ്ടത്ര വർദ്ധിച്ചിട്ടുണ്ടോ; അവർ ചെയ്യേണ്ട ജോലിഭാരത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ? അപചയങ്ങൾ ഇല്ലാതെയല്ല. കുറവുകൾ ഇല്ലാതെയില്ല. ഉദ്യോഗസ്ഥന്മാരുടെ നിഷേധപരമായ സമീപനങ്ങൾ ഇല്ലാതെയല്ല. അതൊന്നും കുറച്ചുകണ്ടുകൊണ്ടല്ല. എന്നാൽ അവർക്ക് വന്നിരിക്കുന്ന അമിതമായ ചുമതലകളും ഭാരങ്ങളും കണ്ടുകൊണ്ടുവേണം നമ്മൾ അതിലേയ്ക്ക് പോകേണ്ടത്. ഈ നിയമം നടപ്പിൽ വരുത്തുന്നതിനുമുമ്പ് ചെയ്യേണ്ട നിരവധി കാര്യങ്ങൾ ഉണ്ട്. അക്കാര്യത്തിൽ നമ്മൾ അടിയന്തരമായ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ ഈ ബില്ല് അവതരിപ്പിക്കേണ്ടത് മലയാളത്തിൽ ആയിരിക്കണമെന്ന് പൊതുവിൽ ഒരഭിപ്രായം വന്നു. ബഹുമാന്യനായ മുഖ്യമന്ത്രി അതു സംബന്ധമായ വിശദീകരണം നൽകുകയുണ്ടായി. എന്നാൽ ഭരണഭാഷ മലയാളമാക്കിയിട്ടും ഇന്ന് സെക്രട്ടേറിയറ്റിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ പരിശോധിച്ചാൽ അത് ഇംഗ്ലീഷിൽ ആണ്. അത് തുടർന്ന് ഇങ്ങോട്ട് താഴെത്തലം വരെ നമുക്ക് കാണാൻ കഴിയുന്നുണ്ട്. സാധാരണക്കാരന് ഒരു അപേക്ഷ കൊടുക്കേണ്ടി വന്നാൽ എങ്ങനെ കൊടുക്കണം, അതിനോടൊപ്പം എന്തെല്ലാം രേഖകൾ ഉണ്ടാകണം, അത് എവിടെയാണ് കൊടുക്കേണ്ടത് എന്നതിനെ സംബന്ധിച്ച് വ്യക്തമായ ധാരണ പൊതുജനത്തെ സംബന്ധിച്ചിടത്തോളമില്ല. റേഷൻ കാർഡിന് അപേക്ഷ കൊടുക്കേണ്ടി വന്നാലും വരുമാനസർട്ടിഫിക്കറ്റിന് അപേക്ഷ കൊടുക്കേണ്ടി വന്നാലും മറ്റ് ആവശ്യമായ രേഖകൾ സമ്പാദിക്കണമെങ്കിലും അതിന് എവിടെ അപേക്ഷ കൊടു

ക്കണം, എങ്ങനെ കൊടുക്കണം, അതിനോടൊപ്പം എന്തെല്ലാം രേഖകൾ ഉണ്ടാകണം, അത് എവിടെയാണ് കൊടുക്കേണ്ടത് എന്നുള്ളത് സാധാരണക്കാരായ പൊതുജനങ്ങൾക്ക് ഇപ്പോഴും അറിവില്ല എന്നുള്ളതാണ് കാണാൻ കഴിയുന്നത്. ജനപ്രതിനിധികളായ നമ്മുടെ മുമ്പിൽ അവരെല്ലാവരും ഏതു സർട്ടിഫിക്കറ്റിനാണെങ്കിലും വരികയാണ്. എന്താണ് ചെയ്യേണ്ടത്? സ്വാതന്ത്ര്യത്തിന്റെ 65 വർഷം പിന്നിടുന്ന സന്ദർഭത്തിലും ജനാധിപത്യം അതിന്റെ അന്തഃസത്തയും എല്ലാ തലങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ നമുക്ക് ഇപ്പോഴും കഴിയുന്നില്ല എന്നുള്ളതാണ് സത്യം. ആ സ്ഥിതിയാണ് ഇവിടെ അഴിമതിക്ക് കളമൊരുക്കാനുള്ള അവസരമൊരുക്കി കൊടുക്കുന്നത്. അതുകൊണ്ട് ജനങ്ങളെ ബോധവാന്മാരാക്കുക, ജനങ്ങൾക്ക് ഇക്കാര്യങ്ങളിൽ ഒരു ധാരണ ഉണ്ടാക്കാൻ കഴിയുക, ആ ഒരവസ്ഥയക്ക് മാറ്റമുണ്ടാക്കാൻ അടിയന്തിരമായ നടപടി ഉണ്ടാകേണ്ടത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ഇത്തവണ പാസ്സാക്കിയ ബഡ്ജറ്റിനെയും അതിൽ പറയുന്ന വികസനകാര്യങ്ങളെയും വികസന പ്രവർത്തനങ്ങളെയും കുറിച്ച് നമുക്കറിയാം. എത്രയോ വർഷം കഴിഞ്ഞാണ് നമുക്ക് നടപ്പിലാക്കാൻ കഴിയുന്നത്. ഒരു പാലമോ, കെട്ടിടമോ, സർക്കാർ ഓഫീസ് കെട്ടിടമോ വേണം എന്നതിനെ സംബന്ധിച്ച് ഫണ്ട് അനുവദിച്ചാൽത്തന്നെ അത് യാഥാർത്ഥ്യമാക്കാൻ എത്രയോ പടവുകൾ കയറിയിറങ്ങി അതിനു പിന്നാലെ നടന്നിട്ടുവേണം അത് സാക്ഷാത്കരിക്കാൻ. ഒരുപാട് പടവുകളുണ്ട്. ജനപ്രതിനിധികൾ ചെന്നാൽ തന്നെ ഒരു മേശപ്പുറത്തു നിന്ന് ഫയൽ നീങ്ങണമെങ്കിൽ എത്രയോ മാസങ്ങൾ എടുക്കേണ്ടി വരുന്നു. അത്തരത്തിൽ ഒരവസ്ഥ....... ചുവപ്പുനാടയുടെ കെട്ടിൽപ്പെട്ട് ഇപ്പോഴും എല്ലാ പ്രശ്നങ്ങളും അതിന്റെ അന്ത്യനിദ്ര കൊള്ളേണ്ട അവസ്ഥ വരികയാണ്. ആ ഒരവസ്ഥയ്ക്ക് മാറ്റം വരണം. അപ്പോൾ സാധാരണ പൊതുജനത്തിന്റെ കാര്യം പറയേണ്ടതുണ്ടോ? ഈ ബില്ലിന്റെ പ്രസക്തി വളരെ പ്രധാനപ്പെട്ടതാണ്. നിയമമായി നടപ്പിൽ വരുത്തേണ്ട കാര്യത്തെക്കുറിച്ച് പ്രസക്തമായ ചോദ്യങ്ങൾ വരികയാണ്. അടിസ്ഥാനപരമായ സൗകര്യങ്ങൾ ഒരു

ക്കുക എന്നതും വളരെ പ്രധാനപ്പെട്ടതാണ് എന്നുള്ളതും കുറച്ചുകാണുക യല്ല അതും വളരെ ആവശ്യമാണ്. എന്നാൽ അതോടൊപ്പം ഗവൺമെന്റ് ജാഗ്രതയോടെ നിലകൊള്ളേണ്ട എത്രയോ കാര്യങ്ങളുണ്ട്. കഴിഞ്ഞ ദിവസം എനിക്കൊരനുഭവമുണ്ടായി. ചികിൽസാ ധനസഹായത്തിനായി എം.എൽ.എ. വഴി മുഖ്യമന്ത്രിക്ക് അപേക്ഷ കൊടുത്തു. അദ്ദേഹം വളരെ സീരിയസായി എടുക്കാറുണ്ട്. എന്നാൽ താലൂക്കാഫീസിൽ പോയി, അവിടെ നീണ്ട ക്യൂ ആണ്. അതുസംബന്ധമായ പേപ്പർ നമ്മൾ മുഖ്യ മന്ത്രിക്ക് അയച്ച് അത് നമുക്ക് കിട്ടുമ്പോൾ ബന്ധപ്പെട്ട ഗുണഭോക്താവിന്, മുഖ്യമന്ത്രി ഇത്ര രൂപ അനുവദിച്ചിരിക്കുകയാണ് താലൂക്കാഫീസുമായി ബന്ധപ്പെടണമെന്ന് ഞാൻ ഒരു കാർഡ് അയയ്ക്കുകയാണ്. ആ ഓഫീസി ലേയ്ക്ക് ചെല്ലുമ്പോൾ താലൂക്കാഫീസിലെ ജീവനക്കാർ പറയുന്നത് എം. എൽ.എ.യ്ക്ക് ഓഫീസിൽ വേറെ പണിയില്ലാഞ്ഞിട്ട് ചെയ്യുന്നതാണ്. നമ്മളെ ഇളിഭ്യരാക്കി, കളിയാക്കി ബന്ധപ്പെട്ട ആളുകളെ തിരിച്ചയയ്ക്കുന്ന സ്ഥിതിയാണ്. അവരുടെ മുമ്പിൽ വച്ച് നമ്മളെ മോശമാക്കി ചിത്രീകരി ക്കുന്ന അവസ്ഥ തന്നെ ഇവിടെ ചൂണ്ടിക്കാണിക്കപ്പെടേണ്ടതുണ്ട്. ആ അപേക്ഷയ്ക്ക് അനുവദിക്കപ്പെടുന്ന പണം ആ രോഗി മരിച്ച് പതിനാറടിയ ന്തിരം കഴിഞ്ഞാലും പിന്നെ അവരുടെ അവകാശികൾ വന്ന് ഒപ്പിട്ട് വാങ്ങേണ്ട അവസ്ഥയാണ് ഇവിടെ ഉണ്ടാകുന്നത്. അതിനൊക്കെ കാത ലായ മാറ്റം വരണം. തീർച്ചയായും മാറ്റം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ തന്നെ വികസനപ്രവർത്തനങ്ങളുടെ കാര്യ ത്തിലും മാറ്റം ഉണ്ടാകണം. അതുകൊണ്ട് ഈ ബില്ലിന് വളരെ പ്രാധാന്യ മുണ്ട്. അത് നടപ്പിൽ വരുത്തേണ്ടത് വളരെ ആവശ്യമാണ്. അതോടൊപ്പം തന്നെ അതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ട നിരവധി കാര്യങ്ങളുണ്ട്.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട അംഗം താങ്കൾക്ക് ഇനി എത്ര സമയം വേണം?

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ നിർത്താം. ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞ പ്രധാനപ്പെട്ട ഒരു പോയിന്റ്, ഈ നിയമം പ്രാവർത്തികമാക്കുന്നതിനുമുമ്പ് നമ്മുടെ സർവ്വീസ് മേഖലയിലെ ജീവന ക്കാരുമായി ഒരു കൂടിയാലോചന നടത്തേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. അതോടൊപ്പം തന്നെ പൊതുജനങ്ങളുമായിട്ടുള്ള ചർച്ചയും വളരെ പ്രധാന പ്പെട്ടതാണ്. സർവ്വീസ് മേഖലയിൽ ഇന്ന് നിൽക്കുന്ന പീരിയോഡിക്കലിലും മറ്റും കാലാനുസൃതമായ മാറ്റം വരുത്തേണ്ടതും വളരെ ആവശ്യം തന്നെ യാണ്. സർവ്വീസ് മേഖലയിൽ നിൽക്കുന്ന ചട്ടങ്ങളും നിയമങ്ങളും കാലോ ചിതമായി പരിഷ്കരിക്കേണ്ടതും ആവശ്യം തന്നെയാണ്. വളരെ തുരുമ്പിച്ച, പഴയ, ജീർണ്ണിച്ച അവശിഷ്ടങ്ങൾ ഇന്ന് നിലനിൽക്കുന്ന ചട്ടങ്ങളിലും നിയ മങ്ങളിലും ഇന്ന് കാണാൻ കഴിയുന്നു എന്നുള്ളതാണ് എടുത്തുപറയേണ്ട വേറൊരു പ്രത്യേകത. അതുകൊണ്ട് ഈ നിയമത്തെ സംബന്ധിച്ച് ധാരാള മായി പറയാനുണ്ടെങ്കിലും അതു നടപ്പിലാക്കുമ്പോൾ എങ്ങനെ സംഭവി ക്കും എന്നുള്ളതിനെ സംബന്ധിച്ചും......... വിവരാവകാശ നിയമം നടപ്പിൽ വരുത്തി. വളരെ പ്രധാനപ്പെട്ട ഒരായുധമാണ് ജനങ്ങളുടെ കയ്യിൽ. എന്നാലും ദുരുപയോഗം ചെയ്യുന്ന സംഭവങ്ങളും നമുക്ക് നിരവധിയായി ചൂണ്ടിക്കാണിക്കാൻ കഴിയും. ആ അവകാശം എങ്ങനെ വിനിയോഗി ക്കണം എന്നറിയാത്ത എത്രയോ വലിയ ജനവിഭാഗം ഇവിടെ കഴിയുന്നു ണ്ട്. ഇങ്ങനെ ഒരു നിയമം ഉണ്ട്, അതെങ്ങനെ വിനിയോഗിക്കണം എന്ന തിനെ സംബന്ധിച്ചും അവർക്കറിയില്ല എന്നുള്ളതാണ് വേറൊരു വസ്തുത. അതുകൊണ്ട് നിയമത്തിന്റെ അഭാവമല്ല. നിയമനിർമ്മാണത്തിന്റെ പ്രസ ക്തിയും പ്രാധാന്യവും കുറച്ചുകൊണ്ടല്ല, അത് എങ്ങനെ ഉപയോഗിക്കണം എന്നുള്ളതിനെ സംബന്ധിച്ച് ജനങ്ങൾക്ക് ബോധ്യമില്ല എന്നുള്ളത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. അതുകൊണ്ട് വളരെ വ്യാപകമായ ബോധ വൽക്കരണത്തിന്റെ പ്രശ്നം കൂടി ഇതിന്റെ പിന്നിൽ ഉന്നയിക്കപ്പെടേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന് എനിക്ക് തോന്നുകയാണ്. അതു പോലെ തന്നെ ഇവിടെ ചൂണ്ടിക്കാണിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു

കാര്യം, ഇവിടെ എത്രയോ സന്ദർഭങ്ങളിലായി പറഞ്ഞിട്ടുള്ളതാണ്. ഫയലുകൾ കയറി ഇറങ്ങേണ്ട തട്ടുകളുടെ എണ്ണം. എത്രയോ തട്ടുകളിൽ കൂടിയാണ് സഞ്ചരിക്കേണ്ടിവരുന്നത്. അതുകൊണ്ട് എത്രയോ കാലമാണ് എടുക്കേണ്ടി വരുന്നത്. ഒരു വികസന പരിപാടി തീരുമാനിച്ച് അതിന് ഫണ്ട് അനുവദിച്ചാൽ അനുഭവേദ്യമാകുന്നതിന് എത്രയോ തട്ടുകൾ കയറി ഇറങ്ങിയാണ് അത് നേടിയെടുക്കേണ്ടത്. അതിനൊക്കെ നമുക്ക് ഗൗരവകരമായ കാര്യങ്ങളുണ്ടാകണം. അത്തരം വിഷയങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുവേണം നിയമ നിർമ്മാണത്തിലേയ്ക്ക് പോകേണ്ടത്. അഴിമതി തടയുന്നതിന് എല്ലാ വകുപ്പുകൾക്കും വിജിലൻസ് സംവിധാനം വളരെ ആവശ്യം തന്നെയാണ്. എല്ലാ വകുപ്പുകൾക്കും വേണ്ടതാണ്. ഏതു രംഗത്താണെങ്കിലും ഏതുവകുപ്പിലാണെങ്കിലും ഒരു വിഭാഗം ജീവനക്കാർ അഴിമതിക്കുള്ള സന്ദർഭങ്ങൾ ഒരുക്കുകയാണ്. അതു പോലീസ് വകുപ്പിലാണെങ്കിലും റവന്യൂ വകുപ്പിലാണെങ്കിലും ആശുപത്രിയിലാണെങ്കിലും എന്തിന് ഇതിൽ നിന്നെല്ലാം മുക്തി നേടി എന്ന് നമ്മൾ വിശ്വസിച്ചിരുന്ന വിദ്യാഭ്യാസ മേഖലയിൽപ്പോലും ഇന്ന് അഴിമതി കടന്നുവരികയാണ്. അവിടെയും ഇന്ന് അഡ്മിഷന് പണം കൊടുത്താലേ സാധ്യമാകൂ. ഇത്തവണത്തെ സ്ഥിതി പ്ലസ്-വൺ അഡ്മിഷൻ സമയത്ത് നാം കണ്ടതാണ്. എ-പ്ലസ് കിട്ടിയ വിദ്യാർത്ഥികൾക്കുപോലും കൈക്കൂലി കൊടുത്താലേ അഡ്മിഷൻ കിട്ടുകയുള്ള എന്നുള്ള അവസ്ഥ ഇന്ന് സംജാതമായിരിക്കുകയാണ്. ഇപ്പോഴും എത്രയോ നല്ല മാർക്ക് വാങ്ങി പഠിച്ച വിദ്യാർത്ഥികൾക്ക് തെക്കു-വടക്ക് നടക്കേണ്ടിവരികയാണ്. അഴിമതി മുടിചൂടാ മന്നനായി ഇവിടെ നിൽക്കുകയാണ്. അതുകൊണ്ട് നമ്മുടെ സിസ്റ്റത്തിന്റെ തകരാറുകൾ പരിഹരിക്കാൻ ഇതോടൊപ്പം കഴിയണം. അതല്ലെങ്കിൽ ഒരു വീട്ടുകാര്യവും നോക്കാത്ത കാരണവർ പരിസരത്തുകൂടി പോകുന്ന ആളുകളെ എല്ലാം വിളിച്ചുകൊണ്ട് വീട്ടിൽ വന്ന് സൽക്കരിക്കാൻ, ഭാര്യയോട് ചായ കൊടുക്കണം, ഭക്ഷണം കൊടുക്കണം എന്നു പറയുന്നതുപോലെ കാര്യങ്ങൾ ആയിത്തീരും. വീട്ടിലെ സാഹചര്യങ്ങൾ ഒന്നും സഹായിക്കുന്നില്ല.

എന്നാൽ വലിയ വൃന്ദങ്ങളുമായി കടന്നുവന്ന് കാര്യങ്ങൾ എല്ലാം നിർവ്വഹിച്ചുകൊടുക്കണം, ഭക്ഷണം കൊടുക്കണം എന്ന് പറയുന്ന വീട്ടുകാരന്റെ അവസ്ഥയാകും ഇവിടെ ഉണ്ടാകാൻ പോകുന്നത്. നിയമത്തിന്റെ കുറവല്ല ഇവിടെയുള്ളത്. അത് നടപ്പിലാക്കുന്ന സിസ്റ്റത്തിന്റെ തകരാറാണ്, അതിന് ഇച്ഛാശക്തിയുള്ള നേതൃത്വത്തിന്റെ അപര്യാപ്തതയാണ് വേണ്ടത്. അതാണ് ഇവിടെ ഏറ്റവും പ്രകടമായി കാണുന്ന ദൗർബല്യം എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ബെന്നി ബെഹനാൻ : സർ, 2012 - ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിരവധി മഹത്തായ നിയമങ്ങൾക്ക് രൂപം നൽകിയിട്ടുള്ള ഈ നിയമസഭയുടെ മറ്റൊരു നാഴികക്കല്ലുകൂടിയാണ് ഇന്ന് ഇവിടെ അവതരിപ്പിച്ച ഈ നിയമം. ജനങ്ങൾക്ക് ഒരു ഭരണകൂടം നൽകുന്ന സംരക്ഷണവും സേവനവും ഉറപ്പ് വരുത്തുന്നതും സർക്കാരിന്റെ സുതാര്യതയും വിശ്വസനീയതയും വർദ്ധിപ്പിക്കുന്നതുമായ ഒരു നിയമ നിർമ്മാണമാണിത്. ഇത്തരത്തിലുള്ള ഒരു നിയമ നിർമ്മാണം ഇവിടെ പലരും സൂചിപ്പിച്ചതുപോലെ അല്പം കാലതാമസം ഉണ്ടായി എന്നതിനോട് ഞാൻ യോജിക്കുന്നു. കാലതാമസം ഉണ്ടായെങ്കിലും ഈ നിയമം അവതരിപ്പിക്കുന്നതിനുവേണ്ടി ബഹുമാന്യനായ മുഖ്യമന്ത്രിയെ പ്രേരിപ്പിച്ചത് ഇതിന് മുമ്പ് ഈ നിയമം പാസ്സാക്കിയിട്ടുള്ള മദ്ധ്യപ്രദേശ്, പഞ്ചാബ്, യു.പി.പോലെയുള്ള സംസ്ഥാനങ്ങളിലെ നിയമനിർമ്മാണം മാത്രമാണ് ഇതിന് പിന്നിലെന്ന് വിശ്വസിക്കുന്നില്ല. നേരെമറിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാന്യനായ മുഖ്യമന്ത്രി നടത്തിയ ബഹുജന സമ്പർക്ക പരിപാടിയിലൂടെ അദ്ദേഹത്തിന് ലഭിച്ച പതിനായിരക്കണക്കിന് പരാതികളുടെ ഉള്ളടക്കമാണ് ബഹുമാന്യനായ ഉമ്മൻചാണ്ടിക്ക് ഇത്തരത്തിലൊരു നിയമം ഈ നിയമസഭാ സമ്മേളനത്തിൽതന്നെ അവതരിപ്പിച്ച് പാസ്സാക്കണമെന്ന തോന്നലുണ്ടാക്കിയതെന്ന് വിശ്വസിക്കുന്നു. സത്യത്തിൽ ഇത്രയും ഗൗരവമായ ഒരു നിയമം വളരെ പെട്ടന്ന് പാസ്സാക്കേണ്ടതല്ല കുറച്ചുകൂടി വിപുലമായ ചർച്ചകളും ആളുകൾക്ക് കുറച്ചുകൂടി പങ്കാളിത്തത്തോടുകൂടിയുള്ള ചർച്ചകളും വേണമെന്ന വാദത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നുവെങ്കിൽപോലും അങ്ങയുടെ താല്പര്യത്തെയും ഉദ്ദേശത്തെയും പരിപൂർണ്ണമായി യോജിച്ചുകൊണ്ട് ഈ നിയമസഭയിൽതന്നെ ഇത് പാസ്സാക്കണമെന്നതിനോട് ഞാനുമൊക്കെ യോജിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ സേവനാവകാശ നിയമം അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെതന്നെ

നികുതിദായകനായ പൗരന് സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സേവനം ലഭിക്കുന്നത് ആരുടെയും ഔദാര്യമോ പരിഗണനയോ അല്ല, നേരെമറിച്ച് അത് അവന്റെ അവകാശമാണ് എന്ന ആ തത്വത്തെ പരിപൂർണ്ണമായും പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണ് നിയമം കൊണ്ടുവന്നത്. നമ്മുടെ സിവിൽ സർവ്വീസ് കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുവേണ്ടിയുള്ള ഒരു അവകാശം ഇന്ത്യയിൽ സിവിൽ സർവ്വീസ് ആരംഭിച്ചത് 1722 കാലഘട്ടത്തിലാണ്. തിരുവിതാംകൂറിൽ 1792 കാലഘട്ടത്തിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാരെന്ന് പറഞ്ഞാൽ ബ്രിട്ടീഷുകാരെയും രാജാക്കന്മാരെയും സേവിക്കുക എന്നതായിരുന്നു സിവിൽ സർവ്വീസിന്റെ ലക്ഷ്യം. ഭരണത്തിന്റെ നേട്ടം ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയാണ് അതിവിപുലമായ ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നമ്മുടെ സർക്കാർ ആഫീസുകളുടെ സ്ഥിതി നടപടിക്രമങ്ങൾ പലപ്പോഴും സങ്കീർണ്ണത, കാലതാമസം, ഉദ്യോഗസ്ഥന്മാരുടെ മനോഭാവം എന്നിവ പലപ്പോഴും ഈ ലക്ഷ്യത്തിലെത്താൻ നമ്മളെ തടസ്സമാക്കുന്നു. ബഹുമാന്യനായ മലയാറ്റൂർ രാമകൃഷ്ണന്റെ പ്രസിദ്ധമായ 'യന്ത്രം' എന്ന നോവലിൽ സൂചിപ്പിക്കുന്നതുപോലെ സർക്കാർ ഉദ്യോഗസ്ഥ വൃന്ദം യാന്ത്രികമായി നീങ്ങുന്ന സംവിധാനമാണ്. സർക്കാർ കാര്യം മുറപോലെ എന്ന് നെടുവീർപ്പെട്ടുകൊണ്ട് സാധാരണ ജനങ്ങൾ ഈ യന്ത്രത്തിന്റെ താളത്തിനൊത്ത് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നതാണ് നമുക്ക് പലപ്പോഴും കാണാൻ കഴിയുന്നത്. ബഹുമാന്യരായ പലരും സൂചിപ്പിച്ചതുപോലെ സർവ്വീസ് പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഭരണപരിഷ്ക്കാര കമ്മിറ്റികൾ പലപ്പോഴും കൊണ്ടുവന്നിട്ടുണ്ട്. 1957 -ൽ ബഹുമാന്യനായ സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ചെയർമാനായ ഭരണപരിഷ്ക്കാര കമ്മിറ്റി, 1965 -ൽ ശ്രീ. എം.കെ.വെള്ളോടി ചെയർമാനായ കമ്മിറ്റി, 1967 -ൽ ശ്രീ. ശങ്കരനാരായണൻ തമ്പി ചെയർമാനായ റൂൾസ് കമ്മിറ്റി, 1977 -ൽ ബഹുമാന്യനായ ഇ.കെ.നായനാർ ചെയർമാനായ കമ്മിറ്റി. എന്നാൽ ഈ കമ്മിറ്റി റിപ്പോർട്ടുകളൊന്നും നമുക്ക് പർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന സത്യം

നമ്മുടെ മുമ്പിൽ അവശേഷിക്കുന്നു. കേരളത്തിലെ ഒട്ടുമിക്ക ഡിപ്പാർട്ടുമെന്റുകളിലും പൗരാവകാശ വിളംബരം ഉണ്ടായിട്ടുണ്ട്. സിറ്റിസൺസ് ചാർട്ടർ. ഓരോ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള കാലാവധി നിശ്ചയിച്ച് പ്രാബല്യത്തിലാക്കുന്നതിനുവേണ്ടിയാണ് ഈ വിളംബരങ്ങൾ. എന്നാൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങളോ വ്യവസ്ഥകളോ ഉത്തരവാദിത്തമോ അതിൽ നൽകിയിട്ടില്ല. ഞാൻ മാതൃഭൂമിയുടെ ഒരു എഡിറ്റോറിയൽ വായിച്ചു. അതിൽ പറഞ്ഞിരിക്കുന്നത് അതിശയോക്തിയാണോ എന്നറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ സംസാരിക്കും. 88 ശതമാനം ഫയലുകളും കെട്ടിക്കിടക്കുന്നു. ഞാൻ മുഖ്യമന്ത്രിയുടെ ആഫീസിൽ ഒരിക്കലും ഫയലുകൾ കെട്ടി കിടക്കുന്നതായി കണ്ടിട്ടില്ല. 88 ശതമാനം ഫയലുകൾ കെട്ടിക്കിടക്കുന്നുവെന്നു മാത്രമല്ല ആരോഗ്യം, വനം, പൊതുവിദ്യാഭ്യാസം പോലെയുള്ള പ്രധാനപ്പെട്ട പതിനാറ് വകുപ്പുകൾ ഫയലുകൾ കെട്ടിക്കിടക്കുന്നതിന്റെ നിജസ്ഥിതിയെക്കുറിച്ച് ചോദിച്ചിട്ട് അതിന്റെ വിവരങ്ങൾ പോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ചില വാർത്താമാധ്യമങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതുതന്നെ സൂചിപ്പിക്കുന്നത് നമ്മുടെ ഭീകരമായ ഒരവസ്ഥയാണ്. ഇതിന് മുമ്പ് നമുക്ക് വിവരാവകാശ നിയമം  ഉണ്ടായി. ആ വിവരാവകാശ നിയമത്തിന്റെ ചുവട് പിടിച്ചുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നത്. പക്ഷേ വിവരാവകാശ നിയമത്തിന് ചില പരിമിതികളുണ്ട്. 10 രൂപ അടച്ച് വിവരാവകാശ നിയമത്തിൽ ചോദിച്ചാൽ ഏത് വിവരവും കിട്ടും. വിവരം കിട്ടുന്നതല്ലാതെ ആ വിവരത്തിന് ഒരു തുടർ നടപടിയുണ്ടാക്കാൻ പലപ്പോഴും സാധിക്കുന്നില്ല. വിവരം കിട്ടിയതുകൊണ്ട് മാത്രം കാര്യമില്ല. ഓരാൾക്ക് വിവരം ലഭിക്കുക എന്നതിന്റെ പ്രാധാന്യത്തെ ഞാൻ കുറച്ചു കാണിക്കുന്നില്ല. അവനെ സംബന്ധിച്ചിടത്തോളം കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിയമം ഉണ്ടാക്കുന്നതിനുവേണ്ടി അതിന്റെ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യങ്ങൾ പലപ്പോഴും നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഇവിടെ സേവനാവകാശ നിയമം ജനങ്ങൾക്ക് പ്രയോജനകര

മായ വിധത്തിൽ നടപ്പിലാക്കണമെങ്കിൽ ഭരിക്കുന്ന ഗവൺമെന്റിന്റെ ഇച്ഛാ ശക്തിയുണ്ടാകണം എന്നതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഒരുപാട് മുൻകരുതലുകളും ഒരുപാട് ഘടകങ്ങളും ഒത്തുചേരലും ആവശ്യ മാണ്. വീഴ്ചവരുത്തുന്നവർ ശിഷിക്കപ്പെടണമെന്ന വ്യവസ്ഥ നിയമത്തിന്റെ നട്ടെല്ലായി നിലനിറുത്തിക്കൊണ്ട് ഭരണപരമായ നടപടിക്രമങ്ങളുടെ പൂർത്തീകരണവും നിയമത്തിന്റെ നടത്തിപ്പിൽ അനിവാര്യമാണ്. ഇവിടെ യാണ് ഈ നിയമത്തിലെ ചില പഴുതുകൾ നമ്മൾ അടയ്ക്കണമെന്ന് സൂചി പ്പിക്കാനുള്ളത്. അപ്പീലിനെക്കുറിച്ച് സെക്ഷൻ മൂന്നിലും മറ്റും പറയുന്നുണ്ട്. ഇവിടെ അപ്പീൽ അതോറിറ്റി ഫസ്റ്റ് അതോറിറ്റി, സെക്കന്റ് അതോറിറ്റി അങ്ങനെ ചില അതോറിറ്റികളുണ്ട്. ഫസ്റ്റ് അതോറിറ്റിക്ക് അപ്പീൽ കൊടു ത്താൽ മൂപ്പത് ദിവസം കാത്തിരിക്കണം. സെക്കന്റ് അതോറിറ്റിക്ക് അപ്പീൽ കൊടുത്താൽ അറുപത് ദിവസം കാത്തിരിക്കണം. നമുക്ക് ഏറ്റവും അത്യാ വശ്യമായി സേവനം ലഭിക്കുന്നതിനുവേണ്ടി കാലതാമസം ഉണ്ടാകുമ്പോൾ അതിന് അപ്പീൽ കൊടുത്ത് പിന്നീട് 5-6 മാസക്കാലം കാത്തിരിക്കുക എന്നത് ഈ നിയമത്തിന്റെ അന്തസത്തയെ, ഉള്ളടക്കത്തെ ഇല്ലാതാക്കുന്ന തുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനു ള്ളത് ഫസ്റ്റ് അപ്പീൽ കഴിഞ്ഞാൽ പിന്നെ ഒരു സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റി ഉണ്ടാക്കണം. ആ അപ്പലേറ്റ് അതോറിറ്റിയായിരിക്കണം ഇതിൽ അന്തിമ തീരുമാനം എടുക്കേണ്ടത്. വിവരാവകാശ നിയമം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഒരു അതോറിറ്റിയുണ്ട്. ആ അപ്പലേറ്റ് അതോറിറ്റിയുടെ ഘടന വളരെ പ്രധാനപ്പെട്ടതാണ്. നമുക്ക് പലപ്പോഴും ഏത് ഗവൺമെന്റ് അധികാര ത്തിൽ വന്നാലും മാറിമാറി വരുന്ന ഗവൺമെന്റുകൾ അവരുടെ ഇഷ്ട തോഴന്മാരെ തിരികി കയറ്റാനുള്ള ഒരു അതോറിറ്റിയായി ഇത്തരം അതോറി റ്റികൾ അധ:പതിച്ചാൽ സ്വാഭാവികമായും ഇതിന്റെ പ്രയോജനം ലഭ്യമാകാ തിരിക്കും. അതുകൊണ്ട് എനിക്ക് വയ്ക്കാനുള്ള നിർദ്ദേശം ഒരു റിട്ടയേർഡ് ചീഫ് സെക്രട്ടറിയുടെ നിലവാരത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ ഇതിന്റെ ചെയർമാനാക്കി.......പൊതു പ്രവർത്തകന്മാർ വേണ്ടെന്ന് ഞാൻ പറയുന്നില്ല.

പക്ഷേ നമുക്ക് സർവ്വീസ് മാറ്റേഴ്സ് കുറച്ചുകൂടി മനസ്സിലാക്കാൻ കഴി യുന്ന, നടപടി ക്രമങ്ങൾ കുറച്ചുകൂടി പഠിച്ചിട്ടുള്ള വ്യക്തികളെവച്ച് ഇതിന്റെ അപ്പീൽ കമ്മറ്റിയുണ്ടാക്കി ആ അപ്പീൽ കമ്മിറ്റിയുടെ അടിസ്ഥാന ത്തിൽ ഇതിന്റെ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ശ്രമം ഉണ്ടാ കണം. ഈ രംഗത്താണ് നമ്മുടെ സർവ്വീസ് സംഘടനകളുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ കഴിവ് നമ്മൾ പ്രകടിപ്പിക്കേണ്ടത്. എല്ലാ രാഷ്ട്രീയ പാർട്ടി കൾക്കും സർവ്വീസ് സംഘടനകളുള്ള സംസ്ഥാനമാണ് കേരളം. ഞാൻ ഒരു സർവ്വീസ് സംഘടനയുടെയും പ്രവർത്തനത്തെയോ അവരുടെ പ്രതി ബദ്ധതയേയോ പാരമ്പര്യത്തെയോ ചോദ്യം ചെയ്യുന്നില്ല. പക്ഷേ പല പ്പോഴും സർവ്വീസ് സംഘടനകൾക്ക് വർഗ്ഗപരമായ ഒരു സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയുള്ള നിർബന്ധങ്ങളുണ്ടാകും. അങ്ങനെ സർവ്വീസ് സംഘടനകൾ പൊതു താല്പര്യങ്ങൾ മാറി ആ സർവ്വീസ് സംഘടനയിൽപ്പെട്ട ആളുകൾക്ക് എതിരെ ശിക്ഷണ നടപടികൾ ഉണ്ടാകു മ്പോൾ അവരെ സംരക്ഷിക്കുക എന്ന വർഗ്ഗ സമീപനത്തിലേയ്ക്ക് സർവ്വീസ് സംഘടനകൾ എത്തിച്ചേർന്നാൽ ഈ നിയമം പ്രാവൃത്തികമാ ക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് ഇവിടെ ബഹുമാന്യനായ ശ്രീ.കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ സർവ്വീസ് സംഘടനകളു മായി നേരത്തെ ആലോചിക്കേണ്ടതായിരുന്നു,. ആലോചിച്ചില്ലെങ്കിൽ ഈ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് അവരുമായി ആലോചിക്കേണ്ടതാണ്. പക്ഷേ സർവ്വീസ് സംഘടനകൾ, എല്ലാ രാഷ്ട്രീയ പാർട്ടികളും അത് നമ്മ ളാണ്, പൊതു പ്രവർത്തകരായ രാഷ്ട്രീയ നേതൃത്വമാണ് ആ തീരുമാനം എടുക്കേണ്ടത്. ഒരു സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണത്തിലൂടെ പൊതുജനങ്ങൾക്ക് പരിരക്ഷ ലഭിക്കു മ്പോൾ അതിൽ വീഴ്ചവരുത്തുന്നവർ ആരായിരുന്നാലും അവരെ സംര ക്ഷിക്കുകയല്ല സർവ്വീസ് സംഘടനകളുടെ ഉത്തരവാദിത്തം. നേരെമറിച്ച് ഈ നിയമത്തിന്റെ അന്ത:സത്ത ഉൾക്കൊള്ളാനുള്ള പ്രബുദ്ധത, അതിനു വേണ്ടിയുള്ള വിവേകം, അതിനുവേണ്ടിയുള്ള ഒരു കാഴ്ചപ്പാട്, സർവ്വീസ്

സംഘടനയയ്ക്കുണ്ടാകണം.. നിർഭാഗ്യമെന്നു പറയട്ടെ ഏത് കാര്യത്തിലും രാഷ്ട്രീയത്തിന്റെ അതിപ്രസരം കാണുന്ന കേരളീയ സമൂഹത്തിൽ അതുണ്ടാകുമോയെന്ന സംശയം ഞാൻ പ്രകടിപ്പിക്കുന്നു. അതുപോലെ തന്നെ രാഷ്ട്രീയ നേതൃത്വവും.നമ്മളൊക്കെ പലപ്പോഴും ശുപാർശകൾ നടത്തുന്നവരാണ്. അങ്ങാണ് ഏറ്റവും കൂടുതൽ ശുപാർശ നടത്തുന്ന വ്യക്തി.. പക്ഷേ നമുക്ക് പലപ്പോഴും തെറ്റ് കാണിക്കുന്ന ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കേണ്ടിവരുന്ന രാഷ്ട്രീയ സമ്മർദ്ദം ഉണ്ടാകും. ആ രാഷ്ട്രീയ സമ്മർദ്ദത്തെ അതിജീവിക്കാനുള്ള ഇച്ഛാശക്തിയും കാഴ്ചപ്പാടും പ്രകടിപ്പിച്ചാൽ മാത്രമേ ഇത്തരം കാര്യങ്ങൾ വിജയിപ്പിക്കാൻ കഴിയൂ. എല്ലാ ജീവനക്കാരും മോശമാണെന്ന് ഞാൻ പറയില്ല. ജീവനക്കാർക്ക് അവരവരുടേതായ ബുദ്ധിമുട്ടുകളുണ്ട്. നമ്മുടെ സംസ്ഥാനത്ത് പുതിയ ഒരു പ്രവണത കാണുന്നുണ്ട്. എന്തെങ്കിലും അഴിമതിയോ ആക്ഷേപമോ ഉണ്ടായാൽ ഏതെങ്കിലും ഉന്നതരായ ഉദ്യോഗസ്ഥനെ ഉന്നതരായ രാഷ്ട്രീയനേതാക്കൾ പരസ്യമായി വിമർശിക്കുകയാണ്. അത് തെറ്റാണ്. മുഴുവൻ ഉത്തരവാദിത്വവും അവരുടെ തലയിൽ കെട്ടിവയ്ക്കുക. നമുക്ക് ഒരുപാട് സംരക്ഷണമുണ്ട്, നിയമസഭയിലും പൊതുജനങ്ങളോടും സംസാരിക്കാം. എന്നാൽ പലപ്പോഴും ഉദ്യോഗസ്ഥൻമാർക്ക് ആരോടും സംസാരിക്കാൻ പറ്റുന്നില്ല. അതുകൊണ്ട് ഉദ്യോഗസ്ഥൻമാരുടെ തലയിൽ കെട്ടിവച്ച് എല്ലാ കാര്യങ്ങളിൽനിന്നും രക്ഷപ്പെടുന്നു. അതിന്റെ ഉത്തരവാദിത്വം രാഷ്ട്രീയ നേതൃത്വം ഏറ്റെടുക്കാൻ കഴിയുന്ന ആർജ്ജവം കാണിക്കണം. എന്നാൽ മാത്രമേ പല കറപ്ഷനും തിരുത്താൻ പറ്റുകയുള്ളു. പക്ഷെ ഇന്ന് അതല്ല നടക്കുന്നത്. അടുത്തകാലത്ത് പ്രസ്താവന കൊടുത്ത നേതാക്കൻമാരുടെ പേര് പറയുന്നില്ല. ഉന്നതൻമാരായ നേതാക്കൻമാരാണ് ചില ഉന്നതരായ ഉദ്യോഗസ്ഥന്മാരെക്കുറിച്ച് പരസ്യമായി പ്രസ്താവിക്കുന്നത്. അവരുടെ കാലഘട്ടത്തിൽ അവരൊക്കെ ഭരണകർത്താക്കളായിരുന്നപ്പോൾ അവർ നടത്തിയിട്ടുള്ള നടപടിക്രമങ്ങളിലെ അഴിമതിയെക്കുറിച്ച് നിയമസഭയിൽ ചൂണ്ടിക്കാണിക്കുമ്പോൾ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള

ആർജ്ജവം കാണിക്കാതെ അതെല്ലാം ഇന്ന ഉദ്യോഗസ്ഥൻ ആ കാലഘട്ട ത്തിൽ ചെയ്തതാണെന്ന് പറഞ്ഞ് ഉദ്യോഗസ്ഥന്മാരുടെ തലയിൽ ഈ പാപ ഭാരം കെട്ടിവയ്ക്കുകയാണ്. ഉദ്യോഗസ്ഥൻമാർക്ക് ഇവിടെ വന്ന് പറയാൻ അവസരം കൊടുത്താൽ അവർക്കും പറയാനുണ്ടാകും. അത്തരം നടപടി യിലേക്കൊന്നും ഈ നിയമത്തിന്റെ പരിധി പോകരുത്. ഉദ്യോഗസ്ഥ ന്മാർക്ക് സംരക്ഷണം കൊടുക്കണം. ഉദ്യോഗസ്ഥന്മാരും അത്തരം കാര്യ ങ്ങളെക്കുറിച്ച് ചിന്തിക്കണം. മറ്റൊരു കാര്യം, ഇവിടെ ശിക്ഷയെക്കുറിച്ച് പറ ഞ്ഞു. ശിക്ഷയിലും ചില മാറ്റങ്ങൾ ഉണ്ടാകണം. അഞ്ഞൂറ് രൂപ മുതൽ അയ്യായിരം രുപ വരെ പിഴ ഒടുക്കുന്ന ശിക്ഷ എന്നൊക്കെ പറഞ്ഞു. അതി നോട് ഞാൻ യോജിക്കുകയാണ്. സാമ്പത്തികമായ ശിക്ഷ മാത്രമല്ല, നമു ക്കറിയാം ഇന്ന് ഈ രീതിയിൽ ഒരു ഉദ്യോഗസ്ഥനെ ശിക്ഷിച്ചാൽ അത് പല പ്പോഴും അയാളുടെ പോക്കറ്റിൽ നിന്നല്ല പോകുന്നത്. കുറ്റക്കാരനായ ഉദ്യോഗസ്ഥനെ ശിക്ഷിക്കപ്പെടുമ്പോൾ ആയാളിൽ നിന്നും പ്രയോജനം കിട്ടുന്ന ആളുകളുടെ പോക്കറ്റിൽനിന്നെടുത്ത് ആ ശിക്ഷാ പണം കെട്ടുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തുള്ളതുകൊണ്ട് സാമ്പത്തികമായ ശിക്ഷ മാത്രം പോര. അതിന് മറ്റ് ചില നടപടികൾ സ്വീകരിക്കണം. ഞാൻ ഒരു നിർദ്ദേശം വയ്ക്കുന്നു. പല വികസിത രാജ്യങ്ങളിലും അതുപോലെ മറ്റ് രാജ്യങ്ങളിലും ഒരു ട്രാഫിക് റൂൾ തെറ്റിച്ചാൽ ആദ്യം ശിക്ഷയല്ല കൊടുക്കു ന്നത്, ആ ഡ്രൈവറുടെ ലൈസൻസിൽ റെഡ്സ്റ്റ് മാർക്ക് ചെയ്യും. അങ്ങനെ പത്ത് റെഡ്സ്റ്റ് മാർക്ക് കിട്ടിയാൽ പിന്നീട് അയാളുടെ ലൈസൻസ് ക്യാൻസൽ ചെയ്യും. ഇവിടെ ഈ നിയമം പ്രാവർത്തികമാക്കുന്നതിന്, തെറ്റുകാണിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ സാമ്പത്തികമായ ശിക്ഷാ നടപടികൾ മാത്രമല്ല അവരുടെ സർവ്വീസ് ബുക്കിൽ റെഡ്സ്റ്റ് മാർക്ക് രേഖപ്പെ ടുത്തി തുടർച്ചയായി അഞ്ച് പ്രാവശ്യം ഒരു ഉദ്യോഗസ്ഥൻ വിഴ്ച വരുത്തി യാൽ അദ്ദേഹത്തിന്റെ ഇൻക്രിമെന്റ് ഉൾപ്പെടെ സർവ്വീസിനെ ബാധിക്കുന്ന തരത്തിലുള്ള ഒരു വകുപ്പുകൂടി എഴുതിച്ചേർത്താൽ മാത്രമേ ഉദ്യോഗസ്ഥ ന്മാർക്ക് പേടിയുണ്ടാകുകയുള്ളു. പണം കൊടുക്കണമെന്നുപറഞ്ഞാൽ

അത് ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽനിന്ന് ആകില്ല, സേവനം കിട്ടേണ്ട ആളുകളുടെ പോക്കറ്റിൽ നിന്നും ചൂഷണം ചെയ്യുന്ന സാഹചര്യം ഉണ്ടാകും. അതുകൊണ്ട് ഇതുകൂടി കാര്യക്ഷമമായി അങ്ങ് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാന്യനായ എന്റെ സ്നേഹിതൻ ശ്രീ. സുരേഷ് കുറുപ്പ് ഇവിടെ സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങളുണ്ട്. ഈ നിയമം നടപ്പാക്കുന്നതിനു മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും യു.ഡി.എഫ്. ഗവൺമെന്റും ചില നടപടിക്രമങ്ങൾ ആരംഭിച്ചു. അതിന്റെ ഏറ്റവും വലിയ തെളിവാണ് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള തീരുമാനം. കെട്ടിക്കിടന്ന റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുവേണ്ടി നൂറ് ദിവസത്തേയ്ക്ക് ഒരു സമയബന്ധിത പരിപാടി തീരുമാനിച്ചു. ഞങ്ങൾക്ക് കിട്ടിയ കണക്കനുസരിച്ച് അഞ്ച് ലക്ഷം റേഷൻകാർഡുകൾ വിതരണം ചെയ്യാൻ കഴിഞ്ഞു. അതിനുശേഷം ഈ ഗവൺമെന്റ് ഒരു തീരുമാനം എടുത്തു. റേഷൻ കാർഡിന് അപേക്ഷ കൊടുത്താൽ 24 മണിക്കൂറിനുള്ളിൽ റേഷൻ കാർഡ് വിതരണം ചെയ്തിരിക്കണമെന്നുള്ളതാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് റേഷൻ കാർഡിന് അപേക്ഷിച്ചാൽ 24 മണിക്കൂറിനുള്ളിൽ അർഹതയുള്ളവർക്ക് റേഷൻകാർഡ് കിട്ടും. എം.എൽ.എ.-മാരുടെയടുത്ത് ഏറ്റവും കൂടുതൽ ആളുകൾ വരുന്നത് റേഷൻ കാർഡിനുവേണ്ടി ഒപ്പിട്ടുകൊടുക്കാനാണ്. നമ്മളെല്ലാം ഒപ്പിട്ടുകൊടുക്കാറുണ്ട്. സേവനാവകാശ നിയമം നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരു മുന്നോടിയെന്ന നിലയിൽ ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ച് അത് വളരെയധികം സ്തുത്യർഹമായി നടപ്പാക്കിയ ഗവൺമെന്റിനെ അനുമോദിക്കുന്നു. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. സുരേഷ് കുറുപ്പ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു നിരാശ പ്രകടിപ്പിക്കുകയുണ്ടായി. അത്രയും നിരാശയുടെ കാര്യമില്ലെന്ന് എനിക്ക് തോന്നുന്നു. അദ്ദേഹം പറഞ്ഞ നല്ല കാര്യങ്ങളെ സ്വാഗതം ചെയ്യുകയാണ്. പൊതുവായ നിരാശ അദ്ദേഹം സൂചിപ്പിച്ചതും ശ്രീ. പി. തിലോത്തമൻ ആവർത്തിച്ചതുമായ ഒരു കാര്യം ഈ നിയമം നടപ്പാക്കുമ്പോൾ അതിനുവേണ്ടിയുള്ള

ഇൻഫ്രാസ്ട്രക്ചർ ഉണ്ടോ, നമ്മുടെ ഓഫീസിന്റെ പശ്ചാത്തല സൗകര്യം, ഉദ്യോഗസ്ഥന്മാരുടെ എണ്ണം ഇവയൊക്കെ ന്യായമായ ചോദ്യങ്ങളാണ്. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും എന്ന പഴഞ്ചൊല്ലുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ റേഷൻകാർഡിനുള്ള അപേക്ഷ അഞ്ച് ലക്ഷം കെട്ടിക്കിടന്നു. അഞ്ച് ലക്ഷം റേഷൻകാർഡ് നൂറ് ദിവസം കൊണ്ട് കൊടുക്കുന്നതിന് ഈ ഗവൺമെന്റ് തീരുമാനമെടുത്തു. അർഹതയുള്ളവർക്ക് റേഷൻകാർഡ് കിട്ടിയത് ഉദ്യോഗസ്ഥന്മാരെ കൂടുതൽ നിയമിച്ചതുകൊണ്ടോ പശ്ചാത്തലസൗകര്യം കൂടുതൽ വർദ്ധിപ്പിച്ചതുകൊണ്ടോ അല്ല. നിലവിലുള്ള പശ്ചാത്തല സൗകര്യത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നിലവിലുള്ള ഉദ്യോഗസ്ഥന്മാരെ പ്രയോജനപ്പെടുത്തി അഞ്ച് ലക്ഷം റേഷൻകാർഡ് നൂറ് ദിവസത്തിനുള്ളിൽ കൊടുക്കാൻ ആർജ്ജവം കാണിച്ച ഒരു ഗവൺമെന്റാണ് ഈ നിയമനിർമ്മാണത്തിന് നേതൃത്വം കൊടുക്കുന്നതെന്ന് ഓർമ്മപ്പെടുത്തുകയാണ്. നിയമം നടപ്പാക്കണമെങ്കിൽ വേണ്ടത് ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയും ആത്മാർത്ഥതയുമാണ്. ഒരു ബി.പി.എൽ കാർഡിനുവേണ്ടി അപേക്ഷിച്ചാൽ എത്രയോ നാളുകൾ നമ്മൾ കാത്തിരിക്കണം. ബി.പി.എൽ കാർഡ് ഒരു പാവപ്പെട്ട വ്യക്തിയെ സംബന്ധിച്ചിടത്തോളം വെറും ഒരു കാർഡ് മാത്രമല്ല, അയാൾക്ക് ഒട്ടേറെ ആനുകൂല്യങ്ങളും പരിഗണനകളും ലഭിക്കുന്ന ഒരു കാർഡാണ്. ആ കാർഡ് ലഭിക്കുന്നതിനുവേണ്ടി അപേക്ഷകൊടുത്താൽ കാത്തിരുന്ന് ഉദ്യോഗസ്ഥന്മാരുടെ മുന്നിൽപ്പോയി അവസാനം നിരാശനായി മടങ്ങേണ്ടിവരുന്നു. ഇന്ന് അപേക്ഷ കൊടുത്താൽ അർഹതയുള്ളവർക്ക് 48 മണിക്കൂറിനുള്ളിൽ ബി.പി.എൽ കാർഡ് കിട്ടുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ടെങ്കിൽ പശ്ചാത്തല സൗകര്യം വർദ്ധിച്ചതുകൊണ്ടല്ല, ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂട്ടിയതുകൊണ്ടല്ല. തീരുമാനം എടുക്കാനുള്ള ആർജ്ജവവും ശുഷ്കാന്തിയും പ്രതിബദ്ധതതയുമാണ്. ഇതെല്ലാം നമുക്ക് നടപ്പാക്കാൻ കഴിയുന്നതാണ്. ഇത്തരം കാര്യങ്ങൾ നടപ്പാക്കുമ്പോൾ കേരളം അമേരിക്ക പോലുള്ള രാജ്യങ്ങളേക്കാൾ മുൻപന്തിയിലേക്ക്

പോകും. ശ്രീ. പി. തിലോത്തമനും ശ്രീ. കെ. സുരേഷ് കുറുപ്പുമൊക്കെ ഈ നിയമത്തിനോടുള്ള ചില വൈമനസ്യം പ്രകടിപ്പിച്ചു. സേവനാവകാശ നിയമത്തെ ഇന്ത്യയിൽ പരസ്യമായി എതിർത്തിരിക്കുന്ന ഒരേയൊരു വ്യക്തിയെ മാത്രമേ ഞാൻ കേട്ടിട്ടുള്ളു. അത് അണ്ണാ ഹസാരെയാണ്. പൊതു സമൂഹത്തിന്റെ അഭിപ്രായം പരസ്യമായി പ്രകടിപ്പിക്കുന്ന അദ്ദേഹം നിർഭാഗ്യമെന്നു പറയട്ടെ ഇതിനെ എതിർത്തു. അണ്ണാ ഹസാരെയുടെ ശബ്ദത്തിന്റെ ചെറിയ ഒരു ലാഞ്ചനപോലും ഇവിടെ ബഹുമാന്യരായ പി. തിലോത്തമനും കെ. സുരേഷ് കൂറുപ്പും ഇതിന്റെ പേരിൽ മുന്നോട്ട് വയ്ക്കരുത്. മറ്റൊരു കാര്യത്തിൽ ഞാൻ സംതൃപ്തനാണ്. ചൈന പോലുള്ള കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾക്ക് സ്വപ്നം കാണാൻ പറ്റുന്ന നിയമനിർമ്മാണമല്ല ഇത്. കാരണം, നിങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ച് പറഞ്ഞു. ഞാൻ രാഷ്ട്രീയം ഇതിൽ പറയണമെന്ന് ആഗ്രഹിച്ചതല്ല. നിങ്ങൾ ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ചും ജനാധിപത്യ അവകാശത്തെക്കുറിച്ചും ഈ രാജ്യം സ്വാതന്ത്ര്യം നേടിയശേഷം എന്തു നടന്നു എന്നൊക്കെ ചോദിച്ചു. രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് എത്രയോ ജനാധിപത്യ അവകാശങ്ങൾ നടപ്പായി. നമ്മുടെ ജനാധിപത്യത്തിന്റെ സവിശേഷത എന്താണ്? ഭൂരിപക്ഷ അഭിപ്രായത്തെ മാത്രം മാനിക്കുക എന്ന കൺവെൻഷണൽ ഡെമോക്രസിയുടെ പാരമ്പര്യമാണ് നമ്മുടേത്. ഞാൻ ന്യൂനപക്ഷം ഭൂരിപക്ഷം എന്നുപറയുന്നത് സാമുദായിക ന്യൂനപക്ഷത്തേയോ അല്ലെങ്കിൽ ഭാഷാ ന്യൂനപക്ഷത്തേയോ കുറിച്ചല്ല. നൂറുപേർ ഉള്ള സദസ്സിൽ 90 പേർ അഭിപ്രായം പറഞ്ഞതിൽനിന്ന് വ്യത്യസ്തമായി പത്തുപേർ അഭിപ്രായം പറഞ്ഞാൽ ആ വ്യത്യസ്തമായ പത്തുപേരുടെ അഭിപ്രായത്തെ മാനിക്കണമെന്ന് പറയുന്ന The right to dissent എന്ന് പറയുന്ന അഭിപ്രായത്തെ മാനിക്കുന്നു. അതാണ് ഇന്നലെ കൂടിയ പോളിറ്റ് ബ്യൂറോ എടുത്തത്. ആ ജനാധിപത്യ മര്യാദയാണ്.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u> ഈ നിയമവുമായി ബന്ധപ്പെട്ട് ചൈനയിൽ ഇത് സ്വപ്നം കാണാൻ കഴിയുമോ എന്ന് ചോദിച്ച ചോദ്യം

ഇവിടെ പ്രസക്തമല്ല. കാരണം, നമ്മൾ ചൈനയെ അതേപടി അനുകരിക്കണമെന്ന് ഒരിക്കലും പറയുന്നില്ല. കമ്മ്യൂണിസ്റ്റുകാർ പ്രത്യേകിച്ച് പറയുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അധികാരം കിട്ടിക്കഴിഞ്ഞാൽ ഇവിടെ മറ്റ് പാർട്ടികളെ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്നോ ജനാധിപത്യം തകർക്കുമെന്നോ പറയുന്നതിനു പകരം ഇവിടെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഇന്നത്തേതുപോലെ തന്നെ പ്രവർത്തിക്കാൻ ജനാധിപത്യപരമായ എല്ലാ അവകാശങ്ങളും നൽകുന്ന നിലപാട് പാർട്ടി കോൺഗ്രസിൽ അംഗീകരിച്ച പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (സി.പി.ഐ). അത് മനസ്സിലാക്കാതെയാണ് അങ്ങ് പല കാര്യങ്ങളും പറയുന്നത്. ആ തെറ്റിദ്ധാരണ മാറ്റാൻ വേണ്ടി പറയുകയാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> ഇക്കാര്യത്തിൽ അങ്ങയെക്കുറിച്ചോ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയെക്കുറിച്ചോ പ്രത്യേകിച്ച് സി.പി.ഐ.-യെക്കുറിച്ചോ ഒരു ധാരണയുമില്ല. ഞങ്ങളൊന്നും അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധികളല്ല. പക്ഷേ ഞാൻ പറഞ്ഞു വന്നത്, ഈ നിയമവുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തിന്റെ അന്ത:സത്തയെപ്പോലും സംശയിച്ചുകൊണ്ട് പ്രതിപക്ഷത്തിരിക്കുന്ന നേതാക്കൻമാർ സംസാരിച്ചപ്പോൾ പറഞ്ഞു വന്നതാണ്. Ritht to dissent, അഭിപ്രായ വ്യത്യാസം പ്രകടിപ്പിക്കാനുള്ള അഭിപ്രായം അതാണ് ഇൻഡ്യൻ ജനാധിപത്യത്തിൽ ഏറ്റവും മഹനീയമായിട്ടുള്ളത്. മറ്റ് ജനാധിപത്യത്തിൽനിന്നും ഇൻഡ്യൻ ജനാധിപത്യത്തെ വ്യത്യസ്തമാക്കുന്ന അതിന്റ മഹനീയമായ അന്ത:സത്ത, അതിനെ പ്രോജ്ജ്വലമാക്കുന്ന ഏറ്റവും വലിയ കാര്യമെന്ന് പറയുന്നത് Ritht to dissent ആണ്. അഭിപ്രായ വ്യത്യാസം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യമാണ്. അത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും ഉൾക്കൊള്ളുന്നു. ഭൂരിപക്ഷ അഭിപ്രായത്തെ മാത്രമല്ല, ഒരു പോളിറ്റ് ബ്യൂറോയിൽ, സെൻട്രൽ സെക്രട്ടേറിയറ്റിൽ മുഴുവൻ ആളുകളും ഒരു വശത്ത് അഭിപ്രായം പറഞ്ഞാലും വ്യത്യസ്തമായ ഒരഭിപ്രായം

പറഞ്ഞ ആളുടെ അഭിപ്രായത്തെ ഉൾക്കൊള്ളാൻ ഇന്നലെ തയ്യാറായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യൻ ജനാധിപത്യത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടതിലുള്ള അഭിമാനമാണ് ഞാൻ ഈ അവസര ത്തിൽ സൂചിപ്പിക്കുന്നത്. അതല്ലാതെ ഇൻഡ്യൻ ജനാധിപത്യത്തെക്കുറിച്ച് കുറ്റം പറഞ്ഞതല്ല. ഇതെല്ലാം ഉൾക്കൊള്ളുന്നവരാണ് സി.പി.ഐ.ക്കാർ എന്ന് എനിക്കറിയാം. ആവശ്യമില്ലാതെ വഴിയേ പോകുന്ന അഭിപ്രായത്തെ നിങ്ങളെടുത്ത് മടിയിൽ വയ്ക്കേണ്ട എന്നാണ് എനിക്ക് ബഹുമാനപ്പെട്ട സുഹൃത്തിനോട് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ഇ.കെ. വിജയൻ:</u> ഇൻഡ്യൻ ജനാധിപത്യത്തെപ്പറ്റി ഇവിടെ അവ തരിപ്പിച്ചു. കോൺഗ്രസ് പാർട്ടിയിൽ ഭാരവാഹികളെ തീരുമാനിക്കുന്ന തുൾപ്പെടെ എന്ത് ജനാധിപത്യ അവകാശങ്ങളാണ് ഇപ്പോൾ സംരക്ഷിക്ക പ്പെടുന്നത്? അത് പരിഹരിക്കുന്നതിനെക്കുറിച്ച് നിങ്ങൾക്ക് വല്ല നിർദ്ദേശവു മുണ്ടോ?

<u>ശ്രീ. ബെന്നി ബെഹനാൻ</u> : ഞാൻ കോൺഗ്രസ്സിന്റെ ജനാധിപത്യ ത്തെക്കുറിച്ച് പറഞ്ഞില്ല. ഇന്ത്യയിലെ ഏറ്റവും വലിയ ജനാധിപത്യ പാർട്ടി കോൺഗ്രസ് തന്നെയാണ്. തെറ്റിദ്ധാരണ വേണ്ട. സ്ഥാനമാനത്തിലേക്ക് ഒരാളെ നോമിനേറ്റ് ചെയ്യുന്നത് മാത്രമാണ് ജനാധിപത്യ സങ്കല്പമെന്ന് പറ ഞ്ഞാൽ ആ ജനാധിപത്യ സങ്കല്പം .......... മാർക്സിന്റെ, ലെനിന്റെ, സ്റ്റാലിന്റെ ഇപ്പോൾ പിണറായി വിജയനിൽ എത്തിയിരിക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സെൻട്രലിസ്റ്റ്, അൾട്രാ സെൻട്രലിസ്റ്റ്, ഓട്ടോക്രാറ്റ് ഇപ്പോൾ ഫാസിസത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന പിണറായി വിജ യന്റെ പാർട്ടിയെക്കുറിച്ച് തത്കാലം മറുപടി പറയാൻ ഞാൻ ആഗ്രഹിക്കു ന്നില്ല. അതൊന്നും ഈ ബില്ലിന്റെ പരിധിയിൽ വരുന്നില്ല. ഞാൻ ഇത് പറ യാൻ കാരണം, ഇത്രയും മനോഹരമായ, പ്രയോജനകരമായ ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പോലും...........

ശ്രീ. പി.സി. വിഷ്ണുനാഥ് : പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായിരുന്ന പ്രഭാത് ഭട്നായിക് എഴുതിയ മെയിൽ ഫോർവേർഡ് ചെയ്ത് നമുക്കെല്ലാം കിട്ടിയതാണ്. അതിൽ പറയുന്നത് സി.പി.ഐ.(എം) ഇപ്പോൾ ഫ്യൂഡൽ സ്റ്റാലിനിസമാണ് പിന്തുടരുന്നത് എന്നാണ്. മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ പ്രസംഗത്തിൽ പറയുന്നത് കേരളത്തിൽ കാണുന്ന പ്രവണത കമ്മ്യൂണിസ്റ്റ് വിരുദ്ധമാണെന്നാണ്. മാതൃഭൂമിയിലെ ഈ പ്രസംഗം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: അങ്ങ് ഇൻഡ്യയിലെ ജനാധിപത്യത്തെക്കുറിച്ച് ആവേശ പൂർവ്വം സംസാരിച്ചു. നല്ലത് തന്നെ. ഇൻഡ്യയിലെ ജനാധിപത്യം ഇനിയുമിനിയും ശക്തിപ്പെടണമെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. അതിൽ അഭിപ്രായ വ്യത്യാസമില്ല. മെച്ചപ്പെടണം. പക്ഷേ വോട്ടവകാശം ഉണ്ടാവുക, അല്ലെങ്കിൽ വിയോജിക്കാനുള്ള അവകാശമുണ്ടാവുകയെന്നുള്ളതുകൊണ്ട് മാത്രം ഒരു നാട്ടിൽ ജനാധിപത്യം പുലരുമെന്ന് പറയാൻ പറ്റില്ല. ഏറ്റവും പ്രധാനപ്പെട്ടത് ആളുകളുടെ ദാരിദ്ര്യവും നിരക്ഷരതയും ഉൾപ്പെടെയുള്ള പ്രശ്നങ്ങളാണ്. അർജുൻ സെൻ ഗുപ്ത കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം പ്രതിദിനം 20 രൂപ പോലും വരുമാനമില്ലാത്ത കോടിക്കണക്കിന് ആളുകൾ ഇവിടെ അധിവസിക്കുന്നുണ്ട്. അതുപോലെതന്നെ ഗാന്ധിജി പറഞ്ഞ ഭൂപരിഷ്കരണം നമ്മുടെ രാജ്യത്ത് ഇപ്പോഴും നടപ്പാക്കിയിട്ടില്ല. ഇങ്ങനെയുള്ള ഒരു സ്ഥലത്ത് എങ്ങനെ ജനാധിപത്യം പുലരുമെന്നാണ് പറയുന്നത്?

ശ്രീ. ബെന്നി ബെഹനാൻ: ഈ പറയുന്നത് വീണ്ടും വീണ്ടും ആവർത്തിക്കേണ്ട. ഇതെല്ലാം വച്ചുകൊണ്ടുതന്നെ പറയുന്നു, ലോകത്ത് ഏറ്റവും കൂടുതൽ സാമ്പത്തികമായി പുരോഗമിക്കുന്ന രാജ്യങ്ങളിൽ ഒന്ന് ഇൻഡ്യതന്നെയാണ്. പട്ടിണി മാറ്റുന്ന രാജ്യങ്ങളിലൊന്നാണ്. അത് ഫ്രീ ജുഡീഷ്യറി, ഫ്രീ പ്രസ്സ് അതുപോലെ എല്ലാ അവകാശങ്ങളും കൊടുത്താണ്. അടിച്ചമർത്തപ്പെട്ട ജനാധിപത്യമല്ല ഇൻഡ്യയിൽ. നമ്മുടെ

സംസ്ഥാനത്ത് ഈ ബില്ലിന്റെ പ്രയോജനം ആളുകൾക്ക് കിട്ടണം. അതിന്റെ പ്രയോജനം കിട്ടണമെങ്കിൽ ഇതിന്റെ ശിക്ഷാ നടപടികൾ......... പലപ്പോഴും പത്ത് ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണം. പത്ത് ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് പറഞ്ഞാൽ അതിന് കഴിഞ്ഞില്ലെങ്കിൽ പലപ്പോഴും അത് റിജക്ട് ചെയ്യും. റിജക്ട് ചെയ്യുമ്പോൾ നമുക്ക് ഇതിന്റെ പ്രയോജനം കിട്ടാതെ വരും. അതുകൊണ്ട് ഉദ്യോഗസ്ഥർക്കു കൂടി തീരുമാനമെടുക്കത്തക്ക വിധത്തിലുള്ള ഒരു സമയ പരിധിയെക്കുറിച്ച് സർവ്വീസ് സംഘടനകളുമായും ഉദ്യോഗസ്ഥ തലത്തിലും ചർച്ച ചെയ്ത് പ്രായോഗികമായ ഒരു സമയ പരിധി നിശ്ചയിക്കണം. കാരണം, പത്തു ദിവസമെന്ന സമയ പരിധി അടിച്ചേൽപ്പിച്ചാൽ ഇതിൽ ശിക്ഷയുണ്ട്, ശിക്ഷാ നടപടികളുമായി മുന്നോട്ട് പോകണം, അതുകൊണ്ട് പത്ത് ദിവസത്തിനുള്ളിൽ തീരുമാനമെടുത്തില്ലെങ്കിൽ സ്വാഭാവികമായും ഉദ്യോഗസ്ഥർ എഴുതിവയ്ക്കാൻ പോകുന്നത് ഞങ്ങൾ നിങ്ങളുടെ അപേക്ഷ നിരസിച്ചു എന്നായിരിക്കും. അപ്പോൾ റിജക്ഷൻ വരുന്നത് ഇതിന്റെ പ്രയോജനം ലഭ്യമാകാതെ പോകും. അതുകൊണ്ട് നമുക്ക് ചർച്ച വേണം. ഈ നിയമത്തിന്റെ അന്ത:സത്ത നമുക്കറിയാം. പറയുന്നത് ഉദ്യോഗസ്ഥരെ കള്ളൻമാരായോ വർഗ്ഗ ശത്രുക്കളായോ കാണണമെന്നല്ല. പക്ഷേ ഒരു യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. നമ്മൾ വിചാരിച്ചാൽ, നമ്മുടെ ഉദ്യോഗസ്ഥർ കുറച്ചുകൂടി സത്യസന്ധമായി പ്രവർത്തിച്ചാൽ പല കാര്യങ്ങളിലും തീരുമാനമെടുക്കാൻ കഴിയും. അനാവശ്യമായ കാലതാമസത്തെക്കുറിച്ചാണ് പറയേണ്ടത്. ഇൻഡ്യൻ ജനാധിപത്യത്തിന് പലപ്പോഴും മങ്ങലേൽപ്പിക്കുന്നത് ഭരണ തലത്തിലുണ്ടാകുന്ന അനാവശ്യമായ കാലതാമസമാണ്. ആ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടിയാണ് ഈ നിയമനിർമ്മാണം കൊണ്ടുവരുന്നത്. കാലതാമസം ഒഴിവാക്കിയാൽ നമ്മുടെ ജനാധിപത്യത്തെക്കുറിച്ച് ആളുകൾക്ക് വിശ്വാസമുണ്ടാകും. അതുകൊണ്ട് സർക്കാരിന്റെ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണമായി കാണുമ്പോൾ ഇതിനെ പൗരാവകാശത്തിന്റെ മാഗ്നാകാർട്ടയായി വിശേഷി

പ്പിച്ചാലും തെറ്റില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ബ്രിട്ടീഷ് കാലഘട്ടം മുതൽ ഇങ്ങോട്ട് ഉണ്ടായിരുന്ന ഒരു കാഴ്ചപ്പാട്, നമ്മുടെ ഉദ്യോഗസ്ഥരുടെ മൈൻഡ് സെറ്റ് മാറണം. മൈൻഡ് സെറ്റ് മാറത്തക്ക രീതിയിലുള്ള ബോധവത്ക്കരണത്തെക്കുറിച്ച് പറഞ്ഞു, നമ്മുടെ ഉദ്യോഗസ്ഥരുടെ മൈൻഡ് സെറ്റ് മാറണമെങ്കിൽ ബോധവത്ക്കരണം വേണം. ഒരു ജനാധിപത്യ സംവിധാനത്തിൽ എല്ലാം അടിച്ചേൽപ്പിച്ച് നിയമത്തിന്റെ പിൻബലത്തോടുകൂടി നിയമത്തിന്റെ ഖഡ്ഗം ഉപയോഗിച്ച് എല്ലാ കാര്യങ്ങളും നടപ്പാക്കാം എന്ന മിഥ്യാ ബോധം നമുക്കില്ല. നമ്മുടെ ജനാധിപത്യം കൂടുതൽ പരിപൂർണ്ണമാകണമെങ്കിൽ ശക്തമായ ബോധവത്ക്കരണമുണ്ടാകണം. അതിനാണ് മാധ്യമങ്ങൾ വേണ്ടത്, പൊതുപ്രവർത്തകരുടെ ഇടപെടൽ വേണ്ടത്, രാഷ്ട്രീയ നേതൃത്വത്തിന്റെ ഇടപെടൽ വേണ്ടത്. അതുകൊണ്ട് ഇത്തരം അന്ത:സത്തയുള്ള ഒരു നിയമം പാസ്സാക്കുമ്പോൾ ആ നിയമത്തിന്റെ ഉള്ളടക്കം മനസ്സിലാക്കി അതനുസരിച്ച് ഉദ്യോഗസ്ഥരുടെ മൈൻഡ് സെറ്റ് മാറ്റി സമൂഹത്തിന്റെ മൈൻഡ് സെറ്റ് മാറ്റി, അത് പ്രയോജനകരമായ രീതിയിൽ നടപ്പാക്കാൻ കഴിയുന്ന ഒരു സമീപനമാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും യു.ഡി.എഫ്. ഗവൺമെന്റും കൈക്കൊണ്ടിരിക്കുന്നത്. ഞങ്ങൾ ഒരിക്കലും സംഘർഷത്തിനല്ല പോകുന്നത്. ഈ ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനം വിവാദങ്ങളുണ്ടാക്കുകയെന്നതല്ല. ഈ ഗവൺമെന്റിന് ഒരു മുഖമുണ്ട്. അത് സംഘർഷത്തിന്റെയോ വിവാദത്തിന്റെയോ മുഖമല്ല, ആക്ഷേപത്തിന്റെ മുഖമല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെ യു.ഡി.എഫ്. നേതാക്കൻമാരും സൂചിപ്പിച്ചിരിക്കുന്നത് നമുക്കിടയിൽ സമവായമാണ് വേണ്ടത്, സമന്വയമാണ് വേണ്ടത് എന്നാണ്. ആ സമന്വയത്തിന്റെയും സമവായത്തിന്റെയും സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ ഏത് നിയമത്തെയും നമുക്ക് വിജയിപ്പിക്കാൻ കഴിയുകയുള്ളു. അതുകൊണ്ട് ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുക്കണം, പൊതുസമൂഹത്തെ വിശ്വാസത്തിലെടുക്കണം, രാഷ്ട്രീയ നേതാക്കൻമാരെ വിശ്വാ

സത്തിലെടുക്കണം, സർവ്വീസ് സംഘടനകളെയും വിശ്വാസത്തിലെടുക്കണം. ഒരു കാര്യം ഞാൻ അടിവരയിട്ട് പറയുന്നു, ഈ നിയമത്തിൽ വെള്ളം ചേർക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ, സ്വാധീന ശക്തി ഏത് ഭാഗത്തുനിന്ന് ഉണ്ടായാലും അത് നിയന്ത്രിക്കണം. എല്ലാ സ്ഥലത്തും ഇപ്പോൾ മാഫിയ സംഘത്തിന്റെ ശക്തമായ ഇടപെടൽ നടക്കുന്ന കാലഘട്ടമാണ്. ഏത് നിയമം പാസ്സാക്കിയാലും ആ നിയമം നടപ്പാക്കുന്നതിനുവേണ്ടിയുള്ള ആലോചനയല്ല, ആ നിയമത്തെ എങ്ങനെ ഇല്ലാതാക്കാം എന്നതിനെക്കുറിച്ചാണ് നമ്മുടെ സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന വ്യത്യസ്ത തലങ്ങളിലുള്ള മാഫിയ സംഘങ്ങൾ ആലോചിക്കുന്നത്. അതുകൊണ്ട് സേവനാവകാശ നിയമം പാസ്സാക്കുമ്പോഴും ഈ നിയമം പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള ശുഷ്കാന്തിയോടുകൂടി നമ്മൾ പ്രവർത്തിക്കുമ്പോഴും ഈ നിയമത്തെ എങ്ങനെ അട്ടിമറിക്കാമെന്നതിനെക്കുറിച്ചുള്ള ചില ആലോചനകൾ ചില ശക്തികളുടെ ബുദ്ധിയിൽ ഉണ്ടാകുമ്പോൾ അതിനെ അതിജീവിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് എടുക്കേണ്ടത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമന്വയത്തിന്റെ, സഹകരണത്തിന്റെ ഭാഷയിൽ എല്ലാവരേയും വിശ്വാസത്തിലെടുത്ത് ഈ സേവനാവകാശ നിയമം പാസ്സാക്കണം, നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിവരാവകാശ നിയമത്തിലൂടെ നടപ്പാക്കാൻ പറ്റാത്ത, അതിന്റെ പോലും പഴുതുകൾ അടച്ച് ഒരു പൗരന് സേവനമെന്നത് അവന്റെ അവകാശമാണ്, അവന് കിട്ടേണ്ടതാണെന്ന സങ്കല്പത്തെ പരിപൂർണ്ണമാക്കുന്നതിനുവേണ്ടിയുള്ള ഈ നിയമത്തിന് എന്റെ ഭേദഗതി ഒരിക്കൽക്കൂടി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ ഇവിടെ അഞ്ചാമതായാണ് സംസാരിക്കുന്നത്. ഇതുവരെ സംസാരിച്ചിരുന്നവരെല്ലാംതന്നെ പൊതുവേ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് ബില്ലിനെ കൂടുതൽ ശക്തിപ്പെടുത്താനുതകുന്ന നിർദ്ദേശങ്ങളാണ് വച്ചത്. ജനങ്ങൾക്ക് സേവനം ഒരു അവകാശമായി മാറുന്നതിന് സഹായകരമായ നിലയിൽ ഏതെല്ലാം കാര്യങ്ങളാണ് നാം ചർച്ച ചെയ്യപ്പെടേണ്ടത്, എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കപ്പെടേണ്ടത് എന്നത് സംബന്ധിച്ചെല്ലാമുള്ള ഒരു ഫ്രെയിം വർക്കിൽ നിന്നുകൊണ്ടാണ് എല്ലാവരും കാര്യങ്ങൾ ചർച്ച ചെയ്തത്. എന്നാൽ ഏറ്റവും ഒടുവിൽ സംസാരിച്ച ശ്രീ. ബെന്നി ബെഹനാൻ ബില്ലിൽനിന്നും വിട്ട് ചൈനയിൽ പോയി കറങ്ങി കമ്മ്യൂണിസ്റ്റ് പാർട്ടികളെയെല്ലാം തലോടി, ആക്രമിച്ച്, ആക്ഷേപിച്ചൊക്കെയാണ് അദ്ദേഹം പ്രസംഗം പര്യവസാനിപ്പിച്ചത്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സർവ്വശ്രീ തോമസ് ഉണ്ണിയാടൻ, മോൻസ് ജോസഫ്, റ്റി.യു. കുരുവിള, സി.എഫ്. തോമസ് എന്നിവർ ചേർന്ന് ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത 7609-ാം നമ്പരായി ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. അത് നിയമവിധേയമായി ലഭിക്കേണ്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്നതിൽ ബോധപൂർവ്വമായ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറയുന്നത്, “നിയമവിധേയമായി ലഭിക്കേണ്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്നതിൽ ബോധപൂർവ്വമായ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിലവിലെ സർവ്വീസ് നിയമങ്ങളിൽ വ്യവസ്ഥയുണ്ട്” എന്നാണ്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയാണ്. അതിനു തൊട്ടുതാഴെ സേവനാവകാശനിയമം സംബന്ധിച്ച് 7610-ാം നമ്പരായി ശ്രീ. സി. ദിവാകരൻ ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. “സംസ്ഥാനത്ത് സേവന അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സംഘട

നകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; സേവനാവകാശ നിയമം നടപ്പിലാക്കുമ്പോൾ പല ഓഫീസുകളിലും അധികരിക്കുന്ന ജോലിക്കനുസരിച്ച് ജീവനക്കാരുടെ അഭാവം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ? ഈ ചോദ്യത്തിന് ഉത്തരം കിട്ടിയിട്ടില്ല, ഇന്ന് വന്നിട്ടില്ല. 12 ദിവസം മുമ്പ് നാം എഴുതിക്കൊടുത്ത ചോദ്യത്തിന്...................

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, അധികബാദ്ധ്യതയെക്കുറിച്ചും അധിക ക്രമീകരണങ്ങളെക്കുറിച്ചും ആലോചിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന് ഉത്തരം ലഭിച്ചില്ലെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. അങ്ങനെ ഉദ്ദേശിക്കുന്നില്ലെന്നാണ് ഇതിന്റെ ധനകാര്യ മെമ്മോറാണ്ടത്തിലുളളത്. ഒരു പൈസയും ചെലവ് വരുന്നതല്ലെന്നാണ്. അപ്പോൾ അങ്ങനെ ഉദ്ദേശിച്ചിട്ടില്ല. അങ്ങനെ ഉദ്ദേശിച്ചെങ്കിൽ അധിക ബാദ്ധ്യത വരുമായിരുന്നു.

ശ്രീ. എ.എം. ആരിഫ്: സർ, അതുകൂടി പെടും. അതാണ് ഞാൻ പറഞ്ഞത് ആ ചോദ്യത്തിന് ഉത്തരം പോലും ഇന്ന് ലഭിച്ചിട്ടില്ല. 12 ദിവസം മുമ്പ് ചോദിക്കുന്ന ചോദ്യത്തിന്, സ്വാഭാവികമായും ചോദ്യം ചോദിച്ചുകഴിഞ്ഞാൽ കൺസേൺഡായിട്ടുളള വകുപ്പുകളിലേയ്ക്ക് അപ്പപ്പോൾ സി.എം.-ന്റെ ഓഫീസിൽനിന്നും പോകും, അല്ലെങ്കിൽ ലെജിസ്ലേച്ചറിൽനിന്നും പോകും. ഇങ്ങനെ പോകുന്ന ചോദ്യത്തിന് മറുപടി മറ്റേതെങ്കിലും വകുപ്പിൽ കാലതാമസ്സമുണ്ടായാൽ മനസ്സിലാക്കാം. സി.എം.ന്റെ വകുപ്പിൽത്തന്നെ ഇന്നത്തെ അൺസ്റ്റാർഡ് ക്വസ്റ്റ്യനിലെ മഹാഭൂരിപക്ഷം ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചിട്ടില്ല എന്നാണ് മറുപടി. അത് പരിശോധിച്ചാൽ മനസ്സിലാകും. നിലവിലെ വ്യവസ്ഥയിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ചോദ്യോത്തരത്തിൽ പറയുമ്പോഴും നമുക്ക് നിലവിലെ നിയമം വച്ചുകൊണ്ട് കാലതാമസം വരുത്തി

യത് സംബന്ധിച്ച് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഞാൻ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെമാത്രം കുറ്റപ്പെടുത്തുന്നില്ല. ഇതിന് മുമ്പ് ഭരിച്ച ഭരണാധികാരികൾ ആരായിരുന്നാലും അവരെയെല്ലാം ചേർത്ത് പറഞ്ഞാലും കാലതാമസം വരുത്തിയതിന്റെ പേരിൽ നടപടികളെടുത്ത അനുഭവമില്ല, ചരിത്രമില്ല. അപ്പോൾ നിയമത്തിന്റെ അഭാവമല്ല. ഇവിടെയെല്ലാവരും പ്രകടിപ്പിച്ച വികാരം അതാണ്, ആശങ്ക അതാണ്. നിയമങ്ങൾ ധാരാളമുണ്ട്. നിയമങ്ങൾ നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയുണ്ടാകണം. അതിനുള്ള വിൽ പവർ ഉണ്ടാകണം. ആ വിൽ പവർ ആണ് നമ്മുടെ ഭരണസംവിധാനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. അതുതന്നെയാണ് സർവ്വശ്രീ ബെന്നി ബെഹനാനും ടി.എ. അഹ്മദ് കബീറും ചർച്ചയിൽ പങ്കെടുത്തപ്പോൾ പറഞ്ഞതും. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചു? ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പ് പ്രതിപക്ഷനേതാവായിരിക്കുമ്പോൾ ഭരണപക്ഷത്തിനോട് ചോദിച്ച ചോദ്യമുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകൾ പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചൂവെന്ന് അദ്ദേഹം ചോദിച്ചത് ഞാനിപ്പോഴും ഓർമ്മയിൽ സൂക്ഷിക്കുകയാണ്. ഇപ്പോഴും അതിൽ എത്രത്തോളം മാറ്റം വന്നിട്ടുണ്ട്? നമ്മുടെ ഭരണസംവിധാനങ്ങളെ ആ രൂപത്തിൽ ഉപയോഗപ്പെടുത്താനുള്ള ഭരണാധികാരികളുടെ ഇച്ഛാശക്തിയാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. അത് നമുക്ക് നിർവ്വഹിക്കാൻ കഴിയാതെ, നിയമങ്ങൾ ഒന്നിനുപുറകെ ഒന്നായി നിർമ്മിച്ചതുകൊണ്ടുമാത്രം അതിന് പരിഹാരമുണ്ടാകുന്നില്ല. നിയമനിർമ്മാണത്തിനുള്ള ഉദ്ദേശ്യകാരണങ്ങളിൽ ഇവിടെ പരാമർശിച്ചതുപോലെ മൂന്നാം ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ റെക്കമെന്റേഷനെപ്പറ്റി പറയുന്നുണ്ട്. മൂന്നാം ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ റെക്കമെന്റേഷൻ വന്നിട്ട് ഇപ്പോൾ എത്ര നാളായി? ആ റെക്കമെന്റേഷനിൽ പരാമർശിക്കപ്പെടുന്ന കാര്യങ്ങൾപോലും നമുക്ക് എത്രത്തോളം നിർവ്വഹിക്കപ്പെടാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീ. ബെന്നി ബെഹനാൻ തന്നെ പറയുന്നത് വളരെ വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ് എന്ന് എനിക്ക് അഭിപ്രായമു

ണ്ടെങ്കിലും ഇത് ഉടനെതന്നെ ചെയ്യേണ്ടതാണ് എന്നാണ്. ഞാൻ ചോദിക്കുന്നത് ഇത് വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കിയാൽ എന്ത് സംഭവിക്കാൻ പോകുന്നു? ഇത്ര ധൃതിയിൽ എന്തിനാണ് പാസ്സാക്കുന്നത്? സെൻട്രൽ ആക്ട് വരുന്നതിനുമുമ്പുതന്നെ ഏതാണ്ട് ഏഴോളം സംസ്ഥാന ങ്ങളിൽ വിവരാവകാശ നിയമം സ്വന്തം നിലയിൽ പാസ്സാക്കി നട പ്പാക്കിയിട്ടുണ്ട്. 1997-ൽ ഗോവ, തമിഴ്നാട്, 2000-ൽ കർണ്ണാടക, രാജ സ്ഥാൻ, 2002-ൽ മഹാരാഷ്ട്ര, ആസ്സാം, 2003-ൽ മധ്യപ്രദേശ് ഈ നില യിൽ റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് പാസ്സാക്കി അതത് സംസ്ഥാനങ്ങ ളിൽ നടപ്പാക്കിയിട്ടുണ്ട്. ഇപ്പോൾ 12 സ്റ്റേറ്റുകളിലെ ഉള്ളൂ. ഇനിയും സ്റ്റേറ്റുകളിൽ വരാനിരിക്കുകയാണ്. അപ്പോൾ നമ്മൾ ഇത്ര ധൃതിപിടിച്ച് എന്തിനാണ് സേവനാവകാശനിയമം പാസ്സാക്കുന്നതെന്ന സംശയം എല്ലാ വർക്കുമുണ്ട്. അപ്പോഴാണ് ചില അഭ്യൂഹങ്ങളെ സംബന്ധിച്ച് പറഞ്ഞുവരു ന്നത്. ശ്രീ. ബെന്നി ബെഹനാന്റെ ചർച്ച കേട്ടപ്പോഴാണ് ഈ അഭ്യൂഹത്തിന് കുറച്ചുകൂടി അടിവരയിടുന്ന വിവരം കിട്ടിയത്. ചില ഉത്തരവാദപ്പെട്ട നിയമ ങ്ങളെ സംബന്ധിച്ച് ധാരണയുള്ള, പ്രവൃത്തിപരിചയമുള്ള ചില ആളുകളെ നമുക്ക് ഇതിന്റെ അപ്പലേറ്റ് അതോറിറ്റിയായി നിശ്ചയിക്കണം എന്ന സൂചന യിൽനിന്നാണ് ചില അഭ്യൂഹങ്ങൾ വന്നത്. പ്രത്യുപകാരമായി, അതായത് നല്ല പ്രവർത്തനക്ഷമതയുള്ള, സത്യസന്ധനായിട്ടുള്ള കാര്യങ്ങളെല്ലാം കാണുന്നത് അതുപോലെ പറയുന്നതിൽ ശേഷിയുള്ള സമീപകാലത്ത് റിട്ടയർ ചെയ്യാൻ പോകുന്ന ഒരു ഉയർന്ന പോലീസ് അധികാരി, സത്യസ ന്ധമായി കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നപ്പോൾ അത് സർക്കാരിന്റെ താൽപ്പര്യങ്ങൾക്കനുസൃതമായി വരുന്നില്ലെന്ന് കണ്ടുകഴിഞ്ഞപ്പോഴാണ് അദ്ദേഹത്തെ തങ്ങൾക്ക് ഹിതകരമായി പറയിപ്പിക്കുന്നതിന് സഹായകര മായ നിലയിൽ ഓഫർ ചെയ്തിട്ടുള്ള സേവനാവകാശ കമ്മീഷണർ പദവി അദ്ദേഹത്തെ കാത്തിരിക്കുന്നൂവെന്നതിന്റെ സൂചനയാണ് അപ്പലേറ്റ് അതോറിറ്റിയെന്നത് സംബന്ധിച്ച ശ്രീ. ബെന്നി ബെഹനാന്റെ പരാമർശ ത്തിൽനിന്നും വായിച്ചെടുക്കാൻ കഴിയുന്ന കാര്യം. അത്തരത്തിൽ ചില

ആളുകളെ കണ്ടുവച്ചുകൊണ്ടുള്ള സമീപനങ്ങൾ, അതിന്റെ ആവശ്യകത യാണോ സെലക്ട് കമ്മിറ്റിയിലേയ്ക്കൊന്നും പോകാതെ അതിവേഗതയിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി വന്നാൽ മതിയെന്ന നിലയിലേയ്ക്ക് പറ യാനുള്ള കാരണമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യല ക്ഷ്യങ്ങളെ സംബന്ധിച്ച്  സമൂഹത്തിൽ അഭ്യൂഹങ്ങളുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഇത്തരത്തിൽ ധൃതിപിടിച്ച്  ഒരു നിയമമുണ്ടാ ക്കേണ്ട ആവശ്യകതയില്ലെന്നാണ് ഞാൻ പറഞ്ഞുവരുന്നത്.  അല്പസമയം കൂടിയെടുത്തെന്ന്  കരുതി ഒന്നും സംഭവിക്കാൻ പോകുന്നില്ല. നമ്മൾ വളരെ വിപുലമായ രീതിയിൽ ചർച്ച ചെയ്യപ്പെട്ടാണ് രാജ്യം ഏറ്റവും കൂടു തൽ അഭിമാനസ്തംഭങ്ങളായി കാണുന്ന നിയമങ്ങളൊക്കെ ഉണ്ടായിട്ടു ള്ളത്. തൊഴിലുറപ്പ് നിയമം കൊണ്ടുവന്നതിനെപ്പറ്റി എല്ലാവർക്കും അറിയാ വുന്നതാണ്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് ഇടതുപക്ഷ പിന്തു ണയോടുകൂടി കേരളത്തിലെ പാലക്കാട്, വയനാട് എന്നീ രണ്ട് ജില്ലകളിൽ മാത്രം തൊഴിലുറപ്പ് നിയമം നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. അങ്ങനെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളിൽ ഒന്നോ രണ്ടോ ജില്ലകളിൽ മാത്രം നടപ്പാക്കാൻ ഉദ്ദേശി ച്ചിരുന്ന പദ്ധതിയേയാണ് ഒരു നിയമംമൂലം തൊഴിലുറപ്പ് പദ്ധതിയെന്ന നില യിൽ കൊണ്ടുവരാൻ ഇന്ത്യയിലെ ഇടതുപക്ഷം ഇടപെട്ടിട്ടുള്ളതെന്ന ചരിത്രം രേഖകളിലുണ്ട്.  .....(ബഹളം)..... നിങ്ങൾ കോപിച്ചിട്ട് കാര്യമില്ല. തൊഴിലുറപ്പു നിയമമായാലും വിവരാവകാശനിയമമായാലും റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് ആയാലും വനാവകാശനിയമങ്ങൾ ആയാലും ...........

<u>ശ്രീ. പി.റ്റി.എ. റഹീം</u>: സർ, ഇച്ഛാശക്തിയെപ്പറ്റി നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മുൻഗവൺമെന്റ് ഉണ്ടാക്കി കെട്ടിവച്ച റേഷൻ കാർഡാണ്  നൂറുദിവസം കൊണ്ട് കൊടുത്തതെന്ന കാര്യം അങ്ങേയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ് : സർ, ഡിമാൻഡ് ഡിസ്കഷൻവേളയിൽ ഞാനത് പറഞ്ഞിരുന്നതാണ്. റോഡിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അനുവദിക്കപ്പെട്ടത് പലതും നടപ്പായിത്തുടങ്ങുന്നതേയുള്ളൂ. അത് ആരുടെയും കുറ്റമല്ല. ഈ ഗവൺമെന്റിന്റെ നേട്ടമാണ്, റോഡിലേയ്ക്കു നോക്കൂ എന്നുപറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി ആവേശം കൊള്ളുമ്പോൾ പോലും ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നശേഷം അനുവദിക്കപ്പെട്ട റോഡുകൾക്ക് എ.എസ്. കൊടുത്ത്, ടി.എസ് ആയി അതിന്റെ ടെണ്ടർ പോയി വർക്ക് എഗ്രിമെന്റ് വച്ച് വർക്ക് തുടങ്ങിയിട്ടേയുള്ളൂ, വർക്കുകൾ വരാൻ പോകുന്നതേയുള്ളു. കഴിഞ്ഞ ഗവൺമെന്റ് എ.എസ്. നൽകിയ വർക്കുകളാണ് ഈ ഗവൺമെന്റ് വന്ന ശേഷം പൂർത്തീകരിച്ചത്. ഇതാണ് വസ്തുത. ഈ ഗവൺമെന്റ് എ.എസ്. കൊടുത്ത് നടപ്പാക്കിയ ഏതെങ്കിലും ഒരു റേഡ് പൂർത്തികരിച്ചി ട്ടുണ്ടോ?.......(ബഹളം)....... ഞാൻ വെല്ലുവിളിക്കുകയാണ്. ഏതെങ്കിലും ഒരു റോഡ് പറയാമോ?

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....നിങ്ങൾ വെല്ലുവിളിയൊന്നും സ്വീകരിക്കേണ്ട... ഇത് ബില്ലിനെക്കുറിച്ചുള്ള ചർച്ചയല്ലേ? ശ്രീ. ആരിഫ് ഇത് റൈറ്റ് ടു സർവ്വീസ് ബില്ലാണ്... അതിലെ ഭേദഗതിയാണോ റോഡ്?

ശ്രീ. എ. എം. ആരിഫ് : സർ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിധിക്കുള്ളിൽ ചെയ്യാവുന്ന റോഡുകൾ ചെയ്തിട്ടുണ്ടാകാം. വലിയ റോഡുകൾ ചീഫ് എഞ്ചിനീയർ ലെവലിലുള്ളത് പൂർത്തീകരിച്ചിട്ടില്ല.പക്ഷെ ചെയ്തുതുടങ്ങിയിട്ടുണ്ടാകും. ഇത് പൂർത്തീകരിച്ചതിന്റെ ക്രെഡിറ്റ് മുഴു വൻ എടുക്കരുതെന്നേ ഞാൻ പറഞ്ഞുള്ളൂ. അതിനൊക്കെ ഞാൻ ചില ഉപമകളും പറഞ്ഞിരുന്നു. വിവാദമാക്കാൻ ഉദ്ദേശിക്കാത്തതുകൊണ്ട് ഇപ്പോൾ അത് പറയാൻ ആഗ്രഹിക്കുന്നില്ല. നിയമസഭയിലെ ചോദ്യത്തിന് വരുന്ന ഉത്തരങ്ങൾ സെക്ഷൻ ഓഫീസർ എന്നുപറയുന്ന സർവ്വാധികാരി തരുന്നതാണ്. സെക്ഷൻ ഓഫീസർ എന്നുപറയുന്ന സർവ്വാധികാരി തരുന്ന

ഉത്തരമാണ് ബഹുമാനപ്പെട്ട മന്ത്രിമാർ നമുക്ക് തരുന്നത്. ഈ സെക്ഷൻ ഓഫീസർ ഇല്ലെങ്കിൽ, അദ്ദേഹം ലീവിൽ പോയാൽ അതിനുപകരം സംവിധാനം നമ്മുടെ ഒഫിഷ്യൽ സംവിധാനത്തിലുണ്ടാക്കാത്തിടത്തോളം കാലം ആരാണ് ഇവിടെ സേവന ദാതാവ്? സേവന ദാതാവിനെ നിർണ്ണയിക്കേണ്ടേ; അത് നിശ്ചയിക്കപ്പെടണ്ടേ? സേവനദാതാവിനെ നിർണ്ണയിക്കാതെയും നിശ്ചയിക്കാതെയും പോകാൻ കഴിയുമോ? സേവനം തന്നെ നിർവ്വചിക്കപ്പെടണം. സേവനം നിർവ്വചിക്കപ്പെടുന്നത് നമ്മുടെ നിയമത്തിന്റെ പരിധിക്കുള്ളിൽ നോക്കിയാൽ ജനന സർട്ടിഫിക്കറ്റുകൾ, ജാതി സർട്ടിഫിക്കറ്റുകൾ, വരുമാന സർട്ടിഫിക്കറ്റുകൾ, വാസസ്ഥലം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റുകൾ വീടുകൾക്കും കടകൾക്കുമുള്ള വൈദ്യതി/ വാട്ടർ കണക്ഷൻ, പാസ്പോർട്ട് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ തുടങ്ങി കുറേക്കാര്യങ്ങൾ പറയുന്നുണ്ട്. സേവനം തന്നെ നിർവ്വചിക്കപ്പെടേണ്ടതാണ്. അതാണ് ഇവിടെ സഖാവ് സുരേഷ് കുറുപ്പ് പറഞ്ഞത്. ഒരു രൂപ നിരക്കിൽ 25 കിലോ അരി കൊടുക്കുമെന്ന് പറഞ്ഞിട്ട് പന്ത്രണ്ടോ പതിനെട്ടോ കിലോ മാത്രമേ കൊടുക്കുന്നുള്ളൂ എന്ന സ്ഥിതി വന്നാൽ ആരുടെ പേരിലാണ് നടപടിയെടുക്കുന്നത്? അരി എടുക്കാത്തവരുടെ പേരിലാണോ കൊടുക്കാത്തവരുടെ പേരിലാണോ നടപടിയെടുക്കുന്നത്?

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, മനുഷ്യഗതി എന്നു പറയുന്നത് പല വിധത്തിലാണ്. 25 കിലോ അരി കൊടുക്കാമെന്ന് പറഞ്ഞിട്ട് 18 കിലോ കൊടുത്തുവെന്നല്ലേ പറഞ്ഞത്. പുറത്താക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ ശാസനയായില്ലേ, അതുപോലെ എല്ലാത്തിലും സംഭവിക്കുമെന്ന് കൂട്ടിയാൽ മതി

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, നിങ്ങൾ പലതും പ്രതീക്ഷിക്കും. അതിനൊക്കെ ഞങ്ങൾക്ക് എന്തുചെയ്യാൻ പറ്റും. അത്തരത്തിലുള്ള ഒരു ചർച്ച പോലും നിങ്ങളുടെ പാർട്ടിക്കകത്ത് നടക്കുമോ? നിങ്ങളുടെ പാർട്ടിയിൽ

രാഹുൽഗാന്ധിയുടെ കരങ്ങൾ ശക്തിപ്പെടുത്തുക, സോണിയാഗാന്ധിയുടെ കരങ്ങൾ ശക്തിപ്പെടുത്തുക എന്നതിനപ്പുറം ഒരു ചർച്ച അതിനകത്ത് നടക്കുന്നില്ല; ചർച്ച ചെയ്യാനുള്ള ധൈര്യമില്ല. താഴെത്തലങ്ങളിൽ ഒരു തെരഞ്ഞെടുപ്പ് നടത്താൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? എന്തായിരിക്കും നടക്കുക? അതിനെക്കുറിച്ചൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കാതിരിക്കുന്നതാണ് നല്ലത്. ശ്രീ. പി.സി. വിഷ്ണുനാഥ് പ്രഭാത് പട്നായിക് പറഞ്ഞ കാര്യങ്ങൾ ഇവിടെ വായിച്ചുകേൾപ്പിച്ചു. പണ്ട് സുകുമാർ അഴീക്കോട് പറഞ്ഞ ഒരു കാര്യം കൂടി ഞാൻ പറയാം. ഞാനൊരു കോൺഗ്രസ്സുകാരനായി ജനിച്ചു. കോൺഗ്രസ്സുകാരനായി വളർന്നു, കോൺഗ്രസ്സുകാരനായി മരിക്കാൻ ആഗ്രഹിച്ചു, പക്ഷേ എന്തുചെയ്യാം എനിക്കുമുമ്പേ കോൺഗ്രസ്സ് മരിച്ചുപോയി. അതെന്താണ് നിങ്ങൾ കാണാത്തത്?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, കോൺഗ്രസ്സിൽനിന്ന് ഇന്ദിരാഗാന്ധിയെ പുറത്താക്കിയതിനുശേഷം, അതായത് ചിക്മഗ്ലൂരിൽ ഇന്ദിരാഗാന്ധി മത്സരിച്ച അവസരത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ്സിൽനിന്ന് നമ്മുടെ കൂടെ വന്ന ഒരാളാണ് ശ്രീ. സി. പി. മുഹമ്മദ് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ അതാണ് നേരത്തെ പറഞ്ഞത്. ശ്രീ. വി.എസ്. സുനിൽകുമാർ സംസാരിച്ചപ്പോൾ സി.പി.ഐ സഖാക്കൾ ഇനിയും വരേണ്ടതാണ് എന്ന് പറഞ്ഞ ശ്രീ. ബെന്നി ബെഹനാൻ ഉൾപ്പെടെയുള്ള ആളുകൾ നേരത്തെ ഇടതുപക്ഷത്തോടൊപ്പം ഉണ്ടായിരുന്ന ആളുകളല്ലേ? കോൺഗ്രസ് (എ), ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി അടക്കം ഞങ്ങളുടെയൊപ്പം ഉണ്ടായിരുന്നവരല്ലേ? ഞാൻ ഇതൊന്നും പറയാൻ ഉദ്ദേശിച്ചതല്ല; എന്നെക്കൊണ്ട് പറയിപ്പിച്ചതാണ്. സർട്ടിഫിക്കറ്റുകളും നിർദ്ദേശങ്ങളും നടപ്പിലാക്കാനുള്ള സാംഗത്യവും അതിന്റെ സാധ്യതകളെയും സംബന്ധിച്ചു പറഞ്ഞു. ഇന്ന് ശ്രീ. കെ. ദാസൻ ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. എം.എൽ.എ.- മാർക്ക് വകുപ്പുകളിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാണോ?

ബഹുമാനപ്പെട്ട ചെയറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇത് സംബന്ധിച്ച് ഉത്തരവ് കൊടുത്തിട്ടുണ്ട്. അതെന്തെങ്കിലും നടപ്പാക്കുന്നുണ്ടോ? ഈ ചോദ്യത്തിന് ഒരുത്തരവും വന്നില്ല. ഇതാണ് ഇവിടെ സ്ഥിതി. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകുന്നതിന് ഇച്ഛാശക്തിയോടുകൂടി ഈ വയലേഷനെ കൈകാര്യം ചെയ്യാനുള്ള, ഇതിന്റെ പേരിൽ നടപടിയെടുക്കാനുള്ള കരുത്തിനെ ആശ്രയിച്ചിരിക്കും. അതില്ലെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. രാജ്യത്ത് അണ്ണാ ഹസാരെയെപ്പോലെയുള്ള ആളുകൾ ശക്തമായി ലോക്പാൽ നിയമം നടപ്പാക്കണമെന്ന് സമരം ചെയ്തു. നിലവിലുള്ള നിയമം ശരിയായി ഉപയോഗിച്ചാൽ അത് വേണ്ട. പക്ഷേ, നിലവിലുള്ള നിയമത്തിന്റെ പഴുതുകളിലൂടെയാണ് രക്ഷപെടുന്നത്. ഒരുലക്ഷത്തി എഴുപത്താറായിരം കോടി രൂപ ഇൻഡ്യയുടെ ഖജനാവിലേയ്ക്ക് വരേണ്ട പണം അവിടേയ്ക്ക് വരാതെ അടിച്ചുമാറ്റിക്കൊണ്ടുപോയ രാജ ഉൾപ്പെടെയുള്ള ആളുകൾ, ആ രാജയെ മന്ത്രിക്കസേരയിൽ വച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് പറഞ്ഞതെന്താണ്, ഈ മന്ത്രിസഭയിലാരും അഴിമതിക്കാരില്ല; എന്റെ കൂടെയിരിക്കുന്നവരാരും അഴിമതി നടത്തിയിട്ടില്ല; ആര് അഴിമതി നടത്തിയാലും പിടിക്കും എന്നൊക്കെ പറഞ്ഞു. പാർലമെന്റനികത്ത് പത്തിരുപത്തഞ്ചു ദിവസക്കാലം സഭ സ്തംഭിപ്പിച്ചുകൊണ്ട് നടത്തിയ സമരം അവസാനം പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷനുമായി സുപ്രീംകോടതിയിൽ വ്യക്തികൾ പോയതിന്റെ അടിസ്ഥാനത്തിൽ, അവിടെ നിന്ന് സി.ബി.ഐ.-ക്ക് കൊടുത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അഴിമതിക്കാരില്ല എന്ന സ്റ്റാൻഡിൽ അദ്ദേഹം ഉറച്ചുനിൽക്കുകയായിരുന്നു. രാജയെ രക്ഷിക്കാനുള്ള ശ്രമമാണ് നടത്തിയിരുന്നത്. അവസാനം ഉള്ള നിയമം വച്ചല്ലേ രാജ ജയിലിൽ പോയത്? നിലവിലുള്ള നിയമങ്ങളെ നാം എത്രകണ്ട് ഉപയോഗിക്കുന്നു എന്നതിനെക്കൂടി ആശ്രയിച്ചിരിക്കും. അതാണ് ഇന്ന് മുഖ്യമന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞത്. കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. പക്ഷേ ശിക്ഷിച്ചിട്ടുണ്ടോ?

നിലവിൽ ഒരുപാട് നിയമങ്ങളുണ്ട്. ആ നിയമങ്ങൾ എക്സിക്യൂട്ട് ചെയ്യാനുള്ള വിൽപവർ ഭരണനേതൃത്വത്തിന് എപ്പോൾ ഉണ്ടാകുന്നോ അപ്പോൾ മാത്രമേ അവർക്ക് നിയമത്തിന്റെ പരിരക്ഷ ലഭിക്കുകയുള്ളൂ, നിയമത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഇല്ലെങ്കിൽ നിയമത്തിന്റെ പഴുതുകളിലൂടെ അവർ രക്ഷപ്പെടും. ഉദാഹരണത്തിന് സർട്ടിഫിക്കറ്റ് കൊടുക്കുന്ന കാര്യം പറഞ്ഞു. സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുള്ള അവകാശ നിയമം എന്ന നിലയിലേയ്ക്കാണ് ഇതിന്റെ ഉദ്ദേശ കാരണങ്ങളുടെ വിവരണം കേട്ടാൽ തോന്നുന്നത്. സർട്ടിഫിക്കറ്റുകൾ യഥാസമയം കൊടുക്കുക എന്നുള്ളത് മാത്രമായി ചുരുങ്ങിപ്പോകുന്നു. സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന്റെ പേരിൽ ഒരാൾക്ക് തൊഴിൽ ലഭിച്ചില്ല, ഒരാളുടെ ജീവിതം തന്നെ നഷ്ടപ്പെടുന്നു, ആ കാലതാമസത്തിന് ഈ നിയമപ്രകാരം 5000 രൂപ പിഴയടച്ചാൽ മതി. അതോടുകൂടി എല്ലാം തീരുകയാണ്. ജീവിതം നഷ്ടപ്പെട്ടവനുള്ള പ്രതിവിധിയെന്താ? ജോലി നഷ്ടപ്പെട്ടാലെന്താ പ്രതിവിധി? നഷ്ടത്തിന്റെ ക്വാണ്ടം നിശ്ചയിക്കണം. നഷ്ടത്തിന്റെ ക്വാണ്ടം നിശ്ചയിച്ചശേഷം മാത്രമാണ് അതിന്റെ ലയബിലിറ്റി ഫിക്സ് ചെയ്യേണ്ടത്. ലയബിലിറ്റി ഫിക്സ് ചെയ്യുമ്പോൾ നഷ്ടത്തിന്റെ ക്വാണ്ടംകൂടി കണക്കിലെടുക്കപ്പെടണം. നേരത്തെ പറഞ്ഞപോലെ ഇവിടെ ശക്തമായ സർവ്വീസ് സംഘടനകൾ, ജീവനക്കാർ എല്ലാവരുമുണ്ട്. അവരുമായി ചർച്ച ചെയ്യണം. അതാണ് ശ്രീ. സി. ദിവാകരൻ ഇന്ന് സഭയിലുന്നയിച്ച പ്രശ്നം. ഈ വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ എക്സിക്യൂട്ടീവിന്റെ, അതായത് നടപ്പിലാക്കേണ്ട വിഭാഗത്തിന്റെ പിന്തുണയും അവരുടെ വിശ്വാസ്യതയുംകൂടി കണക്കിലെടുത്ത് അവരുടെ സഹകരണത്തോടുകൂടി നടപ്പിലാക്കേണ്ട നിയമം മാണി സാർ പറയുന്നതുപോലെ ദോശ ചുട്ടെടുക്കുന്നതുപോലെ ചുട്ടെടുക്കേണ്ട നിയമമാണോ? അങ്ങനെയാകാൻ പാടില്ല. അതുകൊണ്ടാണ് വ്യക്തമായ ചർച്ച വേണമെന്ന് പറയുന്നത്.

<u>മി. സ്പീക്കർ</u>: ചർച്ചയാണല്ലോ ഇവിടെ നടക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, നമ്മളാണ് സർവ്വാധികാരികൾ എന്ന് കരുതരുത്. നമ്മളുണ്ടാക്കിവച്ച നിയമങ്ങൾ നടപ്പാക്കാൻ പറ്റാതെയാണ് നമ്മളിരിക്കുന്നത്. നമ്മൾ കൊടുക്കുന്ന ഉത്തരവുകൾ നടപ്പാക്കാൻ പറ്റാതെയാണ് ഇരിക്കുന്നത്. നമ്മുടെ ഉത്തരവുകൾ നടപ്പാക്കാത്ത ഉദ്യോഗ സ്ഥരുടെ പേരിൽ നടപടിയെടുക്കാതെയാണ് നമ്മൾ ഇവിടെ ഇരിക്കുന്നത്. അതുകൊണ്ട് ഈ നിയമം വിവിധ സ്റ്റേറ്റുകളിൽ നടപ്പാക്കിയതിന്റെ അടി സ്ഥാനത്തിൽ, അതിന്റെയെല്ലാം പശ്ചാത്തലത്തിൽ, അവരുടെ അനുഭവ ങ്ങൾ കൂടി വച്ചുകൊണ്ട് ചർച്ചയ്ക്ക് വിധേയമാക്കുന്നതല്ലേ ഉചിതമെന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പാലോട് രവി: സർ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമാ യി സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കാനും അതൊക്കെ വിവിധ വകുപ്പുകളിലേയ്ക്ക് വ്യാപിപ്പിക്കുവാനുമാണ് അങ്ങയുടെ പാർട്ടി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റും പഞ്ചായത്തീരാജ് നിയമം പാസ്സാക്കിയ ശ്രീ. കെ. കരുണാകരന്റെ ഗവൺമെന്റും തീരുമാനിച്ചത്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ അധികാര വികേന്ദ്രീകരണ ത്തിന്റെ ഭാഗമായി കൂടുതൽ ജീവനക്കാരെ താഴെത്തട്ടിലേയ്ക്ക് വികേന്ദ്രീ കരിക്കുന്നതിനുപകരം ഒരു കാലഘട്ടത്തിലുമുണ്ടാകാത്തപോലെ സെക്രട്ടേ റിയറ്റിലെ ജീവനക്കാരുടെ എണ്ണം വർദ്ധിച്ചുവെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നിയമസഭയിൽ അതു സംബന്ധിച്ച ചോദ്യത്തിന് ഉത്തരവും തന്നിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ്: സർ, ഞാനതാണ് പറഞ്ഞത്. ഇത് എക്സി ക്യൂട്ട് ചെയ്യേണ്ടവരുമായി ആലോചിക്കണം. വ്യത്യസ്ത തലങ്ങളിൽ നിന്നുള്ള ആലോചനകൾ വരുന്നതുകൊണ്ട് കുറച്ചുകൂടി നന്നാകുകയേ യുള്ളൂ. ചർച്ച ചെയ്ത് എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അതെല്ലാംകൂടി ആലോചിച്ച് നടപ്പാക്കുന്നതായിരിക്കും ഉചിതം. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്നതിനുമുമ്പായി, സർട്ടിഫിക്കറ്റുകളുടെ വിതരണം മാത്രമായി

ചുരുങ്ങാതെ സേവനം ഏതെന്ന് നിയമത്തിൽത്തന്നെ ഐഡന്റിഫൈ ചെയ്യാൻ സാധിക്കണം. അത്തരത്തിൽ കുറച്ചുകൂടി വിപുലീകരണം ആ ക്ലാസിൽ വരണം. 2(ജി)-യിൽ സേവനം നിർവ്വചിപ്പിക്കപ്പെടുന്നുണ്ട്. അതുപോലെതന്നെ 3(1)-ലും കുറച്ചുകൂടി എക്സ്പാൻഷനുണ്ടാകണം; ഇതിൽ പീനൽ ക്ലാസ് വരണം. അതിവിടെ ചർച്ചയിൽ പങ്കെടുത്ത ചിലരൊക്ക പറഞ്ഞതാണ്. ലയബിലിറ്റി ഫിക്സ് ചെയ്യുകയും അതിന്മേലുള്ള ഫൈനും മാത്രമായി ഒതുക്കാതെ പീനൽ പ്രൊവിഷൻ എങ്ങനെ ചേർക്കാൻ സാധിക്കുമെന്ന് നിയമ വിദഗ്ദ്ധരുമായി ആലോചിക്കേണ്ടതായിട്ടുണ്ട്. നാം അർത്ഥമാക്കുന്ന നിലയിൽ സേവനം ലഭ്യമാകേണ്ടവന് അത് ലഭ്യമാകാതെ വരുമ്പോൾ അതിന് നൽകേണ്ട നടപടിക്രമങ്ങൾ, ശിക്ഷാനടപടികൾ എന്തായിരിക്കണമെന്ന് നിർവ്വചിക്കപ്പെടണമെന്നുള്ളതാണ്. ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്; ഇന്ത്യൻ ജനാധിപത്യത്തിന് അതിന്റേതായ മേന്മകളുണ്ട്, അതിന്റേതായ പരിമിതികളുണ്ട്. ഇന്ത്യൻ ജനാധിപത്യ പ്രക്രിയയെ സംബന്ധിച്ച് ഇന്ന് പ്രകടമാകുന്ന ആശങ്കകളെക്കുറിച്ച് സാമ്പത്തിക വിദഗ്ദ്ധരും രാഷ്ട്രീയ നിരീക്ഷകരുമെല്ലാം പറയുന്നത് ഇന്ത്യൻ ജനാധിപത്യ പ്രക്രിയയ്ക്കുമേൽ പണത്തിന്റെ ആധിപത്യം വർദ്ധിക്കുന്നു എന്നാണ്. ഇവിടെ പണം തീരുമാനിക്കുന്ന നിലയിലേയ്ക്കാണ് പോകുന്നത്. ഈ ആശങ്ക വലിയതോതിൽ ഉയർന്നുവരികയാണ്. ഇത്തരം ആശങ്ക ഇന്ത്യൻ ജനാധിപത്യ പ്രക്രിയയ്ക്ക് നാം കൽപ്പിക്കുന്ന മഹത്വവും ആദരവുമെല്ലാമുള്ളപ്പോൾതന്നെ, പണം കൊടുത്ത് രാജ്യത്തെ ഭരണം മാറ്റിമറിക്കാൻ സാധിക്കുന്നു എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്. ഇതിൽ ബ്യൂറോക്രസിയും കറപ്ഷനും അതുപോലുള്ള മറ്റ് കാര്യങ്ങളും വലിയ പങ്ക് വഹിക്കുന്നുണ്ട്. രാജ്യത്തിലെ ഖജനാവിലേയ്ക്ക് വരേണ്ട 1,76,000 കോടി രൂപ വ്യക്തികളുടെ കൈകളിലേയ്ക്ക് പോകുകയും അതിൽ വലിയൊരു ശതമാനം തെരഞ്ഞടുപ്പുകൾക്ക് ചെലവാക്കുകയും ചെയ്യുന്നു. ചില രാഷ്ട്രീയ പാർട്ടികൾ അവരുടെ കേന്ദ്ര നേതൃത്വത്തിൽ നിന്ന് ഓരോ മണ്ഡലങ്ങൾക്കും ഇത്ര തുക വച്ച് കൊടുക്കുന്നു. അങ്ങനെ

കൊടുക്കുന്ന പണം ഇടനിലക്കാരൻ തട്ടിക്കൊണ്ടുപോയി എന്ന് പറഞ്ഞുള്ള വിവാദങ്ങൾ രാഷ്ട്രീയത്തിൽ കൊഴുക്കുകയാണ്. ഇത് ഇന്ത്യൻ ജനാധിപത്യത്തിന്റെ മഹത്വത്തിനേൽക്കുന്ന കറുത്ത പുള്ളിക ളാണ്. അതുപോലെതന്നെ ജയിച്ചുവരുന്നവരെ കാലുമാറ്റുന്നതിനുവേണ്ടി പണം ഉപയോഗിക്കുന്ന സ്ഥിതിയും ഉണ്ടാകുകയാണ്. ഇത്തരം സാഹച ര്യങ്ങളെല്ലാം ഇന്ത്യൻ ജനാധിപത്യത്തിനേൽക്കുന്ന കടുത്ത ആഘാ തങ്ങളാണ്. പാർലമെന്റിൽ മറിച്ച് വോട്ട് ചെയ്യിക്കുന്നതിനുവേണ്ടി പണം കൊടുത്ത കേസ്സുകൾവരെ നമ്മുടെ രാജ്യത്ത് നടക്കുകയാണ്. ഇതെല്ലാം ജനാധിപത്യത്തിനേൽക്കുന്ന കടുത്ത വെല്ലുവിളികളാണ്. നമ്മുടെ ജനാധി പത്യത്തെക്കുറിച്ച് പറയുമ്പോഴും സ്വന്തം പാർട്ടിയ്ക്കകത്ത് ഒരു തെരഞ്ഞെ ടുപ്പ് നടത്തി, ബ്രാഞ്ച്തലം മുതൽ പോളിറ്റ്ബ്യൂറോ വരെ തെരഞ്ഞെടുപ്പ് നടത്തി കമ്മിറ്റിയെ തെരഞ്ഞെടുക്കാനുള്ള ജനാധിപത്യപരമായ പ്രക്രി യയ്ക്ക് ഞങ്ങൾ മാതൃക കാണിക്കുമ്പോൾ, ഇന്ത്യൻ ഇലക്ഷൻ കമ്മീഷൻ ഞങ്ങളെ അംഗീകരിക്കുമ്പോൾ, ഒരു തെരഞ്ഞെടുപ്പ് നടത്തിക്കഴിഞ്ഞാൽ താഴെ തട്ടുമുതൽ ഉണ്ടാകാൻ പോകുന്ന സംഘർഷം ഇവിടത്തെ പോലീ സിനോ അധികാരികൾക്കോ തടഞ്ഞുനിറുത്താൻ സാധിക്കില്ല. അതൊരു വലിയ സംഘർഷമായി പടർന്നു പന്തലിക്കും. അതുണ്ടാക്കാൻ പോകുന്ന ആഘാതമെന്തായിരിക്കുമെന്നുള്ളത് ഒന്നുരണ്ട് പോഷക സംഘടനകൾ തെരഞ്ഞെടുപ്പ് നടത്തിയപ്പോൾ നമ്മൾ കണ്ടതാണ്. അതൊന്നും എന്നെ ക്കൊണ്ട് പറയിപ്പിക്കേണ്ട. ഇവിടെ ശ്രീ. ബെന്നി ബെഹനാൻ ചിലതൊക്കെ പറഞ്ഞതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. അതുകൊണ്ടാണ് ഈ ബിൽ നടപ്പാക്കുമ്പോൾ നിലവിലുള്ള നിയമം ഫലപ്രദമായി ഉപയോഗിക്കാൻ ഇപ്പോഴും കഴിയുന്നില്ലായെന്നുള്ള അപര്യാപ്തത, പോരായ്മ നമുക്കുള്ളത്. ഇവിടെ നിയമങ്ങൾ കൂടുന്നതുകൊണ്ട് എന്തെങ്കിലും കുഴപ്പമുണ്ടാകുമെ ന്നുള്ളതല്ല, അത് നല്ല കാര്യം തന്നെയാണ്. നെയ്യപ്പത്തിന് അൽപം നെയ്യ് കൂടിപ്പോയി എന്നുള്ളതുകൊണ്ട് ഒരു കുഴപ്പവുമില്ല. പക്ഷേ അത് നടപ്പാ ക്കാനുള്ള ഇച്ഛാശക്തിയും അതിനുള്ള സംവിധാനവുമുണ്ടാകണം. ഒരു

ഫോട്ടോസ്റ്റാറ്റ് മെഷീൻ കേടായിപ്പോയാൽ അത് നന്നാക്കാൻ ഒരുപാട് ദിവസമെടുക്കും. ഫോട്ടോസ്റ്റാറ്റ് മെഷീൻ കേടായിപ്പോയതുകൊണ്ടാണ് സർട്ടിഫിക്കറ്റ് കൊടുക്കാൻ സാധിക്കാത്തതെന്ന് പറഞ്ഞാൽ മതിയല്ലോ. അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള ധാരാളം പഴുതുകളുണ്ട്. ഈ പഴുതുകളിലൂടെ രക്ഷപ്പെടാനുള്ള ഒരുപാട് സാധ്യതകളുണ്ട്. ഇവിടെ കമ്പ്യൂട്ടർ കേടായിപ്പോയി, അല്ലെങ്കിൽ സെർവ്വർ ശരിയാകുന്നില്ല എന്നൊക്കെപ്പറഞ്ഞാൽ തീരാവുന്ന പ്രശ്നങ്ങളേയുള്ളൂ. അങ്ങനെ ധാരാളം പഴുതുകളുള്ളപ്പോൾ, ആ പഴുതുകളിലൂടെ രക്ഷപ്പെടാനുള്ള ഒരുപാട് സാധ്യതകളുണ്ട്. അതാണിവിടെ വിപുലമായ ചർച്ച വേണമെന്ന് പറഞ്ഞത്. പല തരത്തിലുള്ള എക്സ്പെർട്ടുകളുടെ അഭിപ്രായം ആരായണമെന്ന് പറഞ്ഞതും അതുകൊണ്ടാണ്. അതെല്ലാം വച്ചുകൊണ്ട് ഇത് കുറ്റമറ്റ ഒരു നിയമമാക്കി മാറ്റാനാവശ്യമായ നിലയിൽ ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കന്മാരുൾപ്പെടെയുള്ളവർ എടുത്ത തീരുമാനങ്ങൾ നമുക്കറിയാം. ചർച്ചപോലും നടത്താതെ പാസ്സാക്കണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുമുണ്ടായിരുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> ചർച്ച കൂടാതെ പാസ്സാക്കണമെന്നൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ചർച്ചപോലും നടത്താതെ പാസ്സാക്കണമെന്ന് നമ്മൾ തീരുമാനിച്ചതാണ്. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സ്പീക്കറോട് ചർച്ച വേണമെന്നുള്ള അഭിപ്രായം പറഞ്ഞപ്പോൾത്തന്നെ അതിന്റെ പ്രസക്തി എത്രയോ വലുതാണ്. ജനാധിപത്യപരമായിട്ടാണ് ഈ നിയമം ചർച്ച ചെയ്യപ്പെടാൻ സഭ തീരുമാനിക്കുന്നത് എന്നുള്ള വിഷയം ചൂണ്ടിക്കാണിക്കാനാണ് ഞാനിത് പറഞ്ഞത്. അതിനാരും എന്നോട് പിണങ്ങേണ്ട. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുകയോ, കൂടുതൽ ചർച്ച നടത്തുകയോ ചെയ്യുന്നില്ല. പക്ഷേ ഈ നിയമം പാസ്സാക്കപ്പെടണമെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ഇവിടെ ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ പറഞ്ഞതുപോലെ ജനസമ്പർക്ക പരിപാടിയാണ് ഈ നിയമം കൊണ്ടുവരുവാൻ മുഖ്യമന്ത്രിയേയും ഈ ഗവൺമെന്റിനേയും പ്രേരിപ്പിച്ചതെന്ന് ഉറച്ച് വിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ചില നിസ്സാര കാര്യങ്ങൾപോലും നടത്താൻ കഴിയാതെ ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ ആ ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കാൻ ഈ നിയമം പ്രാബല്യത്തിൽ വന്നേ തീരൂ എന്നുള്ള നിർബന്ധ ബുദ്ധിയോടുകൂടിയുള്ള ചിന്തയാണ് ഈ നിയമം ഇവിടെ കൊണ്ടുവരാൻ ഇടയാക്കിയതെന്നുള്ള കാര്യം നമുക്കറിയാം. മറ്റ് വിശദാംശങ്ങളൊന്നും ചർച്ച ചെയ്യുന്നില്ല. ഇവിടെ രാഷ്ട്രീയ കാര്യങ്ങളൊക്കെ സംസാരിക്കുകയുണ്ടായി. ഒരു വാക്ക്

മാത്രമേ ഞാൻ പറയുന്നുള്ളൂ, കൂടുതലായൊന്നും പറയുന്നില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതി കമ്മ്യൂണിസ്റ്റ് പാർട്ടി കൊണ്ടുവന്നതാണെന്ന് പറഞ്ഞാൽ കമ്മ്യൂണിസ്റ്റുകാർതന്നെ അമർത്തി ചിരിക്കുമെന്നുള്ള കാര്യം അവരറിയുന്നത് നല്ലതാണ്. സ്വാഭാവികമായി അറിയാതെതന്നെ അവർ കൈപൊത്തി ചിരിച്ചുപോകും. അത്തരം പ്രചരണങ്ങൾ നടത്തുന്നത് ശരിയല്ലായെന്ന് മാത്രം സൂചിപ്പിക്കുകയാണ്. അതുപോലെ 5 ലക്ഷം റേഷൻ കാർഡുകൾ 100 ദിവസംകൊണ്ട് കൊടുത്തപ്പോൾ, അത് നേരത്തെ ഉണ്ടാക്കിവച്ചത് എടുത്തുകൊടുത്തതെന്നുള്ള പരാതികൾ സഭയിൽ പറയുന്നതും രേഖകളിൽ വരുന്നതും എത്രയോ അപമാനകരമാണ്. അത് കേരളത്തിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണെന്ന് നമ്മുടെ സഖാക്കന്മാർ മനസ്സിലാക്കുന്നത് നല്ലതാണ്. അതുപോലെതന്നെ സുകുമാർ അഴിക്കോടിനെക്കുറിച്ച് ഇവിടെ പറയുമ്പോൾ, എം.എൻ. വിജയന്റെ മരണത്തെക്കുറിച്ച് കമ്മ്യൂണിസ്റ്റുകാർ ഓർത്തിരിക്കുന്നത് അവരുടെ രാഷ്ട്രീയ പ്രവർത്തനത്തിന് ഗുണകരമാകും എന്നുകൂടി പറഞ്ഞുകൊണ്ട് ഈ നിയമം എത്രയുംവേഗം പ്രാബല്യത്തിൽ വരുന്ന സാഹചര്യം സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന നീക്കങ്ങളെ ആത്മാർത്ഥമായി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നല്ലൊരു ചർച്ച ഇവിടെ നടത്തിയ എല്ലാ അംഗങ്ങളോടും ഞാൻ നന്ദി പറയുകയാണ്. ശ്രീ. സുരേഷ് കുറുപ്പിന്റെ പ്രസംഗം നിയമത്തെ എതിർക്കുന്നതാണോ എന്നുള്ള സംശയം ശ്രീ. ബെന്നി ബെഹനാൻ ഇവിടെ പറഞ്ഞു. പക്ഷേ ഒരിക്കലും അതിനെ എതിർക്കുന്ന ഒരു സമീപനമല്ല ശ്രീ. സുരേഷ് കുറുപ്പ് എടുത്തത്. അദ്ദേഹം ചില കുറവുകളും പോരായ്മകളുമൊക്കെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് ഇങ്ങനെയൊരു നിയമം കൊണ്ടുവരാതിരുന്നത് ഇതുപോലുള്ള ചില ആശങ്കകൾ വച്ചുകൊണ്ടാണെന്നാണ് അദ്ദേഹത്തിന്റെ സംസാരത്തിൽനിന്നും മനസ്സിലാകുന്നത്. ശ്രീ. സുരേഷ് കുറുപ്പ് റേഷനരിയുടെ കാര്യം ഇവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ച് റേഷൻ കടകളിൽ അങ്ങ് അന്വേഷിക്കുന്നുണ്ടോ? ബി. പി.എൽ.-കാർക്ക് ഒരു കിലോ അരിപോലും കുറച്ചിട്ടില്ല, കുറയ്ക്കുകയുമില്ല. എപ്പോൾ വേണമെങ്കിലും അവർക്ക് അരി ലഭിക്കും. ബി.പി.എൽ. കുടുംബത്തിന് കിലോയ്ക്ക് ഒരു രൂപവെച്ച് 25 കിലോ അരികൊടുക്കുന്നതിൽ ഒരു കിലോ അരി ഏതെങ്കിലും മാസം കുറഞ്ഞിട്ടുണ്ടെങ്കിൽ ആ വിവരം നിങ്ങൾ എഴുതിത്തന്നാൽ ആ റേഷൻ കടയിൽ അന്വേഷണം നടത്തി അത് അവർക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് അരി വിതരണം ചെയ്യുന്നതിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നു. എന്നാൽ സംസ്ഥാന ഗവൺമെന്റ് യഥാസമയം ആ പ്രശ്നത്തിൽ ഇടപെട്ട് എ.പി.എൽ. വിഭാഗക്കാർക്കുള്ള അരി 15 കിലോയാക്കി മാറ്റിയിട്ടുണ്ട്. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങളെല്ലാം നടപ്പിലാക്കുകയാണ്. പെൻഷന്റെ കാര്യത്തെപ്പറ്റി ഇവിടെ പറഞ്ഞു. പെൻഷൻ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഭാവിയിൽ ഇത്തരത്തിലുള്ള കുടിശ്ശിക വരാതിരിക്കാനായി എല്ലാവരുടെയും ബാങ്ക് അക്കൗണ്ടിലൂടെ പെൻഷൻ കൊടുക്കാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. ആ സമ്പ്രദായം വന്നുകഴിഞ്ഞാൽ എല്ലാമാസവും 1-ാം തീയതി ശമ്പളം കൊടുക്കുന്നതുപോലെ

പെൻഷനുകളും ബാങ്ക് അക്കൗണ്ടുകളിലൂടെ കൊടുക്കാനാണ് ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇവിടെ സംസാരിച്ച എല്ലാവരും നല്ല നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യം ജീവനക്കാരുമായി ചർച്ച ചെയ്തിട്ടില്ലായെന്ന് പറഞ്ഞത് തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ്. കാരണം, ജീവനക്കാരെക്കൂടി വിശ്വാസത്തിലെടു ത്തുകൊണ്ടുമാത്രമേ ഈ നിയമം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെ ന്നതിൽ യാതൊരു സംശയവുമില്ല. ധനകാര്യവകുപ്പുമന്ത്രിയുടെ നേതൃത്വ ത്തിൽ ജീവനക്കാരുമായി ഇക്കാര്യം ചർച്ച ചെയ്തു. ഇൻ പ്രിൻസിപ്പിൾ, അവർ അംഗീകരിച്ചു. വിശദാംശങ്ങൾ അവരുമായി വീണ്ടും ചർച്ച ചെയ്യു മെന്ന് പറഞ്ഞിട്ടുണ്ട്. ഈ നിയമത്തിലെ കാതലായ പ്രശ്നം ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം സേവനങ്ങളാണ് നൽകേണ്ടതെന്നും അത് എപ്പോൾ, എങ്ങനെ വേണമെന്നുള്ള കാര്യങ്ങൾ തീരുമാനിക്കുക എന്നുള്ള താണ്. ഈ നിയമം പാസ്സായി ആറുമാസത്തിനകമാണ് അത് സംബന്ധി ച്ചുള്ള തീരുമാനമെടുക്കേണ്ടത്. അത് മൂന്ന് മാസത്തിനകം വേണമെന്നൊരു നിർദ്ദേശം ഇവിടെ പറഞ്ഞു. ആറുമാസത്തിനുള്ളിൽ ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് അവരുമായി ചർച്ച ചെയ്യും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ നിയമം അടിച്ചേൽപ്പിക്കുകയല്ല, മറിച്ച് ഇത് സ്വയം ഉൾക്കൊള്ളുന്ന ഒരു സാഹചര്യമുണ്ടാക്കുകയാണ്. അക്കാര്യ ത്തിൽ സിവിൽ സർവ്വീസിന്റെ പൂർണ്ണ സഹകരണമുണ്ടാകുമെന്ന പ്രതീക്ഷ യാണ് എനിക്കുള്ളത്. എന്റെ അനുഭവം അതാണ്. ജനസമ്പർക്ക പരിപാടി യുമായി ബന്ധപ്പെട്ട് എത്രയോ ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ട് അനുഭവിക്കേ ണ്ടിവന്നിട്ടുണ്ട്, കഷ്ടപ്പെടേണ്ടിവന്നിട്ടുണ്ട്. എല്ലാഭാഗത്തുനിന്നുമുള്ള ഉദേ ്യാഗസ്ഥരുടെ സഹകരണവും ലഭിച്ചിട്ടുണ്ട്. അപ്പോൾ ഇത് നമ്മുടെ സമൂഹ ത്തിൽ ജനങ്ങൾക്കുവേണ്ടി ചെയ്യുന്ന വലിയൊരു കാര്യമാണ്. ആ പ്രവർത്തനത്തിലൂടെ ഉദ്യോഗസ്ഥരെക്കുറിച്ച് ജനങ്ങളുടെ മനസ്സിലുള്ള കാഴ്ചപ്പാട് മാറും. കാരണം, ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഗുണഭോ ക്താക്കൾ നമ്മളെല്ലാവരുമാണ്. ഒന്നാമത്തെ ഗുണഭോക്താവ് ഇന്നത്തെ

സിസ്റ്റമാണ്. കാരണം, ജനങ്ങൾക്ക് ഗവൺമെന്റിനോടുള്ള വിശ്വാസം കുറഞ്ഞുവരികയാണ്. അത് മാറ്റി ജനങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും സമയത്ത് ലഭിക്കുന്നുവെന്നും ഞങ്ങളെ കരുതുന്നുവെന്നും ഞങ്ങൾക്കു കൂടി വേണ്ടിയാണ് ഈ ഗവൺമെന്റും ഓഫീസും പ്രവർത്തിക്കുന്നതെന്ന ഒരു വിശ്വാസം വരുമ്പോൾ നമ്മുടെ സിസ്റ്റത്തിനാണ് അതിന്റെ കരുത്ത്, ആത്മവിശ്വാസം കിട്ടുന്നത്. അതാണ് ഒന്നാമത്തെ ബെനിഫിഷ്യറി. ഗവൺമെന്റും ജനപ്രതിനിധികളുമൊക്കെയാണ് രണ്ടാമത്തെ ബെനിഫിഷ്യറിയായി വരുന്നത്. മൂന്നാമത്തെ ബെനിഫിഷ്യറി ഗവൺമെന്റ് ഉദ്യോഗസ്ഥരാണ്. കാരണം, ഇതിന്റെ സേവനങ്ങൾ ലഭ്യമാകുന്നത് പബ്ലിക്കിനാണെങ്കിലും ഇതിന്റെ നേട്ടം ലഭിക്കുന്നത് ഈ രീതിയിലായിരിക്കുമെന്ന് കൂടി മനസ്സിലാക്കണം. ശ്രീ. ടി. എ. അഹ്മദ് കബീർ ഇവിടെ സംസാരിച്ചപ്പോൾ നിയമം കൊണ്ടുവരാൻ കാലതാമസം വന്നുവെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 100 ദിന കർമ്മപരിപാടിയിൽ പ്രഖ്യാപിച്ചതാണിത്. ഇത് പ്രഖ്യാപിക്കാനൊരു സാഹചര്യമുണ്ടായി; അത് റേഷൻ കാർഡ് വിതരണത്തിലുണ്ടായ വലിയ നേട്ടമാണ്. റേഷൻ കാർഡിന് അപേക്ഷിച്ചാൽ അതാത് ദിവസംതന്നെ റേഷൻ കാർഡ് കൊടുക്കണമെന്ന് വലിയ ആശങ്കയോടുകൂടിയാണ് ഈ ഗവൺമെന്റ് തീരുമാനമെടുത്തത്. അന്ന് സിവിൽ സപ്ലൈസ് വകുപ്പിന്റെ ചാർജ്ജ് വഹിച്ചിരുന്ന ടി. എം. ജേക്കബ് ഇത് ഞാൻ നടത്തിത്തരുമെന്നുപറഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ വാക്കിൽ അമിതമായി വിശ്വസിച്ചുകൊണ്ട് ഞങ്ങളൊരു തീരുമാനമെടുക്കുകയും അത് അക്ഷരംപ്രതി പാലിക്കുകയും ചെയ്തു. ഇത്തരമൊരു നേട്ടം കൈവരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ലഭിച്ചിട്ടുള്ള സഹകരണം പ്രശംസനീയമാണ്, അഭിനന്ദനീയമാണ്. അവർക്കുവേണ്ട സൗകര്യങ്ങളും ഞങ്ങൾ ഉണ്ടാക്കിക്കൊടുത്തു. പുതിയതായി പോസ്റ്റ് ക്രിയേഷനല്ല അവർക്കുവേണ്ടി ചെയ്തുകൊടുത്തത്. റേഷൻ കാർഡിന് അപേക്ഷിച്ചാൽ അതിൽ പറയുന്ന വിവരങ്ങൾ ശരിയാണോ തെറ്റാണോയെന്ന് പരിശോധിക്കാൻ സമയമെടുക്കുകയാണ്.

അതുകൊണ്ട് അക്കാര്യങ്ങൾ അവരോട് പരിശോധിക്കേണ്ടതില്ലെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡിന് അപേക്ഷ ലഭിച്ചാൽ അന്നുതന്നെ കൊടുക്കുകയാണ്. അപേക്ഷയിൽ ആരെങ്കിലും എന്തെങ്കിലും തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ചുള്ള അന്വേഷണം അതിനുശേഷം മതിയെന്ന് തീരുമാനിച്ചു. അങ്ങനെ തെറ്റ് സംഭവിക്കുന്നപക്ഷം മൂന്നോ നാലോ മാസം കഴിഞ്ഞ് ആ റേഷൻ കാർഡ് ക്യാൻസൽ ചെയ്യും. അതിന് ഈ ഉദ്യോഗസ്ഥരെ ഒരിക്കലും പഴി പറയുകയില്ല. അങ്ങനെയൊരു സ്ഥിതിവന്നാൽ ഉദ്യോഗസ്ഥരും സഹകരിക്കും, കാരണം അവർക്ക് യാതൊരു റിസ്കുമില്ല. അങ്ങനെ തീരുമാനിച്ച് ഉദ്യോഗസ്ഥർക്ക് അതിനുള്ള അവസരം കൊടുത്ത് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചാൽ ഏത് കാര്യവും ചെയ്യാൻ സാധിക്കുമെന്നുള്ള വിശ്വാസത്തിന്മേലാണ് റൈറ്റ് ടു സർവ്വീസസ് ആക്ട് കേരളത്തിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം 100 ദിവസത്തെ പരിപാടിക്കുള്ളിലാണ് ഈ തീരുമാനമെടുത്തത്. അതിൽ അൽപ്പംപോലും കാലതാമസം വന്നിട്ടില്ല. റൈറ്റ് ടു സർവ്വീസസ് ആക്ടിനെക്കുറിച്ച് ഗവൺമെന്റ് ജീവനക്കാരുമായും വിവിധ സംഘടനകളുമായും ഫോറങ്ങളിലും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽ ഈ നിയമം അവതരിപ്പിക്കുന്നത് ഇപ്പോഴാണെങ്കിലും ഇതുമായി ബന്ധപ്പെട്ട് കുറേ ചർച്ചകൾ നടത്തുകയും നിശ്ചിത സമയപരിധിക്കുള്ളിൽ പരമാവധി വേഗത്തിൽ അത് ചെയ്തിട്ടുമുണ്ട്. ഓർഡിനൻസായി കൊണ്ടുവരണ്ടായെന്ന് തീരുമാനിച്ചതാണ്. ഈ നിയമം പാസായിക്കഴിഞ്ഞാൽ നിർബന്ധമായും ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട്, അടിച്ചേൽപ്പിക്കലോ ശിക്ഷയുടെ വടി കാണിച്ചുകൊണ്ട് അവരെ വരുതിയിൽ കൊണ്ടുവരികയെന്നുള്ളതല്ല ഉദ്ദേശിക്കുന്നത്. ഇത് നമ്മുടെകൂടി ഉത്തരവാദിത്വവും ബാധ്യതയുമാണെന്നും അത് നിറവേറ്റാൻ മുന്നോട്ടുവരണമെന്നുമുള്ള പൊതുവായ ധാരണയോടുകൂടിത്തന്നെ മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ആരെയൊക്കെ ഈ നിയമത്തിന്റെ പരി

ധിയിൽ കൊണ്ടുവരണമെന്നും എന്തൊക്കെ വേണമെന്നതിനെക്കുറിച്ചും ഇവിടെ പറയുണ്ടായി. ഇത് ആദ്യത്തെ സ്റ്റേജാണ്. അടുത്ത സ്റ്റേജിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഈ നിയമത്തിന്റെ പരിധിയിൽ മുഖ്യമന്ത്രി വരണമെന്നാണ് എന്റെ അഭിപ്രായം. അത് നമുക്കാലോചിക്കാം, പക്ഷേ ആദ്യത്തെ സ്റ്റേജിൽ നടപ്പിലാക്കി ഇതിന്റെ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് ഏതൊക്കെ രീതിയിലേയ്ക്ക് കൊണ്ടുപോകണം........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങ് പറഞ്ഞത്. പക്ഷേ, ഈ ബില്ലിലെ മൂന്നാം വകുപ്പ് നോക്കുമ്പോൾ, ഈ ആക്ടിൽ പ്രാരംഭം മുതൽ ആറുമാസത്തിനകം ഓരോ സർക്കാർ വകുപ്പും എന്നാണ് പറയുന്നത്. ഗവൺമെന്റ് സെക്രട്ടേറിയറ്റിനെ ഇതിൽ നിന്ന് ഒഴിവാക്കി നിർത്തിയിരിക്കുകയാണ്. ഈ വകുപ്പുപ്രകാരം ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ സേവനം ലഭ്യമല്ല. മുഖ്യമന്ത്രിയെ ഇതിൽ ഉൾപ്പെടുത്തണമെന്ന് പറയുമ്പോൾ ഗവൺമെന്റ് സെക്രട്ടേറിയറ്റിനെ ഇതിൽ നിന്ന് ഒഴിവാക്കി നിർത്തിക്കൊണ്ട് എങ്ങനെ അത് സാധ്യമാകും: അത് എന്തുകൊണ്ട് ഉൾപ്പെടുത്തിയില്ല?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. സെക്രട്ടേറിയറ്റിൽ വരുത്താൻ പറ്റുന്ന സേവനങ്ങൾ നിയമത്തിൽ ഉൾപ്പെടുത്തും. പക്ഷേ അവിടെ വന്നിട്ടുള്ള പെറ്റീഷന്റെ അടിസ്ഥാനത്തിൽ പത്ത് ദിവസത്തിനകം തീരുമാനമെടുക്കണമെന്ന് പറഞ്ഞാൽ അത് പ്രായോഗികമാകുമോ? ധാരാളം ഫയലുകൾ ഇവിടെ കെട്ടിക്കിടക്കുകയാണെന്ന് പറഞ്ഞു. അതേസമയം സമയബന്ധിതമായി ജനങ്ങൾക്ക് നൽകേണ്ട സേവനങ്ങളുടെ കാര്യത്തിൽ നിശ്ചയമായും സെക്രട്ടേറിയറ്റിൽ നിന്നുള്ള സേവനങ്ങൾ ഏതൊക്കെ ഉൾപ്പെടുത്താൻ പറ്റുമെന്ന് പരിശോധിക്കും. പക്ഷേ, സെക്രട്ടേറിയറ്റിനെ മൊത്തമായി ഉൾപ്പെടുത്തി അവിടെ കിട്ടുന്ന പരാതിയുടെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ ഒരാഴ്ചയ്ക്കുള്ളിൽ എടുക്കണമെന്ന് പറയുന്നത് ഒരു സേവനമായിട്ടല്ല കാണുന്നത്. അത് ഒരു ഉത്തര

വാദിത്തമെന്ന നിലയിൽ നിറവേറ്റണം. അതിന് സമയമെടുക്കും. അതുകൊണ്ട് മാത്രമാണ്. സെക്രട്ടേറിയറ്റിൽ നിന്ന് ജനങ്ങൾ ആഗ്രഹിക്കുന്ന, ജനങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ കിട്ടുന്ന കാര്യം നിശ്ചയമായും ഇതിന്റെ പരിധിയിൽപ്പെടുത്തും. ഉദാഹരണമായി, സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റേഷൻ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്. അത് എത്രയുംവേഗം കിട്ടണം. അതുപോലെ വിവിധ വകുപ്പുകളിൽ വരുന്ന സ്റ്റാറ്റ്യൂട്ടറി അപ്പീൽ അനന്തമായി നീണ്ടുപോകുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അതുപോലെയുള്ള കാര്യങ്ങളൊക്കെ ഇതിന്റെ പരിധിയിൽപ്പെടുത്താൻ സാധിക്കും. പക്ഷെ പരാതികൾ കിട്ടുന്നതൊക്കെ ഇത്രദിവസത്തിനകം തീർക്കണമെന്നു പറയാൻ സാധിക്കുകയില്ല. എന്തെങ്കിലും ഒഴിവുകഴിവ് പറഞ്ഞ് ഉദ്യോഗസ്ഥർ ഒഴിഞ്ഞുമാറില്ലേ എന്ന് ശ്രീ. എ. എം. ആരിഫ് ഇവിടെ ചോദിക്കുകയുണ്ടായി. ഏതെങ്കിലും കാരണം പറഞ്ഞ് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറുക എന്നതല്ല നമ്മൾ ആഗ്രഹിക്കുന്നത്. നമ്മൾ ഉത്തരവാദിത്തങ്ങൾ സ്വയം ഉൾക്കൊണ്ടുകൊണ്ട് അത് നിറവേറ്റുന്ന ഒരു ശൈലിയിലേയ്ക്ക് പോകണം. അതാണ് നമുക്കാവശ്യം. ഒഴിവുകഴിവ് പറയാൻ എത്രയോ കാരണങ്ങളുണ്ട്. ഉദ്യോഗസ്ഥരെ പഴി പറയാം. ഞാൻ മുഖ്യമന്ത്രിയായി ഒരു വർഷത്തിലേറെ കാലമായിട്ടും ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന്റെ പേരിൽ പഴി ചാരി ഞാൻ ഒഴിഞ്ഞുമാറിയോ? ഞാൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഇവിടെ നടക്കുന്ന കാര്യങ്ങളുടെ ഉത്തരവാദി ഞാനാണ്. മറ്റാരുടേയെങ്കിലും പേരിൽ പഴി ചാരി മാറി നിൽക്കാൻ സാധിക്കുകയില്ല. ഒഴിവുകഴിവുകൾ പറഞ്ഞ് മാറുന്നൊരു ശൈലി മാറ്റി, ഉത്തരവാദിത്വങ്ങൾ നിറവേറ്റണം. അങ്ങനെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ എവിടെയാണ് കുറവ്, ഉദ്യോഗസ്ഥർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടത് എന്ന് പരിശോധിച്ച് അത് ചെയ്തുകൊടുക്കാൻ ഈ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അത് ചെയ്തേ മതിയാവൂ. അതുകൊണ്ട് അരെങ്കിലും എന്തെങ്കിലും കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുന്ന ഒരു സ്ഥിതിയുണ്ടാവില്ലേയെന്ന് ചോദിച്ചാൽ ഉണ്ടാകാൻ പാടില്ല. അതാണ് ജന

ങ്ങളുടെ ആഗ്രഹം. നമുക്ക് റിസൾട്ട് വേണം. ആരെയെങ്കിലും പഴിചാരി മാറാൻ എളുപ്പമാണ്. പക്ഷേ അങ്ങനെയല്ല, ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയാണ് വേണ്ടത്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഈ നിയമം പാസ്സാകുമ്പോൾ, ഇത് ജനങ്ങളുടെ ഒരു മാഗ്നാകാർട്ടയായി മാറണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഈ നിയമം നടപ്പിലാക്കി, അതിലെ ഗുണവും ദോഷവും തിരിച്ചറിഞ്ഞ്, കുറവുകൾ നികത്തി മുമ്പോട്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അങ്ങനെ വരുമ്പോൾ എവിടെയൊക്കെയാണ് ഇനിയും ഈ നിയമത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടത്, ഏതൊക്കെ ഓഫീസുകളാണ് ഇതിന്റെ പരിധിയിൽ വരേണ്ടത്, ഏതൊക്കെ ഉയർന്ന തലത്തിലുള്ളവരാണ് വരേണ്ടത് എന്നിങ്ങനെ സാധ്യമായ രീതിയിൽ ജനങ്ങളുടെ സേവനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോയി ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി നമുക്ക് കൂട്ടായി ശ്രമിക്കാം. അതിന് എല്ലാ ഭാഗത്തുനിന്നുമുണ്ടായ പൂർണ്ണമായ സഹകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. റ്റി.എ. അഹ്മദ് കബീർ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി.എ. അഹ്മദ് കബീർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 2(ബി) നമ്പർ ഭേദഗതി ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...................

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ

1. ശ്രീ. കെ. അജിത്
2. ശ്രീ. എ. എം. ആരിഫ്
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. എം. ചന്ദ്രൻ

8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. വി. ചെന്താമരാക്ഷൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. എം. ഹംസ
15. ശ്രീ. ജെയിംസ് മാത്യു
16. ശ്രീ. ഇ. പി. ജയരാജൻ
17. ശ്രീ. ജോസ് തെറ്റയിൽ
18. ശ്രീ. എളമരം കരീം
19. ശ്രീ. സി. കൃഷ്ണൻ
20. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
21. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
22. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
23. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീമതി കെ. കെ. ലതിക
26. ശ്രീ. മാത്യു റ്റി. തോമസ്
27. ശ്രീ. സി. കെ. നാണു
28. ശ്രീ. കെ. കെ. നാരായണൻ
29. ശ്രീ. എ. പ്രദീപ്കുമാർ
30. ശ്രീ. പുരുഷൻ കടലുണ്ടി
31. ശ്രീ. കെ. രാധാകൃഷ്ണൻ
32. ശ്രീ. പി. റ്റി. എ. റഹീം
33. ശ്രീ. കെ. രാജു
34. പ്രൊഫ. സി. രവീന്ദ്രനാഥ്
35. ശ്രീ. സാജു പോൾ
36. ശ്രീമതി കെ. എസ്. സലീഖ
37. ശ്രീ. വി. ശശി
38. ശ്രീ. എ. കെ. ശശീന്ദ്രൻ
39. ശ്രീ. ബി. സത്യൻ
40. ശ്രീ. വി. ശിവൻകുട്ടി
41. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
42. ശ്രീ. വി. എസ്. സുനിൽകുമാർ
43. ശ്രീ. കെ. സുരേഷ് കുറുപ്പ്
44. ശ്രീ. പി. തിലോത്തമൻ
45. ശ്രീ. ഇ. കെ. വിജയൻ
46. ശ്രീ. കെ. വി. വിജയദാസ്

പ്രതികൂലിക്കുന്നവർ

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
5. ശ്രീ. ടി. എ. അഹ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽകുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. കെ. ബാബു
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. ബെന്നി ബെഹനാൻ
15. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ഹൈബി ഈഡൻ
19. ശ്രീമതി പി. കെ. ജയലക്ഷ്മി
20. ഡോ. എൻ. ജയരാജ്
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. ജോസഫ് വാഴക്കൻ
23. ശ്രീ. വർക്കല കഹാർ
24. ശ്രീ. കെ. എൻ. എ. ഖാദർ
25. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
26. ശ്രീ. റ്റി. യു. കുരുവിള
27. ശ്രീ. ലൂഡി ലൂയിസ്
28. ശ്രീ. പി. എ. മാധവൻ
29. ശ്രീ. സി. മമ്മൂട്ടി
30. ശ്രീ. കെ. പി. മോഹനൻ
31. ശ്രീ. സി. മോയിൻകുട്ടി
32. ശ്രീ. സി. പി. മുഹമ്മദ്
33. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
34. ശ്രീ. കെ. മുരളീധരൻ
35. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

36. ശ്രീ. ഉമ്മൻ ചാണ്ടി
37. ശ്രീ. അടൂർ പ്രകാശ്
38. ശ്രീ. റ്റി. എൻ. പ്രതാപൻ
39. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
40. ശ്രീ. പാലോട് രവി
41. ശ്രീ. റോഷി അഗസ്റ്റിൻ
42. ശ്രീ. വി. പി. സജീന്ദ്രൻ
43. ശ്രീ. വി. ഡി സതീശൻ
44. ശ്രീ. ഷാഫി പറമ്പിൽ
45. ശ്രീ. കെ. എം. ഷാജി
46. ശ്രീ. എൻ. ഷംസുദ്ദീൻ
47. ശ്രീ. ആർ. സെൽവരാജ്
48. ശ്രീ. കെ. ശിവദാസൻ നായർ
49. ശ്രീ. വി. എസ്. ശിവകുമാർ
50. ശ്രീ. സണ്ണി ജോസഫ്
51. ശ്രീ. സി. എഫ്. തോമസ്
52. ശ്രീ. തോമസ് ഉണ്ണിയാടൻ
53. ശ്രീ. പി. ഉബൈദുള്ള
54. ശ്രീ. എം. ഉമ്മർ
55. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
56. ശ്രീ. എം. എ. വാഹീദ്
57. ശ്രീ. എം. പി. വിൻസെന്റ്
58. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 46

പ്രതികൂലിക്കുന്നവർ - 58

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി 46-നെതിരെ 58 വോട്ടുകളോടെ സഭ നിരാകരിച്ചു

2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

* * * * * * * * * * * * * * *